
WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

പുസ്തകം ഫ | തിരുവനന്തപുരം | ലക്കം വ



1937 നവംബർ 22, 1113 വൃശ്ചികം 7, തിങ്കൾ

കാൺഗ്രസ്സ്

ബ്രിട്ടീഷ് ഇൻഡ്യയിൽ കാൺഗ്രസ്സിനു പ്രാബല്യം വന്നതോടുകൂടി തിരുവിതാംകൂറിലും കാൺഗ്രസ്സ് പ്രവർത്തനം ആരംഭിക്കുവാൻ ചിലർ ഉത്സാഹിച്ചുവരുന്നതായി കാണുന്നു. പ്രവർത്തകന്മാരുടെ ഉദ്ദേശശുദ്ധിയും ഉത്സാഹവും അനുസരിച്ചു മാത്രമേ ഏതു പ്രസ്ഥാനത്തിനും വിജയസിദ്ധി ഉണ്ടാവുകയുള്ളല്ലൊ. തിരുവിതാംകൂറിൽ ഇതിനുമുമ്പും കാൺഗ്രസ്സ് പ്രസ്ഥാനം ചിലർ ആരംഭിച്ചു എങ്കിലും എന്തു കാരണത്താലൊ ആ പ്രസ്ഥാനം നിന്നുപോയി. ഇപ്പോൾ വീണ്ടും ആരംഭിച്ചിരിക്കുന്ന പ്രവർത്തകന്മാരിൽ പ്രമാണികളുടെ ഉദ്ദേശശുദ്ധിയേയും സ്ഥിരോത്സാഹശീലത്തെയും കുറിച്ച് അവരെ അറിയുന്നവരിലാർക്കും വലിയ സംശയം ഉണ്ടാകുമെന്നു തോന്നുന്നില്ല. പല പ്രസ്ഥാനങ്ങളിലും വിജയസിദ്ധിവരെ നേതൃത്വം വഹിച്ചു പൊതുജനങ്ങളുടെ വിശ്വാസബഹുമാനങ്ങൾ സമാർജ്ജിച്ചിട്ടുള്ള മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയാണ് കാൺഗ്രസ്സിന്റെ നേതൃത്വം വഹിക്കുന്നതെന്നു കാണുന്നതുകൊണ്ടുതന്നെ രാജ്യക്ഷേമകാംക്ഷികളായ വളരെപ്പേർ അതിൽ വിശ്വാസപൂർവ്വം അംഗങ്ങളായിതീരുമെന്നും, ഈ പ്രസ്ഥാനം വളരെ ശക്തിപ്പെടുമെന്നും ഉള്ളതിലേക്കു യാതൊരു സംശയവുമില്ല.

ബ്രി: ഇൻഡ്യയിൽ കാൺഗ്രസ്സിന്റെ മുഖ്യമായ ഉദ്ദേശം ഭരണാധികാരികളായ ബ്രിട്ടീഷുകാരിൽനിന്നു ഭരണം കാൺഗ്രസ്സിനു കരസ്ഥമാക്കണം എന്നാണ്. ഏറക്കുറെ അവരുടെ ഉദ്ദേശം സാധിച്ചുവരുന്നുണ്ടെന്നും കാണുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ പതിനൊന്നു പ്രാവിൻസുകളിൽ ഏഴുപ്രാവിൻസുകളും ഇപ്പോൾ കാൺഗ്രസ്സിന്റെ ഭരണത്തിലായിട്ടുണ്ട്. പരിപൂർണ്ണമായ ഭരണാധികാരം കാൺഗ്രസ്സിനു കിട്ടിയിട്ടില്ലെങ്കിലും അതിനുള്ള യത്നമാണ് അവർ തുടർന്നു നടത്തിവരുന്നത്. തിരുവിതാംകൂർ കാൺഗ്രസ്സിന്റെ ഉദ്ദേശം തിരുവിതാംകൂറിനെ ഇപ്പോൾ ഭരിച്ചുവരുന്ന രാജസ്ഥാനത്തെ ബഹിഷ്കരിച്ചു ഭരണാധികാരം കാൺഗ്രസ്സിനു കരസ്ഥമാക്കി തീർക്കണമെന്നല്ല, രാജ്യഭരണത്തിനായി ഇവിടെ ഏർപ്പെടുത്തിയിട്ടുള്ള ചട്ടവട്ടങ്ങൾ ഒരു പരിഷ്കൃതഗവർമ്മെന്റിനു പര്യാപ്തമായിട്ടുള്ളവതന്നെ എങ്കിലും ആ ചട്ടപ്രകാരം ഭരണംനടത്തുന്നതിനു മഹാരാജാവിനാൽ നിയുക്തരായ കമ്മസഹിവന്മാർക്കു നിയമസഭയോടു യാതൊരു പ്രകാരത്തിലുള്ള ഉത്തരവാദിത്വവും ഇല്ലാത്തതുമൂലമുള്ള ദുഷ്യങ്ങളെ പരിഹരിക്കുന്നതിനു കമ്മസഹിവന്മാരെ, കല്പനപ്രകാരം സ്ഥാപിച്ചിരിക്കുന്ന നിയമസഭയോടു ഉത്തരവാദിത്വമുള്ളവരാക്കി തീർക്കണമെന്നു മാത്രമാണ്. പരിഷ്കൃതമെന്നു പറയപ്പെടാവുന്ന ഏതു രാജ്യത്തിലെയും ജനസമുദായങ്ങൾക്കു ഉണ്ടാകുന്ന ഈ ഉദ്ദേശം ഇൻഡ്യയുടെ ഏതുഭാഗത്തുള്ള ജനങ്ങളെക്കാളും കൂടുതൽ വിദ്യാഭ്യാസവും രാഷ്ട്രീയപ്രബുദ്ധതയുമുള്ള തിരുവിതാംകൂർകാർക്കു ഉണ്ടായെങ്കിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. ജനങ്ങളുടെ ഈഅഭിലാഷം ഗവർമ്മെന്റിനെതന്നെ പ്രജാസഭമുഖേനയും നിയമസഭമുഖേനയും പ്രത്യക്ഷമായും പത്രപംക്തികളും പ്രസംഗമണ്ഡപങ്ങളും മുഖേന പരോക്ഷമായും അറിയിച്ചുതുടങ്ങിയിട്ടും സംവത്സരങ്ങൾപലതുകഴിഞ്ഞിരിക്കുന്നു. ഉത്തരവാദഭരണലബ്ധിക്കുള്ള കാൺഗ്രസ്സിന്റെ ഈ ഉദ്ദേശത്തോടു നിരുത്തരവാദമായി ഭരണം നടത്തണമെന്നു അഭിലാഷമുള്ള ഉദ്യോഗസ്ഥമണ്ഡലത്തിനല്ലാതെ നീരസം തോന്നുവാൻ ഇടയില്ലാത്തതാണ്.

"രാജാവു തെറ്റുചെയ്കയില്ല" എന്നുള്ള ചൊല്ലു സാർത്ഥകമായി തീരുന്നതു, വല്ലതെറ്റും രാജ്യഭരണത്തിൽ നേരിടുമ്പോൾ അതിനുള്ള ഉത്തരവാദിത്വം ജനങ്ങളിൽ തന്നെ ആരോപിക്കുവാൻ മുതിരുന്ന ഭരണവ്യവസ്ഥ നടപ്പിലിരിക്കുമ്പോൾ മാത്രമാകുന്നു. എന്നാൽ പൂർണ്ണമായ ഉത്തരവാദിത്വഭരണം തിരുവിതാംകൂറിലോ, തിരുവിതാംകൂറിനെപോലുള്ള നാട്ടുരാജ്യങ്ങളിലോ സംസ്ഥാപിതമാകുന്നതിനു രണ്ടു വൈഷമ്യങ്ങൾ ഉണ്ടെന്നു ഞങ്ങൾക്കു തോന്നുന്നു. അതിൽ ഒന്നാമത്തേതും വളരെ സാരമായുള്ളതും ജനങ്ങൾ തമ്മിലുള്ള വർഗ്ഗീയമത്സരങ്ങളാണ്. മതത്തേയും ജാതിയേയും അടിസ്ഥാനപ്പെടുത്തിയുള്ള മത്സരങ്ങൾ ഇവിടെ ഇന്നും ഇന്നലെയും ഒന്നും ഉണ്ടായതല്ല. ഭിന്നവിശ്വാസങ്ങളും ഭിന്ന സംസ്കാരങ്ങളും വിദ്യാഭ്യാസാദികാര്യങ്ങളിൽ ഭിന്നാസ്ഥിതികളുമുള്ള വർഗ്ഗവ്യത്യാസമാണു ഈ മത്സരത്തിനു നിദാനമെന്നു ആരും സമ്മതിക്കുന്നതാണ്. പല ഹേതുക്കളാൽ പൗരാവകാശങ്ങളിൽ സമത്വമില്ലാതെ താണകിടക്കുന്ന വർഗ്ഗക്കാർ മറവുള്ളവരെപോലെ പൌരാവകാശങ്ങൾ സമ്പാദിച്ചു ഉയർച്ചയ്ക്കു ഉത്സാഹിക്കുമ്പോൾ ഉയർന്നവർഗ്ഗക്കാർ ചിരകാലമായി അനുഭവിച്ചുവന്ന സ്ഥാപിത താല്പര്യങ്ങളിൽ പലതിനും ശൈഥില്യം ഭവിക്കുമെന്നുള്ളതു നിശ്ചയമാകുന്നു. എല്ലാസമുദായക്കാർക്കും ഔന്നത്യപ്രാപ്തിക്കുള്ള സൌകര്യങ്ങൾ ഒരുപോലെ അനുവദിച്ചു എല്ലാവരും അവരവർക്കു സ്വാഭാവികമായുള്ള കഴിവുകളെ നിർബാധമായി അഭിവൃദ്ധിയാക്കുന്നതിനുള്ള സൌകര്യം അനുവദിക്കുകയാണു രാഷ്ട്രത്തിനു പൊതുവേ ശ്രേയസ്കരമെന്നുള്ള തത്വം രാഷ്ട്രീയബോധമുള്ളവർ സമ്മതിക്കുമെങ്കിലും അതിനുള്ള കമ്മപദ്ധതിയിൽ ഇറങ്ങുമ്പോൾ ചിലരുടെ സ്ഥാപിതതാല്പര്യങ്ങൾക്കു ശിഥിലതവരുമെന്നു കണ്ടു അവരിൽ സ്വാർത്ഥപരന്മാരായുള്ളവർ കാണിക്കുന്ന വെകിളിയാണു വർഗ്ഗീയമത്സരങ്ങൾക്കു എരിവുണ്ടാക്കിതീർക്കുന്നതു്. ഈയിടെ കഴിഞ്ഞ നിവർത്തനപ്രക്ഷോഭണത്തിലും അതിനോടുള്ള എതിരിലും ഈ മത്സരബുദ്ധി നല്ലവണ്ണം പ്രകാശിച്ചിരുന്നതു് ഗവർമ്മെന്റിൽ നിന്നു അതിനൊരു ഉപശാന്തി ഉണ്ടാക്കിയശേഷവും ശമനമുണ്ടാകുവാൻ സമ്മതിക്കാതെ ചിലരിപ്പോഴും അതിലെ വഷളത്വങ്ങൾ പ്രകാശിപ്പിച്ചുകൊണ്ടു ഇരിക്കയാണല്ലൊ ചെയ്യുന്നതു്. തിരുവിതാംകൂറിൽ ആരംഭിച്ചിരിക്കുന്ന കാൺഗ്രസ്സു പ്രസ്ഥാനത്തിന്റെ പ്രൊവിഷനലായുള്ള കായ്പരിപാടി ഈ വഷളത്വത്തിനു ഉപശാന്തിയുണ്ടാകുവാൻ ഉപയുക്തമാണെന്നു കാണുന്നുണ്ടെങ്കിലും എവിടെയും 'ദൃഷ്ടി ദൃഷ്ടിൽതന്നെ ചെല്ലുമെന്നുള്ളവർ ഈ പ്രസ്ഥാനത്തോടും വളരെ വേഗത്തിൽ തന്നെ തങ്ങളുടെ വികാരം വെളിപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. വിവേകമുള്ള ജനങ്ങൾ അങ്ങനെയുള്ളവരുടെ വലയിൽ അകപ്പെടുകയില്ലെന്നു നമുക്കു വിശ്വസിക്കാം. നിരുത്തരവാദമായ ഭരണം സ്വാർത്ഥലാഭത്തിനു ചിലക്കു ഉപയുക്തമായി തീരാവുണ്ട്. അങ്ങനെയുള്ള സ്വാർത്ഥബുദ്ധികളല്ലാതെ കാൺഗ്രസ്സു പ്രസ്ഥാനത്തോടു എതിരായി നില്പുണ്ടെന്നു തോന്നുന്നില്ല. ഉത്തരവാദിത്വഭരണം ഒഴിച്ചുള്ള കാൺഗ്രസ്സിന്റെ സൃഷ്ടിപരമായ കമ്മപരിപാടികളിൽ ഒന്നൊഴിച്ചു ശേഷമുള്ളയാതൊന്നിനോടും പ്രായേണ ഗവർമ്മെന്റിനു തന്നെ നീരസം തോന്നുവാൻ ഇടയില്ലാത്തതാണ്. സ

സമ്പൂർണ്ണമായ മദ്യവർജ്ജനം ഇപ്പോൾതന്നെയും സാദ്ധ്യമല്ലെങ്കിലും ഇപ്പോൾതന്നെ ഗവർമ്മെൻറിനു കൂടുതൽ വൈഷമ്യമുള്ള ഗവർമ്മെൻറിനു കൂടുതൽ വൈഷമ്യത്തിനു ഇടയാക്കിത്തീർക്കുന്നതാകയാൽ നേരിട്ടല്ലെങ്കിലും എക്സൈസ്സ്ഡിപ്പാർട്ടുമെൻറു മുഖേന പല വൈഷമ്യങ്ങളും കാൺഗ്രസ്സിനുണ്ടാക്കിത്തീർക്കുവാൻ ഇടവരുമെന്നുള്ളതു നിർവിവാദമാകുന്നു. ജനസമുദായത്തിൽ ഒരു നല്ല ഭാഗം മദ്യവ്യവസായ വ്യാപാരങ്ങൾകൊണ്ടു് കാലക്ഷേപം ചെയ്യുന്നവരും അതിലുമുപരിയോ അധികമാളുകളും മദ്യപാനാസക്തന്മാരുമാണു്. മദ്യപന്മാരുടെകൂട്ടത്തിൽ വലിയ പ്രമാണികളും നാട്ടിൻെറ നാനാഭാഗങ്ങളിലും ഉണ്ടു്. ഇതിനുമുമ്പു മദ്യവർജ്ജനപ്രക്ഷോഭണം ഇവിടെ നടന്നിരുന്ന സന്ദർഭങ്ങളിൽ അവരുണ്ടാക്കിയ അനർത്ഥങ്ങൾ എത്രമാത്രമായിരുന്നെന്നുള്ളതിനു കണക്കൊന്നുമില്ല. അന്നത്തെ പ്രസ്ഥാനത്തിൽ വളരെ വിനോദകരമായി കണ്ടിരുന്നതു നല്ല മദ്യപന്മാർതന്നെ മദ്യവർജ്ജനം പ്രസംഗിച്ചുനടന്നിരുന്ന എന്നുള്ളതാണു്. ഇങ്ങനെയുള്ള നാനാവിധങ്ങൾകൊണ്ടു കാൺഗ്രസ്സിൻെറ സൃഷ്ടിപരമായ മറ്റു കാര്യപരിപാടികൾക്കും ഉപദ്രവം ഉണ്ടാകാതിരിക്കുന്നതിനു ബ്രി. ഇൻഡ്യയിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ള മദ്യവർജ്ജനപ്രസ്ഥാനം പൂർണ്ണമായി നടപ്പിൽ വരികയും ഗവർമ്മെൻറിൻെറ കോശസ്ഥിതി നന്നായി കാണുകയും ചെയ്തശേഷംമാത്രം ഈ പ്രസ്ഥാനത്തിനു കാൺഗ്രസു ഊർജ്ജിതംവരുത്തുവാൻ ശ്രമിക്കുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. കാൺഗ്രസ്സിൻെറ മറ്റു കർമ്മപരിപാടികളിൽ ചിലക്കാക്ഷേപംതോന്നാവുന്നതു വർഗ്ഗീയസഭകൾ രാഷ്ട്രീയകാര്യങ്ങളിൽ തീരെ പ്രവേശിച്ചുകൂടാ എന്നുള്ള വ്യവസ്ഥയാകുന്നു. തിരുവിതാംകൂറിലിപ്പോൾ നല്ല സംഘടനയോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സവീസുസൊസൈററി, എസ്. എൻ. ഡി. പി. യോഗം, കത്തോലിക്കാകാൺഗ്രസ്, ക്രൈസ്തവ സേവാസമിതി മുതലായി പല വർഗ്ഗീയസഭകളും ഉണ്ടു്. സാമാന്യം സംഘടനയോടുകൂടിയ ലാററിൻകത്തോലിക്കമഹാജനസഭയും, മുസ്ലിം ലീഗും, സാധുജനപരിപാലനസഭയും, വിശ്വബ്രാഹ്മണസഭയും, മറ്റുപല വർഗ്ഗീയസഭകളും ഉണ്ടു്. ഓരോവർഗ്ഗക്കാരും അവരുടെ വർഗ്ഗീയസഭകളും തങ്ങളുടെ രാഷ്ട്രീയാവകാശങ്ങൾക്കു ഏററക്കുറച്ചിൽ വരാതെ ശ്രദ്ധിച്ചുകൊണ്ടും പ്രവർത്തിച്ചുകൊണ്ടും ഇരിക്കുന്നുണ്ടു്. കാൺഗ്രസ്സിൻെറ പ്രവർത്തനങ്ങളും എല്ലാവർഗ്ഗക്കാരുടെയും ന്യായമായ പൌരാവകാശങ്ങളിൽ നിഷ്പക്ഷബുദ്ധ്യാ ഉഷ്ടിവയ്ക്കുന്നുണ്ടെന്നു വർഗ്ഗീയസഭകൾക്കു വിശ്വാസംവരുമ്പോൾ അവയും രാഷ്ട്രീയപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട ആവശ്യം സ്വയമേവ ഇല്ലാതായികൊള്ളുന്നതാകയാൽ ഇങ്ങനെയൊരു ശാസനം കാൺഗ്രസ്സിൽനിന്നു തൽക്കാലം പുറപ്പെടുവിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. വർഗ്ഗീയസഭകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ ഈ ശാസനംകൊണ്ടു കാൺഗ്രസ്സിൽ ചേരാൻ സംശയിച്ചു എന്നും വരാവുന്നതാണു്. അതിനാൽ ഈ നിർബന്ധം കാൺഗ്രസു തൽക്കാലം വിട്ടുകളയുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. വർഗ്ഗീയസഭകളോടനഭിമുഖത ഈയിടെയാണല്ലോ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് തന്നെ പ്രത്യക്ഷമാക്കിത്തുടങ്ങിയതു്.

പൂർണ്ണമായി ഉത്തരവാദിത്വം നിയമസഭയോടുണ്ടാകുന്നതിനു തിരുവിതാംകൂർ ഗവർമ്മെൻറിനുണ്ടാകാവുന്ന മറെറാരു പ്രതിബന്ധം നിയമസഭയോടു ഉത്തരവാദം ഉണ്ടായിരിക്കുന്ന സമയത്തുതന്നെ മേൽക്കോയ്മയോടും ഉത്തരവാദിത്വം ഉണ്ടായിരിക്കണം എന്നുള്ളതാകുന്നു. എന്നാൽ ഫെഡറേഷൻ നടപ്പാകുന്നതോടുകൂടി മേൽക്കോയ്മയോടു ഉത്തരവാദിത്വമുള്ള കാര്യങ്ങളെല്ലാം ഫെഡറൽ ഗവർമ്മെൻറിനു വിട്ടുകൊടുക്കുന്നതാകയാൽ ശേഷമുള്ള കാര്യങ്ങളിൽ മാത്രം നിയമസഭയോടു ഉത്തരവാദിത്വം ഉണ്ടായാൽ മതിയാവുന്നതാണു്. ഫെഡറൽഗവർമ്മെൻറിൽ തിരുവിതാംകൂറിനും പ്രാതിനിധ്യമുള്ളതുകൊണ്ടു ഫെഡറൽ ഗവർമ്മെൻറു നമ്മുടേയുംകൂടെ കോയ്മയാകയാൽ ആ ഗവർമ്മെൻറിനെ മേൽകോയ്മയെന്നു ഗണിച്ചിട്ടാവശ്യമില്ലാതെയും തീരുന്നു. അതിനാൽ ഉത്തരവാദിത്വഭരണം ഏർപ്പെടുത്തുന്നതുകൊണ്ടു ഭരണഗുണം വർദ്ധിച്ചു നാട്ടിൽ ക്ഷേമം പുലരുകയല്ലാതെ ഒരു പ്രകാരത്തിലും ഭരണഗുണവും നാട്ടിൻെറ ക്ഷേമവും ക്ഷയിക്കാൻ ഇടവരികയില്ലെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഗവർമ്മെൻറിനുംകൂടി ഈ തോന്നൽ ഉണ്ടാകുന്നതിനു വിവേകപൂർവ്വമായ പ്രക്ഷോഭണം കാൺഗ്രസ്സു നടത്തുകയും മത്സരരഹിതമായ യോജിപ്പു കാൺഗ്രസ്സുമുഖേന എല്ലാസമുദായക്കാരും പ്രത്യക്ഷപ്പെടുത്തുകയും വേണ്ടിയിരിക്കുന്നു. കാൺഗ്രസ്സ സ്ഥാപിതമാകുന്നതോടുകൂടി സംയുക്തകാൺഗ്രസ്സിനു പിന്നെ എന്തു കാര്യപരിപാടിയെന്നും പ്രസക്തിയെന്നും ഉള്ള ചോദ്യത്തിനു സംയുക്തകാൺഗ്രസ്സിൻെറ ലക്ഷ്യത്തിനു ഭംഗകരമാകാത്ത വിധം കാൺഗ്രസ്സു പ്രവർത്തിക്കുന്നതായാൽ വർഗ്ഗീയസഭകളെപോലെ അതിനും പിന്നെ പ്രവൃത്തിയില്ലാതെ വരുമെന്നതന്നെയാണു ഉത്തരം. കാൺഗ്രസ്സിൻെറ സൃഷ്ടിപരമായ മറ്റു പ്രവർത്തനങ്ങളിൽ ഒന്നിനോടും ഗവർമ്മെൻറിനാകട്ടെ, വർഗ്ഗീയസഭകൾക്കാകട്ടെ, വർഗ്ഗങ്ങൾക്കാകട്ടെ യാതൊരു വിപരീതബുദ്ധിയും തോന്നുവാൻ ഇടയില്ലെന്നാണു ഞങ്ങൾ വിശ്വസിക്കുന്നതു്.

പട്ടാളത്തെ സംബന്ധിച്ച കമ്മ്യൂണിക്ക്

ക്രിസ്ത്യാനികളും ഈഴവരും ചിരകാലമായി ചെയ്ത പ്രാർത്ഥനയുടെ ഫലമായി അവരെയും കൂടി പട്ടാളത്തിൽ ചേർക്കുവാൻ ഗവർമ്മെൻറു നിശ്ചയിച്ചു് റിക്രൂട്ടുമെൻറു തുടങ്ങിയതിൽ ഈ രണ്ടു സമുദായക്കാരിൽ നിന്നും തക്ക യോഗ്യതയുള്ള അപേക്ഷകന്മാർ ഉണ്ടാകുന്നില്ലെന്നുള്ള ആക്ഷേപം അടങ്ങിയ ഒരു കമ്മ്യൂണിക്കു ഗവർമ്മെൻറു പ്രസിദ്ധപ്പെടുത്തിയതു് അന്യത്ര ഉദ്ധരിച്ചിട്ടുണ്ടു്. യൂറോപ്പിൽ നടന്ന മഹായുദ്ധകാലത്തു ഈ രണ്ടു സമുദായങ്ങളിൽനിന്നും ധാരാളം റിക്രൂട്ടുകളെ കിട്ടിയ കഥയോർത്താൽ ഇപ്പോൾ അവരിൽനിന്നു ആളുകളെ കിട്ടാൻ വിഷമമായിരിക്കുന്നു എന്നു പറയുന്നതു നേരോ നുണയോ എന്നു ഞങ്ങൾക്കു സംശയമായിരിക്കുന്നു. യുദ്ധകാലത്തു റിക്രൂട്ടു നടത്തിയതു് ഒരു ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹത്തെ സഹായിച്ചവരുടെ കൂട്ടത്തിൽ ഒരീഴവനും ഉണ്ടായിരുന്നു. ആ റിക്രൂട്ടിംഗ് ഓഫിസർ ചെയ്ത വേലയ്ക്കു പ്രശംസയായി അദ്ദേഹത്തിനു "റാവുസാഹിബ്" സ്ഥാനവും അസിസ്റ്റൻറായിരുന്ന ഈഴവനു മെഡലും ലഭിക്കയുണ്ടായി. സാമ്പത്തികാധ്വപതനവും തൊഴിലില്ലായ്മയും വർദ്ധിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ യുദ്ധത്തിനു പോകേണ്ട ആവശ്യം തൽക്കാലം ഇല്ലാതിരുന്നിട്ടും, ഈ രണ്ടു സമുദായക്കാരിൽ നിന്നു റിക്രൂട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനു നിശ്ചയമായും റിക്രൂട്ടിംഗ് നടത്തിയവരുടെ ഭാഗത്തു എന്തോ കൃത്രിമം ഉണ്ടായിരിക്കും എന്നാണു സാധാരണ ഗതിയിൽ സംശയിക്കേണ്ടതു്. ഒരു പക്ഷേ വേണ്ടവിധത്തിൽ അവർ ശ്രമിച്ചില്ലെന്നും വരാവുന്നതാണു്. ഈ രണ്ടു സമുദായങ്ങളിലെയും നിയമസഭാമെമ്പർമാരോടു് ആലോചിച്ചാൽ ഈ ന്യൂനതയ്ക്കു ശരിയായ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ അവർക്കു കഴിയാതെ വരികയില്ല. സൈന്യ സേവനത്തിൻെറ പാരമ്പര്യം ഈ സമുദായക്കാർക്കില്ലാത്തതുകൊണ്ടാണു ഇങ്ങനെ സംഭവിച്ചതെന്നു 'ഭാരതപത്രിക' ചൂണ്ടിക്കാണിക്കുന്നു. സൈന്യസേവനത്തിൽ തൻെറ സമുദായത്തിനുള്ള പാരമ്പര്യത്തിൻെറ പൊണ്ണക്കാര്യം അതിൻെറ പത്രാധിപർ പറയുന്നതു സ്വവർഗ്ഗക്കാരനായ ഹനുമാൻ സമുദ്രം ലംഘിച്ച പാരമ്പര്യം കുരങ്ങു പറയുപോലെയാണു്. നാഷണൽ കാൺഗ്രസ്സുകാർ ഇൻഡ്യയുടെ സംരക്ഷണത്തിനു യുദ്ധപാരമ്പര്യം ഉള്ളവരെ മാത്രമേ നാഷണൽ സേനയിൽ ഉൾപ്പെടുത്തുകയുള്ളോ, അതല്ല പട്ടാളത്തിൽ ചേരുവാൻ തക്ക ആരോഗ്യശാലികളും ധീരന്മാരും ആയുള്ളവർ ഏതുസമുദായത്തിലുണ്ടായാലും പാരമ്പര്യത്തിൻെറ കാര്യം ഗണിക്കാതെഎല്ലാ വർഗ്ഗക്കാരെയും പട്ടാളത്തിൽ ചേർത്തു എല്ലാവർഗ്ഗക്കാർക്കും ആ പാരമ്പര്യം ഉണ്ടാക്കിതീർക്കുമോ എന്നുള്ള കാര്യവും ചിന്തനീയമാണു്. മാർത്താണ്ഡവർമ്മ മഹാരാജാവു യുദ്ധം ചെയ്യുന്നാട്ടുപിടിച്ച കാലത്തു സേനാനികളായിരുന്നവരുടെ ഒരു പട്ടിക ഈയിടെ മി: രാജരാജവർമ്മ എം. എ., ബി. എൽ. പ്രസാധനം ചെയ്തു പ്രസിദ്ധപ്പെടുത്തിയ 'ശ്രീമാർത്താണ്ഡ മാഹാത്മ്യത്തിൽ' കാണുന്നതിനെ അതിൽ കണ്ട മാതിരി താഴെ ഉദ്ധരിക്കുന്നു:—

"ലക്ഷ്മിപ്പിള്ളസ്വാമി, രാമയ്യൻ ദളവാ, ഡിലനായ, അഹിക്രോധി, മണക്കാട്ടച്ചട്ടമ്പിമാർ, ആശാന്മാർ, ചാന്നാന്മാരുടെ അധിപതിയായ നാഗരത്നം മുതലായ വീരന്മാർ അവരവർക്കു വശമുള്ള ആയുധങ്ങളും ധരിച്ചു് ഓരോ വാഹനങ്ങളിൽ കയറി ആ മഹാസൈന്യത്തിൻെറ മുന്നിൽ നിന്നാലങ്കരിച്ചു." പാരമ്പര്യമുള്ള സമുദായക്കാരുടെ പൂർവ്വന്മാരെയല്ല ഈ കൂട്ടത്തിൽ അധികം കാണുന്നതു്.

—o—

സെൻട്രൽ വെർണ്ണാക്യുലർ റെക്കാർഡ്സ്

—o—

സർക്കാർസംബന്ധമായി വിലയേറിയ പല റിക്കാർഡുകളും ചരിത്രസംബന്ധമായി, വിലയേറിയ അറിവുകളുടെ ആകരമായ രേഖകളും അടങ്ങിയ സെൻട്രൽ വെർണ്ണാക്യുലർ റിക്കാർഡ്സ് ഓഫീസിനു ഒരു വിദഗ്ദ്ധമായ സ്നാഥത്വം ഉണ്ടാക്കികാണുന്നു. ഇതുവരെ ഒരു അനാഥസ്ഥിതിയായിരുന്ന ഈ ആഫീസിനുണ്ടായിരുന്നതു്. ഇതിൻെറ ഓണററിഡയറക്ടറായി മാസമൊന്നിനു 150 രൂപാ ഓണറേറിയത്തോടുകൂടി മഹാകവി റാവുസാഹിബ് ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. എ. ബി. എൽ. എം. ആർ. എ. എസ്. അവർകളെ നിയമിച്ചിരിക്കുന്നു. മി. പരമേശ്വരയ്ക്കു ഈ ജോലിക്കുള്ള യോഗ്യതയെക്കുറിച്ചു ആർക്കും ഒരു സന്ദേഹവും ഉണ്ടാകുന്നതല്ല. ചില റിക്കാർഡുകളും മനഃപൂർവ്വം നശിപ്പിച്ചുകളയുന്നു എന്നു പതിവു ഇവിടെ ഉണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ടു്. അതെങ്കിലും അസുഖകരമായിരുന്നാൽ

പ്രതിവാര ചിന്തകൾ

ഫെഡറേഷൻ

ഫെഡറേഷൻ നടപ്പിൽവരുത്താൻ യാതൊരു കാരണവശാലും അനുവദിക്കരുതെന്നും, അതല്ല ഫെഡറൽ നിയമസഭയുടെ സകല സ്ഥാനങ്ങളും കരസ്ഥമാക്കി ഭരണഘടനയെ തകിടം മറിക്കുകയാണ് വേണ്ടതെന്നും കാൺഗ്രസ്സ് പ്രമാണികളുടെ ഇടയിൽതന്നെ അഭിപ്രായവ്യത്യാസമുണ്ട്. ഫെഡറേഷൻ പാടില്ലെന്നുള്ളതിനു കാൺഗ്രസ്സ്കാർ പറയുന്ന ഒരു പ്രധാന കാരണം ഉത്തരവാദിത്വമില്ലാത്ത നാട്ടരാജ്യങ്ങളോടുചേർന്നു ഫെഡറേഷൻ നടത്തിക്കൊണ്ടു പോകുന്നതു ബ്രിട്ടീഷിന്ത്യൻ താല്പര്യങ്ങൾക്കു ഹാനികരമെന്നാകുന്നു. ഈ കാരണത്താൽ നാട്ടരാജ്യങ്ങൾ ഫെഡറൽഘടനയിൽ ചേരരുതെന്നു കാൺഗ്രസ്സ് നാട്ടരാജാക്കന്മാരോടു അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായിട്ടോ എന്തോ നാട്ടരാജ്യങ്ങളെ ഫെഡറൽഘടനയിലേക്കു ആകർഷിക്കുവാൻ ബ്രിട്ടീഷ് ഗവൺമെൻറു ശ്രമിക്കുന്നുണ്ട്. ഈയിടെ പണ്ഡിത ജവഹർലാൽനെഹ്റു ചെയ്ത ഒരുപ്രസ്താവനയിൽ, ജോഡ്പൂർ, ജയപ്പൂർ എന്നീ നാട്ടരാജ്യങ്ങളെ സംയുക്തഭരണഘടനയിലേക്കു നയിക്കുവാൻ ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിലെ ആജ്മീർ മീർവാർ സംസ്ഥാനത്തിൽ ചേർന്നുകിടക്കുന്ന ഏതാനും ഭാഗങ്ങളെ, ഈ രണ്ടു രാജ്യക്കാർക്കും അവർ അവകാശവാദം പുറപ്പെടുവിച്ചതനുസരിച്ചു ഭാഗിച്ചുകൊടുക്കുവാൻ ഏതാണ്ടു തീരുമാനിച്ചിരിക്കുന്നു എന്നു പറഞ്ഞുകാണുന്നു. പണ്ഡിറ്റ്ജി ബ്രി. ഗവൺമെൻറിന്റെ ഈ പ്രവൃത്തിയെ കഠിനമായി ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ജോഡ്പൂർ ജയപ്പൂർ രാജ്യങ്ങളും തക്ക സമയംനോക്കി പുറപ്പെടുവിച്ചിരിക്കുന്ന ഈ അവകാശവാദം, മറ്റു ചില നാട്ടരാജ്യങ്ങളും പുറപ്പെടുവിക്കുമെന്നുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നു. മദ്രാസ് സംസ്ഥാനത്തിന്റെയും തിരുവിതാംകൂറിന്റെയും അംശമായി തീർന്നിട്ടുള്ള കൊച്ചിയിലെ സ്ഥലങ്ങളും തിരിച്ചുകിട്ടണമെന്നു അവകാശവാദം പുറപ്പെടുവിക്കുവാൻ കൊച്ചിഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ട് ഒരു പ്രക്ഷോഭണം കൊച്ചിയിൽ ആരംഭിച്ചിരിക്കുന്നു. തിരുവിതാംകൂറും അവകാശവാദം പുറപ്പെടുവിക്കാനുള്ള ഈ സന്ദർഭത്തെ പാഴാക്കിക്കളയുകയില്ലെന്നു വിശ്വസിക്കുന്നു.

* * *

പോലും യാതൊരു റിക്കാർഡും നശിപ്പിച്ചുകളയാതെ സൂക്ഷിക്കേണ്ടതാവശ്യമാണ്. ചിലരുടെ ദൃഷ്ടിയിൽ നിസ്സാരമെന്നും നിഷ്പ്രയോജനമെന്നും തോന്നുന്ന റിക്കാർഡു മറ്റു ചിലരുടെ ദൃഷ്ടിയിൽ സാരമെന്നും സപ്രയോജനമെന്നും തോന്നിയേക്കാം. ജോലിയുടെ സ്വഭാവത്തിനും ആളിന്റെ യോഗ്യതയ്ക്കും അനുസരിച്ചു കൊടുക്കേണ്ട ഓണറേറിയം അധികമാണെന്നുള്ള പരാതി ആരിൽനിന്നും ഉണ്ടാകയില്ലെന്നു ഞങ്ങൾ വിശ്വസിക്കയും ഇപ്പോഴെങ്കിലും ഈ ആഫീസിനെ സനാഥമാക്കിയ ഗവൺമെൻറിനെ അഭിനന്ദിക്കയും ചെയ്യുന്നു. ഈ ആഫീസിൽ കയറുമ്പോൾ കരിമ്പിൻതോട്ടത്തിൽകയറിയ കരീന്ദ്രന്റെ മനഃസ്ഥിതി കരീന്ദ്രനും ഉണ്ടാകാതിരിക്കയില്ല.

——

ബാട്ട്ലിവാലാ കേസ്

ബാംബെ സോഷ്യലിസ്റ്റുലീഡറായ മി.ബാട്ട്ലിബാലാ വെങ്കിട്ടഗിരിയിൽ വെച്ചു ചെയ്ത ഒരു പ്രസംഗം രാജദ്രോഹമെന്നു കണ്ടു മദ്രാസു ഗവൺമെൻറു അദ്ദേഹത്തിന്റെ പേരിൽ കേസു എടുത്തിരുന്നു. പ്രതിഭാഗം സാക്ഷികളായി പ്രധാനമന്ത്രി ശ്രീ. സീ. രാജഗോപാലാചാരിയേയും മറ്റും വിസ്തരിക്കണമെന്നുള്ള അപേക്ഷയെ കോടതി അനുവദിക്കയുണ്ടായില്ല. പല കാൺഗ്രസ്സു പ്രധാനന്മാരും സാക്ഷികളായിരുന്ന ഈ കേസു ലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ച ഒന്നാണ്. രാജദ്രോഹം പ്രസംഗിക്കുകയെന്നതു് വ്രതമായികൊണ്ടുനടന്ന കാൺഗ്രസ്സുകാരുടെ കയ്യിൽ ഭരണം കിട്ടിയതിനു ശേഷം ഒരു കാൺഗ്രസ്സുകാരന്റെ പേരിൽ കാൺഗ്രസ്സുഗവൺമെൻറു രാജദ്രോഹത്തിനു കേസ്സെടുത്തു എന്നുള്ളതായിരുന്നു അതിന്റെ പ്രത്യേകത. വിസ്താരത്തിനു ശേഷം പ്രതി കുറക്കാരനല്ലെന്നു അസ്സസ്സർമാർ നാലുപേരും ഏകകണ്ഠമായി അഭിപ്രായപ്പെട്ടുവെങ്കിലും, ജഡ്ജി, മി. ബാട്ട്ലിവാലായെ, ആറുമാസത്തെ വെറും തടവിനു ശിക്ഷിക്കുകയാണ് ചെയ്തതു്. ബാട്ട്ലിവാലാ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ നിന്നു അദ്ദേഹത്തിനു ജാമ്യം അനുവദിച്ചിരിക്കുന്നു. ഈ കേസ് സിവിൽ സ്വാതന്ത്ര്യത്തേയും രാഷ്ട്രീയ കാര്യങ്ങളേയും സംബന്ധിക്കുന്ന ചില മൗലികപ്രശ്നങ്ങളും പൊതുജനദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിപ്രധാനമായ ഒരു പൗരാവകാശമായ പ്രസംഗസ്വാതന്ത്ര്യത്തെ കാൺഗ്രസ്സു മന്ത്രിസഭ നിരോധിക്കുക എന്നുള്ളതു ചിന്തിക്കാൻ പോലും വിഷമമായിരിക്കെ ഈ പ്രാസിക്യൂഷനു ഗവൺമെൻറു മുതിർന്നതിനെ പറ്റി പ്രബലന്മാരായ കാൺഗ്രസ്സുകാരുടെ ഇടയിൽതന്നെ വലിയ ആക്ഷേപമുണ്ട്. ഇതിനെ പരാമർശിച്ചു കാൺഗ്രസ്സുപ്രസിഡൻറു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പ്രസംഗസ്വാതന്ത്ര്യം അനുവദിക്കേണ്ടതു ദേശീയ മന്ത്രിസഭയുടെ കർത്തവ്യമാണെന്നും രാജദ്രോഹികളടങ്ങിയ കാൺഗ്രസ്സു മന്ത്രിസഭ രാജദ്രോഹത്തിനു കേസ്സെടുത്തു് നീതികരിക്കത്തക്കതല്ലെന്നും പറഞ്ഞിരിക്കുന്നു. പബ്ലിക്ക് പ്രാസിക്യൂട്ടറുടെ പ്രസംഗത്തിനിടയിൽ, കാൺഗ്രസ്സു ഗവൺമെൻറല്ല യഥാർത്ഥ ഗവൺമെൻറെന്നും ബ്രിട്ടീഷു ഗവൺമെൻറാണ് യഥാർത്ഥ ഗവൺമെൻറെന്നും പ്രസ്താവിച്ചതിനെ പറ്റിയും വലിയ ആക്ഷേപമുണ്ട്. ഏതായാലും മി. ബാട്ട്ലിവാലായെ മോചിപ്പിക്കേണ്ടതാണെന്നുള്ള അപേക്ഷ നാനാഭാഗത്തുനിന്നും പുറപ്പെട്ട തുടങ്ങിയിരിക്കുന്നു. മി: സത്യമൂർത്തിയുടെ ഒരു സ്റ്റേറ്റുമെൻറിൽ, മദ്രാസുഗവൺമെൻറു മി. ബാട്ട്ലിവാലായെ നിരുപാധികമായി മോചിപ്പിക്കുമെന്നു അദ്ദേഹം പ്രത്യാശിക്കുന്നതായി പ്രസ്താവിച്ചുകാണുന്നു.

* * *

ഫിനാൻസുകമ്മിറ്റിയോഗം

ഫിനാൻസുകമ്മിറ്റിയുടെ ഒരു യോഗം തുലാം 30-ാംനു- ഹജൂരിൽ വെച്ചു ദിവാൻജിയുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. അന്നു ദ്യോഗസ്ഥാംഗങ്ങളും എല്ലാവരും യോഗത്തിൽ സംബന്ധിച്ചിരുന്നു. വാദപ്രതിവാദത്തിനുശേഷം, ദേവികുളംകമ്മിഷണക്കു, കോർട്ടേർസു പണിയുന്നതിനു്, വാടക കമ്മിഷണരുടെ കയ്യിൽനിന്നും ഈടാക്കണമെന്നുള്ള വ്യവസ്ഥയിൻമേൽ, 10000 രൂപയും, ആലപ്പുഴ ലഹള കേസുനടത്തിയതിനു മി. കെ. ജി. കുഞ്ഞുകൃഷ്ണപിള്ളക്കു പ്രതിഫലംകൊടുക്കാൻ 5180 രൂപയും ഗവൺമെൻറു പ്ലീഡർമാക്കു പ്രതിഫലം നൽകാൻ 11250 രൂപയും, ഊട്ടുകുർ ഏപ്പാടിനെപറ്റി അന്വേഷിക്കാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നതിനു 1891 രൂപയും ടെമ്പററിജഡ്ജിമാരുടെയും മുൻസിഫന്മാരുടേയും കോടതികൾ 113-ലും തുടൻകൊണ്ടുപോകുന്നതിനു 45000 രൂപയും ക്ഷയരോഗചികിത്സക്കായി മി. രാമൻപിള്ളയെ 6 മാസത്തേക്കു നിയമിക്കുന്നതിനു 900 രൂപയും ആലപ്പുഴ ടൌണിന്റെ കിഴക്കുഭാഗത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു 3927 രൂപയും ക്യൂറേറർ ആഫീസിലേക്കു 1100 രൂപയും കുമരകത്തു നെൽപ്പുരക്കുറ്റി പണിയുവാൻ 3500 രൂപയും ആലപ്പുഴ അർബർറോഡു പണി ആരംഭിക്കുന്നതിനു 5500 രൂപയും കമ്മിറ്റി അനുവദിച്ചുകൊടുത്തു. തിരുവിതാംകൂർ സ്കൗട്ട്സംഘത്തിനു 2500 രൂപാ ഗ്രാൻറനുവദിക്കണമെന്നുള്ള നിർദ്ദേശം മാറ്റിവെയ്ക്കണമെന്നും, സ്കൗട്ടിംഗു സംഘടിപ്പിക്കുന്നതിനു മദ്രാസിൽനിന്നും ഒരു വിദഗ്ദ്ധനെ വരുത്തേണ്ട ആവശ്യമില്ലെന്നും കമ്മിറ്റി തീർച്ചയാക്കി.

* * *

നഫീൽഡു പ്രഭുവിന്റെ ദാനം

നഫീൽഡുപ്രഭു ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയോടു ചേർത്തു ഒരു റിസർച്ചു ഇൻസ്റ്റിറ്റ്യൂട്ട സ്ഥാപിക്കുന്നതിനു 10 ലക്ഷം പവൻ ദാനം ചെയ്തിരിക്കുന്നു. ഇതേവരെ ഇദ്ദേഹം 80 ലക്ഷം പവൻവരെ പല ധർമ്മകൃത്യങ്ങൾക്കും ദാനം ചെയ്തിട്ടുണ്ടെന്നു കാണുന്നു. ഇങ്ങനെയുള്ള ധർമ്മിഷ്ഠന്മാരായ കോടീശ്വരന്മാർ പണം ഉണ്ടാകുന്നതിനെക്കുറിച്ചു ആരും അസൂയപ്പെടുന്നതല്ല. പക്ഷേ ഇത്ര വളരെ പണം ഒരാൾക്കു ഉണ്ടായതെങ്ങനെയെന്നു ആലോചിക്കുമ്പോഴാണു മുതലാളിമാർ വേണ്ടെന്നു തൊഴിലാളികൾ പറഞ്ഞു പോകുന്നതു്. സോഷ്യലിസം ലോകത്തിനു സാമ്പത്തിക ഐശ്വര്യം വരുത്തുവാനുള്ള ഒരു ഇസമെന്നാണു സോഷ്യലിസ്റ്റുകാർ പറഞ്ഞുവരുന്നതു്. എല്ലാവരേയും പണക്കാരാക്കുക സോഷ്യലിസത്തിനു സാദ്ധ്യമല്ല. പിന്നെ ഈ ഇസത്തിനു സാദ്ധ്യമായുള്ളതു എല്ലാവരേയും ദരിദ്രന്മാരാക്കുക മാത്രമാണെന്നു അവരുടെ വിരോധികൾ പറയുന്നു. പല ഇസങ്ങൾ ലോകത്തിലിപ്പോൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവ തമ്മിലുള്ള മൽസരമാണു ഈയിടെയുള്ള യുദ്ധോദ്യമങ്ങളുടെയെല്ലാം അടിയിൽ കിടക്കുന്നതു്. ബോൾഷെവിസത്തോടു മൽസരിക്കുവാൻ മുസ്സോളിനിയും ഹിറ്റ്ലറും ഉണ്ടാക്കിയ രണ്ടു ഇസങ്ങൾ യൂറോപ്പിൽ ഉണ്ടാക്കുന്ന പരിഭ്രമം ചില്ലറയൊന്നുമല്ലല്ലൊ. എത്രയൊക്കെ ഇസങ്ങൾ മുച്ചാലും നശിച്ചാലും സോഷ്യലിസം ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെ പ്രാപിച്ചു ലോകവ്യാപിയും സർവ്വാദരണീയവുമായ ഒരു ഇസമായി വളരുമെന്നുള്ളതിൽ സംശയമൊന്നുമില്ല.

* * *

മി. സി. കേശവനു കൊച്ചിയിലെ സ്വീകരണം

കൊച്ചി തീയ്യമഹാജനസഭയുടെ ആഭിമുഖ്യത്തിൽ തൃപ്പൂണിത്തുറവെച്ചു തുലാം 29-ാംനു മി. സി. കേശവനു ഏറ്റവും ഗംഭീരമായൊരു സ്വീകരണം നല്കിയിരിക്കുന്നു. തിരുവിതാംകൂറിനെ അപേക്ഷിച്ചു വിശേഷവിധിയായി കൊച്ചിയിൽ കണ്ടതു അവിടത്തെ പ്രമാണപ്പെട്ട സ്ഥലക ഈഴവരുദ്യോഗസ്ഥന്മാരും നായർസമുദായത്തിലെ പല മാന്യന്മാരും യോഗത്തിൽ സംബന്ധിച്ചിരുന്നു എന്നുള്ളതാണ്. തിരുവീതാംകൂറിലാണെങ്കിൽ സി. കേശവൻ എന്നു കേൾക്കുമ്പോൾതന്നെ ഈഴവരുദ്യോഗസ്ഥന്മാർ പട്ടകണ്ട കാളയെപ്പോലെ വെകിളിപിടിക്കുന്നതു കാണാം. ഈ വെപ്രാളമൊന്നും കൊച്ചിയിൽ കണ്ടില്ല. മിസ്റ്റർ കേശവന്റെ പ്രസംഗത്തിൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ സംഘടിതമായ പിൻതുണയും, തുല്യദുഃഖിതരായ ക്രൈസ്തവ - മുസ്ലീം സമുദായങ്ങളുടെ സഹായവും, സർവ്വോപരി ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാരുണ്യവുംകൊണ്ടാണ് രാഷ്ട്രീയമായ ചില നേട്ടങ്ങൾ തിരുവിതാംകൂറിലെ ഈഴവർക്കു സാധിച്ചിട്ടുള്ളതെന്നു പ്രസ്താവിച്ചുകൊണ്ട്, എസ്. എൻ. ഡി. പി. യോഗത്തിന്റെ ഉത്ഭവം, വളർച്ച, അതിന്റെ നേട്ടങ്ങൾ മുതലായവയെ പറ്റി സവിസ്തരം പ്രതിപാദിച്ചു. ക്ഷേത്രപ്രവേശനവിളംബരത്തിന്റെ മാഹാത്മ്യത്തെ അദ്ദേഹം മുക്തകണ്ഠം കീർത്തിക്കുകയും, രാഷ്ട്രീയശരീരത്തിന്റെ എല്ലാ അംഗങ്ങൾക്കും ഒപ്പം വളർച്ച നല്കാതിരുന്നതുകൊണ്ട് അലക്സാണ്ടറുടെ കാലംമുതൽ ഹിന്ദുസ്ഥാൻ, വിദേശീയർക്കു കീഴ്പ്പെട്ടിരിക്കുകയാണെന്നും, ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ വിളംബരം രാഷ്ട്രീയശരീരത്തിലെ എല്ലാ അവയവങ്ങളേയും ഒരുപോലെ പുഷ്ടിപ്പെടുത്തുമെന്നും അദ്ദേഹം പ്രസ്താവിച്ചു. മാട്ടത്തിനു കല്പിച്ചിരുന്നതിത്തം കൊച്ചിയിലെ ഈഴവരുടെ അപേക്ഷപ്രകാരം നീക്കംചെയ്തുകൊടുത്ത കരുണാനിധിയായ കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ട് പൊതുജനാഭിപ്രായം രൂപവൽകൃതമാകുമ്പോൾക്ഷേത്രപ്രവേശനം അനുവദിക്കാതിരിക്കുകയില്ലെന്നു മിസ്റ്റർ കേശവൻ വിശ്വസിക്കുന്നു. കൊച്ചിയിലെ സ്റ്റാഫ് സെലക്ഷൻ ബോർഡിനേയും അതിനു കാരണഭൂതനായ കൊച്ചിദിവാൻ സർ ഷൺമുഖംചെട്ടിയേയും മി. കേശവൻ അഭിനന്ദിച്ചുകാണുന്നു. ക്ഷേത്രപ്രവേശനത്തിനു സർ ഷൺമുഖം അനുകൂലിയാണെങ്കിലും പരിതഃസ്ഥിതികൾ അദ്ദേഹത്തിനു പ്രതിബന്ധമായി നില്ക്കുന്നു എന്നാണ് മിസ്റ്റർ കേശവൻ പറയുന്നതു്. ക്ഷേത്രപ്രവേശനം അനുവദിക്കുവാൻ തന്റെ കഴിവിൽപെട്ട സകലതും സർ ഷൺമുഖം ചെയ്യാതിരിക്കുകയില്ലെന്നു മി. കേശവൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഉത്തരവാദിത്വഭരണം ഏർപ്പെടുത്തുവാൻ കാലമായിട്ടുണ്ടെന്നും എവിടെയാണ് ആദ്യം ആ ഭരണക്രമം ഏർപ്പെടുത്തുവാൻ പോകുന്നതു് എന്ന കാര്യത്തിൽ മാത്രമെ മി. കേശവനു സംശയമുള്ളു എന്നും പ്രസ്താവിച്ചുകാണുന്നു.

തീയ്യമഹാജനസഭയുടെ ഈ യോഗത്തിൽവെച്ചു അതിനെ കൊച്ചി എസ്. എൻ. ഡി. പി. യോഗം എന്നു മാറ്റി നാമകരണംചെയ്തിരിക്കുന്നു. യോഗത്തിന്റെ ഈ പ്രവൃത്തി എത്തയും ഉചിതമായിട്ടുണ്ട്. എസ്. എൻ. ഡി. പി. യോഗം അടുത്തഭാവിയിൽ ബ്രിട്ടീഷുമലബാറിലേക്കും വ്യാപിക്കുമെന്നുള്ളതിന്റെ ലക്ഷണങ്ങൾ കാണുന്നു. ഇങ്ങനെ എസ്. എൻ. ഡി. പി. യോഗം അതിന്റെ സർവ്വവ്യാപകമായ ശക്തിയോടുകൂടി മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുമ്പോഴാണ്, അതിനു എതിരായി തിരുവിതാംകൂറിൽ ചിലർ ചില ഉദ്യോഗസ്ഥന്മാരുടെ പ്രേരണയോടുകൂടി മറ്റൊരുസംഘം സ്ഥാപിക്കുവാനുള്ള ആലോചനകൾ നടത്തിവരുന്നതു്. അവരുടെ ഈ ഉദ്യമത്തെപറ്റി ചിന്തിക്കുമ്പോൾ പരിഹാസം നിറഞ്ഞ അനുകമ്പയാണ് തോന്നുന്നതു്. എസ്. എൻ. ഡി. പി. യോഗത്തിന്റെ അഭിമുഖ്യത്തിൽ 30-നു- തേത്തലവെച്ചും മി. കേശവനു അനുമോദനവും, പണക്കിഴിയും സമർപ്പിച്ചിരിക്കുന്നു.

* * *

ജർമ്മനിയുടെ അവകാശവാദം

കഴിഞ്ഞ മഹായുദ്ധകാലത്തു ജർമ്മനിക്കു നഷ്ടപ്പെട്ട കോളനികൾ തിരിച്ചുകിട്ടണമെന്നു ഹെർ ഹിറ്റ്ലർ അവകാശവാദം പുറപ്പെടുവിച്ചിരിക്കുന്നു. ഈ വാദത്തിൽ ഇറ്റലിയും ജപ്പാനും ജർമ്മനിയെ സഹായിക്കാൻ ഇടയുണ്ടെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. യുദ്ധത്തിനു മുമ്പു ആഫ്രിക്കയിൽമാത്രം ജർമ്മനിക്കു പത്തു ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള കോളനികൾ ഉണ്ടായിരുന്നു. ഈ കോളനികൾ പരാജിതയായ ജർമ്മനിയുടെ കയ്യിൽനിന്നും ബ്രിട്ടൺ, ഫ്രാൻസു, ജപ്പാൻ, ആസ്ത്രേലിയാ, ബൽജിയം മുതലായ മഹച്ഛക്തികൾകൂടി പങ്കുവെച്ചെടുക്കുകയാണ് ചെയ്തതു്. ഈ കോളനികൾ തിരിച്ചുകിട്ടണമെന്നാണ് ജർമ്മനി ഇപ്പോൾ പറയുന്നതു്. വെഴ്സെയിൽസ്സന്ധിയിൽ ജർമ്മനിയുടെ അഭിമാനത്തേയും വളർച്ചയേയും ഉല്ലംഘിക്കുന്ന പല വകുപ്പുകളും ഉണ്ടായിരുന്നു. ഹിറ്റ്ലറുടെ നേതൃത്വത്തിൽ ശക്തവും പ്രബുദ്ധവുമായിതീർന്ന ജർമ്മനി ഈ വകുപ്പുകളിൽ പലതിനേയും ലംഘിക്കുകയും ഇപ്പോൾ കോളനികളുടെ കാര്യത്തിൽ ഒരു ഉറച്ചനില കൈക്കൊള്ളുകയുമാണ് ചെയ്തിരിക്കുന്നതു്. വെഴ്സെയിൽസുടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ള ബ്രിട്ടൻ, ഫ്രാൻസു്, ജപ്പാൻ, ഇറ്റലി, ഈ മഹച്ഛക്തികളാണ് കോളനിക്കാര്യത്തിൽ ഒരു തീർപ്പുകല്പിക്കേണ്ടിയിരിക്കുന്നതു്. ഇവരിൽ ജപ്പാനും ഇറ്റലിയും ജർമ്മനിയെ അനുകൂലിക്കുന്നു. ഭീഷണികൊണ്ടൊന്നും പിൻവാങ്ങുകയില്ലെന്നു ബ്രിട്ടൻ പ്രസ്താവിക്കുന്നു. കോളനികൾ തിരിച്ചുകിട്ടാതെ ഹിറ്റ്ലർ പിൻവാങ്ങുന്ന ലക്ഷണങ്ങളും കാണുന്നില്ല. ഈസ്ഥിതിക്കു ഈ പ്രശ്നത്തിന്റെ ഗതി എങ്ങോട്ടു എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

* * *

ചൈനാ ജപ്പാൻ സമരം

ചൈനാ ജപ്പാൻ യുദ്ധം ആരംഭിച്ചിട്ടു് മാസം 3-കഴിഞ്ഞിരിക്കുന്നു. ഇതിനകം ഉത്തരചൈനായിൽ ചാഹാർഹോപ്പി സംസ്ഥാനങ്ങൾ മിക്കവാറും മുഴുവനും ജപ്പാൻ കരസ്ഥമാക്കിയിട്ടുണ്ട്. സുയിയാന്റെ കിഴക്കുഭാഗം, ഷാൻസിയുടെ വടക്കുഭാഗം, മധ്യചൈനായിൽ ഹെയിച്ചോ പട്ടണത്തിനു സമീപമുള്ള ദ്വീപ്, ഷാംഗേയിക്കും യാങ്ട്സീസ് നദിമുഖത്തിനും മദ്ധ്യേയുള്ള പ്രദേശം ആ നദീമുഖത്തെ ദ്വീപുകൾ, ദക്ഷിണ ചൈനായിൽ ആമോയി തുറമുഖത്തിനു സമീപമുള്ള രണ്ടു ദ്വീപുകൾ ഹാംഗ്കോങ്ങിനു പശ്ചിമഭാഗത്തുള്ള ദ്വീപ്, മക്കാവോയ്ക്കു സമീപമുള്ള മൂന്നു ദ്വീപുകൾ, ചീന സമുദ്രത്തിലുള്ള പ്രാറാസ് ദ്വീപുകൾ, ഇതുകൂടാതെ ജപ്പാനു അധീനമായിട്ടുണ്ട്. ഇതുവരെ രണ്ടു ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഭൂമി ജപ്പാൻ പിടിച്ചടക്കിയിട്ടുണ്ട്. അടുത്ത കുസ്സമസ്സോടുകൂടി പ്രധാന പട്ടണം പിടിച്ചടക്കാമെന്നു ജപ്പാൻ ആശിക്കുന്നു. ചൈനാ-ജപ്പാൻസമരത്തെ തടയുവാൻ സർവ്വരാജ്യസഖ്യം തലകാഞ്ഞു ആലോചന നടത്തിവരുന്നു. ഇറ്റലി അബിസീനിയയെ ആക്രമിച്ചപ്പോഴും ലീഗു തലകാഞ്ഞു ആലോചന നടത്തുകയായിരുന്നു. ഫലം എന്തായിരുന്നു എന്നു എല്ലാവർക്കും അറിവുള്ളതാണല്ലൊ.

* * *

വീണ്ടും സത്യഗ്രഹം

തൃശ്ശൂർ വെച്ചു് ബഹു: ടി. എസ്. എസ്. രാജന്റെ അദ്ധ്യക്ഷതയിൽ നടന്ന ക്ഷേത്രപ്രവേശന സമ്മേളനത്തിൽ, ആറുമാസത്തിനകം മദ്രാസുഗവർമ്മെന്റു ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം നൽകാത്ത പക്ഷം വീണ്ടും മി. കേളപ്പന്റെ നേതൃത്വത്തിൽ ഗുരുവായൂർ ക്ഷേത്രത്തിന്റെ മുമ്പിൽ സത്യഗ്രഹം തുടങ്ങുന്നതാണെന്നു ഒരു നിശ്ചയം പാസ്സാക്കിയിരിക്കുന്നു. ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിൽ മന്ത്രിസഭയ്ക്കുള്ള ഭയം, ശക്തിമത്തായ പൊതുജനാഭിപ്രായത്തിന്റെ പിൻതുണയില്ലാതെ അതനുവദിച്ചാൽ ലഹളയുണ്ടാകുമെന്നുള്ളതാണ്. ഈ ഭയം അടിസ്ഥാനരഹിതമല്ല. എന്നാൽ മലബാറിൽ പൊതുജനാഭിപ്രായം ക്ഷേത്രപ്രവേശനത്തിനു അനുകൂലമാകയാൽ അവിടെയെങ്കിലും ക്ഷേത്രപ്രവേശനം അനുവദിച്ചു, മറ്റു സ്ഥലങ്ങളിൽ അതൊരു പ്രേരണയുള്ള ഹേതുവാക്കിതീർക്കാവുന്നതാണ്. സത്യഗ്രഹത്തിനൊന്നും ഇടവരുത്താതെ ഗവർമ്മെൻറു ക്ഷേത്രപ്രവേശനം അനുവദിക്കുമെന്നു തന്നെ പ്രതീക്ഷിക്കാം.

* * *

ഹിന്ദു സംഘടന

കുറെനാളായി ഹിന്ദുസംഘടന, ഹിന്ദുസംഘടന എന്നു പലരും പ്രസംഗിച്ചുവരുന്നതായി കാണുന്നു. ഹിന്ദുവെന്നുള്ള പേരുകൊണ്ടുതന്നെ ഹിന്ദുക്കളെല്ലാം സംഘടിച്ചിരിക്കുമ്പോൾ ഹിന്ദുസംഘടനയ്ക്കു വിശേഷവിധിയായി ഇപ്പോൾ നേരിട്ടിരിക്കുന്ന ആവശ്യം ഹിന്ദുക്കളിലുള്ള ഭിന്നസമുദായക്കാരെ ചേർത്തു ഒരു ഫെഡറേഷൻ ഉണ്ടാക്കി വല്ല കാര്യവും സാധിക്കുവാനൊ, ഹിന്ദുക്കളെയെല്ലാം ജാതികളഞ്ഞു ഒരൊറ്റ ജാതിയാക്കി രീക്കുവാനൊ എന്തിനാണെന്നു ആരും പറഞ്ഞുകാണുന്നില്ല. ഏതേതു ഉപാധികളെ ആശ്രയിച്ചു ഈഴവർ ഒരു പുതിയ ഹിന്ദുസംഘടനയ്ക്കു സന്നദ്ധരാകുമെന്നുള്ളതിനെക്കുറിച്ചു ആലോചിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ എസ്. എൻ. ഡി. പി. യോഗം ഒരു കമ്മിറ്റിയെ നിയമിച്ചുകാണുന്നു. കഴിയുന്ന വേഗത്തിൽ കമ്മിറ്റിക്കാരുടെ റിപ്പോർട്ടു പുറത്തായി കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

* * *

ഡിപ്യൂട്ടിപ്രസിഡൻറിന്റെ മേൽ അവിശ്വാസപ്രമേയം

ശ്രീമൂലം അസംബ്ളി ഡിപ്യൂട്ടിപ്രസിഡൻറായ രാജശ്രീ ടി. എം. വറുഗീസു അവർകൾ ബി. എ ബി. എൽ. ന്റെ മേൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനുള്ള ഒരു പ്രമേയം അവതരിപ്പിക്കുവാൻ മി. പി. ശിവരാമപിള്ള എം. എ. എൽ. എൽ ബി. (മീനച്ചൽ മെംബർ) അനുവാദമഭ്യർത്ഥിച്ചിരിക്കുന്നു. അസംബ്ളി ഇന്നാരംഭിക്കുന്നു. മി. ശിവരാമപിള്ളയുടെ പ്രമേയം ഇപ്രകാരമാണ്.

"ഡിപ്യൂട്ടിപ്രസിഡൻറിന്റെ മേൽ ഈ സഭയ്ക്കു വിശ്വാസമില്ലെന്നു അഭിപ്രായപ്പെടുന്നു."

* * *

വച്ചക്കള്ളം

—o—

കരുനാഗപ്പള്ളി 568-ാംനമ്പർ എസ്. എൻ. ഡി. പി. ബ്രാഞ്ചുസിക്രട്ടറി ശ്രീ കണ്ണാടിശ്ശേരിൽ മാധവപ്പണിക്കർ ഞങ്ങൾക്കു് ഇപ്രകാരം എഴുതുന്നു:—1—4—113-ലെ 108-ാമതുലക്കം മലയാളരാജ്യത്തിൽ കരുനാഗപ്പള്ളി വാർത്തകളുടെ കൂട്ടത്തിൽ, എസ്. എൻ ഡി. പി. യോഗനടപടികളെ പ്രതിഷേധിക്കുന്നതിനു സ്ഥലത്തുള്ള ഈഴവരുടെ ഒരു പൊതുയോഗം ഉടനെ കൂടുന്നതിനു ഞാൻ ഉൾപ്പെടെ 11 പേർ ആലോചിച്ചുവരുന്നതായി സ്വ. ലേ. എഴുതിയിരിക്കുന്നതു പച്ചക്കള്ളമാണ്. ഇപ്രകാരം ഒരാലോചന ഞങ്ങൾ സ്വപ്നംകാണുകപോലും ചെയ്തിട്ടില്ല. മലയാളരാജ്യത്തിന്റെ സ്വ. ലേ. അങ്ങനെ സ്വപ്നം കാണുകയാണ്. തിരുത്തിച്ചേക്കുവാൻ മലയാളരാജ്യത്തിനു എഴുതിയിട്ടുണ്ട്. അവർ അങ്ങനെ ചെയ്യുമെന്നു വിശ്വാസമില്ലാത്തതുകൊണ്ട് കൗമുദിയ്ക്കും അയക്കുന്നു. പ്രസിദ്ധപ്പെടുത്തണമെന്നാപേക്ഷ.

പത്രാധിപക്കുള്ള കത്തുകൾ

കത്തുകപാലനം

സർ,

"കത്തുകപാലനം" എന്ന തലക്കെട്ടിൽ കഴിഞ്ഞലക്കം കൗമുദിയിൽ ചേർത്തിരുന്ന എന്റെ കത്തിൽ ചില പട്ടികകളെപ്പറ്റി പ്രതിപാദിച്ചിരുന്നുവല്ലൊ. മി. സി. ഒ. മാധവൻ തിരുവിതാംകൂർ സക്കാരിൽ ഗണനീയനായ ഒരു ഉദ്യോഗസ്ഥനായി രീന്നതിനുശേഷം അദ്ദേഹത്തിന്റെ സ്വന്തം കുടുംബത്തിലും, ബന്ധുകുടുംബമായ കോമലഴികത്തുകുടുംബത്തിലും, ഈ രണ്ടുകുടുംബത്തിലുംള്ള സംബന്ധവഴിയിലും നിന്ന സക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ള ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ മാത്രം ഒരു പട്ടികയാണ് താഴെ ചേർക്കുന്നത്. തിരുവിതാംകൂറിലെ സക്കാർ ഉദ്യോഗങ്ങളം സ്വാധീനശക്തിയുള്ള ചില വലിയ ഉദ്യോഗസ്ഥന്മാരുടെ മക്കൾക്കും മാർച്ചുക്കാർക്കും അനന്യസ്തമായി ലഭിച്ചുവരുന്ന എന്ന 'മലയാളി'പത്രം ഒരു മുഖപ്രസംഗത്തിനു അടുത്തകാലത്തു ചൂണ്ടിക്കാണിച്ചിരുന്ന ആക്ഷേപം ഈഴവരെ സംബന്ധിച്ചിടത്തോളമെങ്കിലും എത്ര സാർത്ഥകമാണെന്ന താഴെക്കാണുന്ന പട്ടിക ധാരാളം തെളിയിക്കും.

മി. സി. ഒ. മാധവന്റെ ബന്ധത്തിലുള്ള ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ

പേർ	ഉദ്യോഗം	ശമ്പളം
സി. ഒ. കുഞ്ഞനാകൻ	(സൂപ്രണ്ട്-പബ്ലിക്കുഹൗസ്)	350
സി. ഒ. ദാമോദരൻ	(അഡീഷനൽ സെക്രട്ടറി)	225
കെ. നാരായണൻ	(ലാക്കാരേജ് പ്രോസസർ)	300
കെ. ശങ്കരൻ	(ജഡ്ജി)	300
ജി. രാമൻ	(പോലീസ് ഇൻസ്പെക്ടർ)	106
കെ. നാരായണൻ	(പോലീസ് ഇൻസ്പെക്ടർ)	116
കെ. നാരായണപണിക്കർ	(സക്കാർ വക്കീൽ)	150
കെ. വി. ഡി. പട്ടേൽ	(സൂപ്രണ്ടവെൻഡർ)	75
എം. ഗോപാലൻ	(പട്ടാളം)	100
കെ. കുഞ്ഞനാകൻ	(സബ്ജഡ്ജിസ്ട്രാർ)	75
കെ. ജി. മാധവൻ	(സ്ത്രീം മാസ്റ്റർ)	40

ഈ ഒന്നാംകിട ഉദ്യോഗസ്ഥന്മാക്ക പുറമെ മി. സി. ഒ. മാധവന്റെ അനന്തിരവരായ ശ്രീമതി ഗൗരിക്കുട്ടി (അക്കൗണ്ടാഫീസ്) മി: ശ്രീധരൻ (അക്കൗണ്ടാഫീസ്) തുടങ്ങി ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ പട്ടികയിൽപെടാതെ ഒട്ടുവളരെ പേർ വേറെയും ഉണ്ട്. എന്തെങ്കിലും പരീക്ഷപാസ്സായവരായി മി. സി. ഒ. മാധവന്റെ സ്വന്തത്തിലോ ബന്ധത്തിലോ ഉദ്യോഗമില്ലാതെ നില്ക്കുന്നവർ ആരെങ്കിലും ഉണ്ടോഎന്ന അന്വേഷിക്കേണ്ടതാണ്. വല്ലവരും ഉണ്ടെങ്കിൽ അവർ ഉടൻതന്നെ നിയമനംനടക്കാൻപോകുന്ന പോലീസ്ഇൻസ്പെക്ടർഉദ്യോഗത്തിനൊ, ഡാക്ടർ ഉദ്യോഗത്തിനൊ, മറ്റുവല്ലഉദ്യോഗങ്ങൾക്കുമൊ ഉദ്യോഗത്തിനുമാത്രമില്ലാത്തവരെങ്കിൽ മറ്റുവല്ല തിനോഅപേക്ഷബോധിപ്പിച്ചുആശാഭരിതരായി അനുകൂലമായ ആർഡർകിട്ടുന്നാസുദിനത്തെ സ്വപ്നംകണ്ടു കഴിയുന്നവരാണ്. ഇവരിൽ ചിലരും അവരുടെ സ്വന്തക്കാരുമാണ് കാത്തികപ്പള്ളിയിൽ നടക്കുന്നതായി "മലയാളരാജ്യംഗജറ്റിൽ" റിപ്പോർട്ടുചെയ്തകാണുന്നഗംഭീരയോഗങ്ങളിൽ "ധീരധീരമായും ഘോരഘോരമായും" എസ്. എൻ. ഡി. പി. യോഗത്തേയും മി. സി. കേശവനേയും മറ്റും വിമർശിക്കുന്നത്. [വി. ആർ. പി.]

സർ സി. പി. യുടെ പേരിൽ

സർ

തിരുവനന്തപുരത്തു് ജാംബൂമൂട്ടബംഗ്ലാവിലെ അഖിലകേരള ഈഴവക്ഷേത്രപ്രവേശനാഘോഷകമ്മിറ്റി മീറ്റിംഗിൽ വെച്ചു്, ചില ഈഴവ ഉദ്യോഗസ്ഥന്മാരുടെ ദുർമേധാവിത്വത്തിനു കീഴടങ്ങുകയില്ലെന്നും ക്ഷേത്രപ്രവേശനവിളംബരപ്രഖ്യാപനത്തിനു മഹാരാജാവു തിരുമേനിയെ ഉപദേശിച്ച കമ്മ്ദീരനായ സഹിവോത്തമൻ സർ സി. പി. യെ ക്ഷണിച്ചുവരുത്തി അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽതന്നെ ചേർത്തലവെച്ചു ഒരുഅനുമോദനമഹായോഗം ക്രുടണമെന്നും, എസ്. എൻ. ഡി. പി. യോഗം തീർച്ചചെയ്തു മുഖ്യൽ യോഗത്തേയും അതിന്റെ വിപുലമായ സംഘടനാശക്തിയേയും, ശിഥിലമാക്കുവാൻ അസഹിഷ്ണുവായിതീന്ന ഒരു ഉയന്ന ഈഴവഉദ്യോഗസ്ഥൻ പല സ്ഥലങ്ങളിലും ഒരു അന്തർവാഹിനിഎന്നോണം പാഞ്ഞുചെന്ന പല കൃത്രിമങ്ങളും ചെയ്തുവന്നിരുന്നുഎന്ന പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ശ്രീനാരായണഭക്തരും ആമഹാപുരുഷനാൽ സ്ഥാപിതമായ എസ്. എൻ. ഡി. പി. യോഗത്തോടു ഭക്തിബഹുമാനമുള്ളവരുമായ യോഗാംഗങ്ങളിൽ ആരും ഈ പാച്ചിലിൽപെട്ട ആധാരമില്ലാത്ത അറേബ്യൻ മഹാസമുദ്രത്തിൽ നിപതിക്കുവാൻ ഇടയായില്ല. കുറച്ചുനാളായി നിവ്വാണപ്രായമായിക്കിടന്ന ഈ അന്തർവാഹിനി വീണ്ടും ഒഴുകിചെന്ന സ്വന്തക്കാരെ തട്ടിയതിന്റെ അലയാണ് കാത്തികപ്പള്ളിയിലും കോട്ടയത്തും കാണുന്ന ഇളക്കമെന്നു ഇപ്പോൾ പ്രസ്താവമുണ്ടായിരിക്കുന്നു. ബഹുമാനപ്പെട്ട സർ സി. പി.യുടെ പേരിൽ ആരോ പറഞ്ഞുപരത്തിയ ഒരു വലിയ നുണ ഈ ഇളക്കത്തിനു ഉപോൽബലകമായി തീന്നിട്ടുണ്ട്. മി. സി. കേശവനു നാട്ടിന്റെ നാനാഭാഗങ്ങളിലും നിലകിവരുന്ന സ്വീകരണങ്ങളെ നിരോധിക്കുവാൻ പ്രേരകമാകും വിധം പ്രതിഷേധ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നവക്ക ഉദ്യോഗങ്ങളും മറ്റു ആനുകൂല്യങ്ങളും ചെയ്തകൊടുക്കുമെന്ന സർ. സി. പി. യുടെ പേരിൽ പാക്ക്വ്യയിൽനിന്നും പ്രതിജ്ഞ ഉണ്ടായിട്ടുണ്ടെന്നുള്ളതാണ് ആ നുണ. ബലിഷ്ഠഹസ്തങ്ങളോടുകൂടിയ സർ. സി. പി. ഈ ഗർഹണീയമായ പന്ഥാവിനെ അവലംബിക്കുമെന്ന അദ്ദേഹത്തിന്റെ ഭരണചരിത്രം തെളിയിക്കുന്നില്ല. ഈ നുണയിൽ വ്യാമോഹിതരായവരാണ്, പോലീസു ഇൻസ്പെക്ടർ ഉദ്യോഗത്തിനു അപേക്ഷ കൊടുത്തു് കാത്തികപ്പള്ളിയിൽ കാട്ടുതകക്കുന്ന മാധവലക്ഷ്മണന്മാർ. യശ:ശരീരനായ ശ്രീമാൻ ററി. കെ. മാധവനോടുകൂടി സംഘടനാപരിശ്രമങ്ങളിൽ ഏർപ്പെട്ട "കേവലം 20 രൂപാമാത്രം പാരിതോഷികം പററി" ത്യാഗപൂർവ്വം വേലചെയ്ത മി. കെ. എം. കേശവൻചാന്ദാർ ബി. എ. "അധ:കൃതസംരക്ഷകൻ" ഉദ്യോഗത്തിനുവേണ്ടി ആപാദചൂഡം വിനോദകരമായ ഒരു അപേക്ഷ ഹജൂരാഫീസിൽ ബോധിപ്പിച്ച ഫലമില്ലാതെ ഭഗ്നാശയനായി തിരിച്ചെത്തി, നിയമസഭയിലെ നോമിനേഷൻ ഏർപ്പാടിനെ പററി 'ഘോരഘോരം' വിമർശനം നടക്കുന്നതിനിടയിൽ നോമിനേഷനുവേണ്ടി അപേക്ഷബോധിപ്പിച്ച അവിടെയും ഫലം വിപരീതമെന്നുകണ്ടു, എസ്. എൻ. ഡി. പി. യോഗം ബോർഡിന്റെ തീരുമാനത്തിനു വിപരീതമായി കാത്തികപ്പള്ളി-കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പിനു നിന്നു നോമിനേഷൻപേപ്പർ പോലും ശരിക്കെഴുതുവാൻ നിശ്ചയമില്ലാത്ത കാരണത്താലും, സർവ്വോപരി ശ്രീനാരായണഗുരുസ്വാമി തൃപ്പാദങ്ങളുടെ അനുഗ്രഹംകൊണ്ടും, അവിടെയും പരാജയംവരിച്ചു, ഇപ്പോൾ യാതൊരാധാരവുമില്ലാതെ തൃശ്ശങ്കുസ്വർഗ്ഗത്തു സ്ഥിതിചെയ്യുന്നതിനിടയിലാണ് ദേശാഭിമാനിപ്പത്രം പുനരുദ്ധരിക്കാമെന്നും, അതിന്റെ ലൈസൻസുഫീസു കുറച്ചുകിട്ടുവാൻ സി. കേശവനെക്കുറിച്ചു പൂരപ്രബന്ധം വായിച്ചാൽ ഒരുപക്ഷേ അങ്ങനെ സംഭവിച്ചേക്കുമെന്നുള്ള വ്യാമോഹത്തിൽ അകപ്പെട്ട ഇപ്പോൾ കാത്തികപ്പള്ളിയിലെ ചാന്ദാപ്പണിക്കന്മാരുടെ തലവനായി രംഗപ്രവേശംചെയ്ത മി. സി. കേശവനേയും, മി. സി. വി. കുഞ്ഞുരാമനേയും, കേരളകൌമുദിയേയും വിമർശിച്ചുടങ്ങിയിരിക്കുന്നത്. ഇത്രയൊക്കെ വങ്കപ്പാടുകാണിക്കുന്ന ഈ സമുദായാഭിമാനിക്കു നാമമാത്രമായ ഒരു ഫീസുചുമത്തി ലൈസൻസു അനുവദിച്ചുകൊടുക്കണെ എന്നു, ബഹുമാനപ്പെട്ട ഗവർമ്മെൻറിനോടു ഈഴവസമുദായം പൊതുവെ അപേക്ഷിക്കേണ്ടതാണ്. ഹിന്ദുസംഘടനയുടേയും ഹൈന്ദവസംസ്കാരത്തിന്റേയും പ്രവാചകനായി നിൽക്കുന്ന ഈ ശ്രീനാരായണഭക്തൻ മതപരിവർത്തനസംരംഭത്തിന്റെ മുഖ്യദശയിൽ ബിഷപ്പിനെക്കണ്ടു നടത്തിയ "40 രൂപാപേച്ചു്" എന്തായിരുന്നുഎന്ന അറിഞ്ഞവർക്കെല്ലാം അറിയാം. കാത്തികപ്പള്ളിയിൽ "പൂങ്കാവനം തകർക്കുന്ന" മറെറാരു വീരനാണ് മി. മധുസൂദനൻ "പൊന്നുടയതെ ഒരു ഡാക്ടർഉദ്യോഗം ഇങ്ങ് ഇട്ടേച്ചുപോണേ"—എന്ന ഡാക്ടരുടെ പുറകെനടന്നു എത്രനാളായി നിലവിളിക്കുന്നു. മിസ്റ്റർ സി. കേശവൻ! അഹോ അങ്ങു് ഏതു ധന്യൻ. അങ്ങയുടെ പുറത്തു ചെളിവാരി എറിഞ്ഞാൽ ഉടനെ സഭയിൽ പ്രവേശനം ലഭിക്കുമെന്നു വിശ്വസിക്കുന്നവർ എത്ര! എത്ര അസൂയാജനകമായ പദവി അങ്ങയുടേതു്.

മയാവി ആയ ഒരു വലിയ ഈഴവഉദ്യോഗസ്ഥൻ തിരിനൂലണിയുള്ളിൽ ഇരുന്നുകൊണ്ടു് തന്റെ സ്വന്തത്തിൽപെട്ട ഉദ്യോഗാർത്ഥികളായ ചില വൈതാളികന്മാക്ക്, ഉദ്യോഗസമ്പാദനമാർഗ്ഗമായി നിർദ്ദേശിച്ചുകൊടുത്ത ഒരു നൂതനപ്രസ്ഥാനമാണ് കാത്തികപ്പള്ളിയിലെ ഉദ്ദേശമെന്നു ചിലർ പറയുന്നു. അല്ലയോ ഉദ്യോഗസ്ഥാ, അങ്ങയുടെ വിപുലമായ വിദേശസഞ്ചാരത്തിൽനിന്നും ലഭിച്ച സംസ്കാരത്തിന്റെ ബാഹ്യപ്രകടനങ്ങളോ ഈഴവസമുദായം ഇന്നു കാണുന്നതു്? [ററി. കെ. എസ്.]

തീണ്ടിയെന്നു്

പെരിനാടു്
20-9-113

സർ,

ഈ മാസം 15-ാംനു- തീണ്ടി എന്ന കാരണത്താൽ ഏതാനും ഹരിജനങ്ങളെ രണ്ടു നായർ യുവാക്കന്മാർക്കുടി നീരാവിൽ ഹരിജനസ്കൂളിനു സമീപംവച്ചു് കഠിനമായി ഉപദ്രവിച്ചതായറിയുന്നു. തത്സമയം എങ്ങനെയോ അവിടെചെന്നുചേർന്ന സമാധാനത്തിനു ശ്രമിച്ച ഹരിജനോദ്ധാരകൻ മി: വി. ആർ. പരമുവിനെയും ക്രമത്തിലധികം ഉപദ്രവിച്ചു. പോലീസിന്റെ അന്വേഷണം നടന്നുവരുന്നുവെങ്കിലും അക്രമികളെഭയന്നു ഇപ്പോൾ ഹരിജനസ്കൂളിൽ പഠിത്വം മുടങ്ങിയിരിക്കുകയാണ്. ഇക്കാര്യത്തിൽ അധികൃതസ്ഥാനങ്ങൾ ഒന്നുകൂടി ഊർജ്ജിതമായി ശ്രദ്ധിച്ചു നാട്ടിൽ സമാധാനം പുലർത്തുമെന്നു വിശ്വസിക്കുന്നു.

[സി. കെ. പി.

—o—

അന്യപത്രങ്ങൾ

അവരുടെ വിലാപം

—:o:—

മിതവാദിയുടെ മുഖപ്രസംഗത്തിൽ നിന്ന്]

തിരുവിതാംകൂറിലെ അവശതയനുഭവിക്കുന്ന ക്രിസ്ത്യനീഴവമുസ്ലീം സമുദായങ്ങളും അവരുടെ പൊതുവായ താല്പര്യങ്ങളേയും അവകാശങ്ങളേയും സ്ഥാപിക്കുന്നതിനുവേണ്ടി സംഘടിച്ചു പ്രവർത്തിക്കുവാൻ തുടങ്ങിയകാലംമുതൽക്കുതന്നെ ആ സംഘടനയുടെ നേരെ തിരുവിതാംകൂറിലെ സവർണ്ണരും അവരുടെ പത്രങ്ങളും എന്തെന്നില്ലാത്ത ഒരു അസഹ്യത ഉള്ളതായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ആ സംഘടനയുടെ പ്രവർത്തനങ്ങളെ അവും വിധത്തിലെല്ലാം പ്രതിബന്ധപ്പെടുത്തുന്നതിനും ആ സംഘടനയിൽപെട്ട നിൽക്കുന്ന സമുദായങ്ങളെ ഭിന്നിപ്പിക്കുവാനും അവർ എന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതായിട്ടാണു കാണുന്നതു്. ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി തിരുവിതാംകൂറിലെ ഈഴവരുടെ സർവ്വാവശതകളും നശിച്ചിരിക്കുന്നുവെന്നും, തൻമൂലം മറവ ഹിന്തുസമുദായങ്ങളുമായിസഹകരിച്ചു ഹിന്തുസംഘടനയേയും ഹിന്തുമതത്തേയും പുനരുജ്ജീവിക്കുവാൻ ശ്രമിക്കാതെ, ഈഴവർ മറവ മതക്കാരുമായി യോജിച്ചു നില്ക്കുന്നതു വലിയ കൃതഘ്നതയാണെന്നും, സവർണ്ണർ പത്രപംക്തികളിലും പ്രസംഗമഞ്ചങ്ങളിലും തട്ടിമൂളിച്ചു. * * *

ജനസംഖ്യകൊണ്ടു തിരുവിതാംകൂറിലെ ഒരു ഭൂരിപക്ഷസമുദായവും, സവർണ്ണരോടു സഹകരിച്ചു നിന്നാൽ അവരുടെ ശക്തി വളരെ വലിക്കുന്നതിനു സഹായിക്കുന്ന സമുദായവുമായ ഈഴവരെ, ഹിന്തുസംസ്കാര വാദംകൊണ്ടും മറവും അവരുടെ അവകാശ സ്ഥാപനത്തിനുവേണ്ടി നിലകൊള്ളുന്ന സംയുക്തസംഘടനയിൻ നിന്നു ഭിന്നിപ്പിച്ചു തങ്ങളുടെ ഹിതാനുവർത്തികളാക്കി വെയ്ക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ടുതുടങ്ങിയതോടുകൂടി, തിരുവിതാംകൂറിലെ സവർണ്ണപത്രങ്ങളും അവരുടെ ശ്രമങ്ങളും മറെറാരുവഴിക്കു തിരിച്ചിരിക്കുകയാണ്.

ഹിന്തുമതവുമായി യഥാർത്ഥത്തിൽ യാതൊരു ബന്ധവുമില്ലാത്ത ഈഴവസമുദായം, ഹിന്തുമുദ്രയുമേന്തി സവർണ്ണരുടെ അടിമകളായി നിന്നതുകൊണ്ടാണ് ഇതു അധഃപതിച്ചു പോയതെന്നു മനസ്സിലാക്കിയ പ്രബുദ്ധരായ സമുദായനേതാക്കൾ നയിച്ചതുകൊണ്ടാണല്ലൊ തിരുവിതാംകൂറിലെ ഈഴവസമുദായം സംയുക്തസംഘടനയിൽ ചേരുവാൻ ഇടയായതു്. തൻമൂലം തിരുവിതാംകൂറിലെ സവർണ്ണപത്രങ്ങളെല്ലാം ഇപ്പോൾ തങ്ങളുടെ ശകാരവർഷങ്ങൾ ശ്രീമാൻ സി. കേശവനെപ്പോലുള്ള സമുദായനേതാക്കന്മാരുടെ നേരെയാണ് ചൊരിയുവാൻ തുടങ്ങിയിരിക്കുന്നതു്. ഹിന്തുമതമേന്മയും സവർണ്ണരുടെ ഹൃദയവിശാലതയും സ്വാനുഭവം കൊണ്ടറിഞ്ഞ ധീരനും ത്യാഗസമ്പന്നനുമായ മി. സി. കേശവൻ സമുദായനേതൃത്വത്തിൽ നിന്നും ബഹിഷ്കൃതനായിക്കാണുവാനുള്ള ഒരു വലിയ ആശ ഇന്നു തിരുവിതാംകൂറിലെ സവർണ്ണർക്കുണ്ടെന്നുള്ളതു അവരുടെ പത്രങ്ങളിൽ നല്ലവണ്ണം പ്രതിഫലിച്ചു കാണുന്നുണ്ട്. അതിനുവേണ്ടി പലേ കുതന്ത്രങ്ങളും അവർ പ്രയോഗിക്കുന്നുമുണ്ട്. പക്ഷെ ആ വക ശ്രമങ്ങളെല്ലാം വിഫലമാവുകയേ ഉള്ളുവെന്നും, അഥവാ, ഫലപ്രദമായാൽ തന്നെ, വ്യക്തികളുടെ അഭാവമോ മാററമൊ കൊണ്ടു പ്രബുദ്ധമായ ഒരു സമുദായത്തിൻറെ സ്വാതന്ത്ര്യസ്ഥാപന പ്രസ്ഥാനങ്ങളും ശ്രമങ്ങളും നശിക്കുകയില്ലെന്നും മനസ്സിലാക്കുവാനുള്ള ബുദ്ധി തിരുവിതാംകൂറിലെ സവർണ്ണർക്കുണ്ടായിരുന്നെങ്കിൽ ഈ സാഹസകൃത്യത്തിനു അവർ ഒരുങ്ങുകയില്ലായിരുന്നു.

മി. സി. കേശവനെ തിരുവിതാംകൂർ ഈഴവരുടെ നേതൃത്വത്തിൽ നിന്നു ബഹിഷ്കൃതനാക്കുന്നതിനു വേണ്ടി, അവിയുടെയുള്ള സവർണ്ണപത്രങ്ങളും ഇപ്പോൾ ശ്രീനാരായണ ധർമ്മത്തിൻറെ വലിയ പ്രവാചകന്മാരായിട്ടാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. "ഹിന്തുമതത്തിൻറെയും ഹൈന്ദവ സംസ്കാരത്തിൻറെയും അതിപ്രധാനതത്വങ്ങളെ അടിസ്ഥാനമാക്കി" സ്ഥാപിതമായതും "ആസ്തികമായിത്തന്നെ അഭിവൃദ്ധിയെ പ്രാപിച്ചു വന്ന"തുമായ ശ്രീനാരായണ ധർമ്മപരിപാലനയോഗം ഇന്നത്തെ അതിൻറെ നേതാക്കളുടെ "അധർമ്മ പ്രവൃത്തികളും അരാജക പ്രകടനങ്ങളും നിമിത്തം" നശിക്കുവാൻ പോകുന്നതിൽ അവർ ദുസ്സഹമായി വിലപിക്കുന്നു. എസ്. എൻ. ഡി. പി. യോഗത്തിൻറെ സിക്രട്ടറിയായ മി. സി. കേശവൻ, താൻ നിരീശ്വരനും നിർമ്മതക്കാരനുമാണെന്നു ഒരു കേസ്സിൽ മൊഴികൊടുത്തതാണ് ഇവരുടെ ഈ വിലാപത്തിനു കാരണം. ഹിന്തുമതത്തിൻറേയും, ഹൈന്ദവ സംസ്കാരത്തിൻറേയും പ്രധാന തത്വങ്ങളിൽ മാത്രമല്ല, ശ്രീനാരായണഗുരു തൻറെ ധർമ്മം പ്രതിഷ്ഠിച്ചിട്ടുള്ളതു്. സർവ്വ മതതത്വങ്ങളിലും അടിയുറച്ചു്, സർവ്വ മതങ്ങളേയും സഹിഷ്ണുതയോടുകൂടി വീക്ഷിക്കുന്നതാണ് ശ്രീനാരായണ ധർമ്മം. മി. സി. കേശവനു ഒരു മതത്തോടും പ്രത്യേക പ്രതിപത്തിയില്ലെങ്കിൽ അതു മതമാത്സര്യങ്ങളെ ഒഴുക്കുന്ന ശ്രീനാരായണ ധർമ്മത്തിൽ അദ്ദേഹം വിശ്വസിക്കുകയും അതനുസരിച്ചദ്ദേഹം ജീവിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമാണ്. ഒരു മതത്തെ മുറുകെപ്പിടിച്ചുകൊണ്ടു മറവ മതങ്ങളെയെല്ലാം അവഹേളിക്കുന്ന, മതവൈരമുളവാക്കുന്ന, ദുഷ്ടബുദ്ധികളാണ് വാസ്തവത്തിൽ ശ്രീനാരായണ ധർമ്മധ്വംസകന്മാർ. മതങ്ങളേയും, സമുദായങ്ങളേയും അടുപ്പിക്കുന്ന, സൌഹാർദ്ദതയുളവാക്കുന്ന, ശ്രീനാരായണ ധർമ്മത്തിൽ സ്ഥിരപ്രതിഷ്ഠിതനായി നിന്നുകൊണ്ടാണ് മി. കേശവൻ ഇന്നത്തെ തിരുവിതാംകൂറിലെ സംയുക്ത സംഘടനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ആകയാൽ ശ്രീനാരായണ ധർമ്മത്തിൻറെ പേരിൽ മി. കേശവനേയും അദ്ദേഹത്തിൻറെ നേതൃത്വത്തിലുള്ള ഈഴവ സമുദായത്തിൻറെ സംയുക്ത പ്രവർത്തനങ്ങളേയും ആക്ഷേപിക്കുന്നതിൽ യാതൊരു കഴമ്പുമില്ലെന്നു മനസ്സിലാക്കുവാനുള്ള ബോധം ഇന്നത്തെ തിരുവിതാംകൂറിലെ ഈഴവർക്കുണ്ടെന്നും, അവിടത്തെ സവർണ്ണമേധാവികൾ ഇനിയെങ്കിലും മനസ്സിലാക്കിയാൽ കൊള്ളാം. ശ്രീനാരായണ ധർമ്മപ്രചരണത്തിൽ ഈഴവ സമുദായത്തിൻറെ പരിശ്രമങ്ങളോടു തിരുവിതാംകൂറിലെ മാത്രമല്ല സവർണ്ണർ പൊതുവെ പൂർവ്വകാലങ്ങളിൽ അനുവർത്തിച്ചിട്ടുള്ളതും ഇപ്പോൾ അനുവർത്തിക്കുന്നതുമായ നയം നല്ലവണ്ണമറിയാവുന്ന ഈഴവർ തുടങ്ങിയ അവർണ്ണ സമുദായങ്ങൾക്ക് തിരുവിതാംകൂറിലെ സവർണ്ണരുടെ ഈ വിലാപത്തിൻറേയും മുതലക്കണ്ണീരിൻറേയും അർത്ഥം നല്ലവണ്ണമറിയാം.

—

ഉത്തരവാദിത്വമുള്ളഭരണം

[ജസ്റ്റീസിൻറെ മുഖപ്രസംഗത്തിൽ നിന്ന്]

തിരുവിതാംകൂറിൽ ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതു നായന്മാർക്കും, ഈഴവർക്കും, കത്തോലിക്കാക്രിസ്ത്യാനികൾക്കും, അകത്തോലിക്കാക്രിസ്ത്യാനികൾക്കും, മുസ്ലിമുകൾക്കും എല്ലാം ഏറെക്കുറെ വർഗ്ഗീയമായിത്തന്നെ ഗുണപ്രദമായിരിക്കുമെന്നു ഇതിനുമുമ്പു സംഭവിച്ചതും, ഇന്നുള്ളതും, അടുത്തഭാവിയിൽ സംഭവിക്കാവുന്നതുമായ പരിതസ്ഥിതിയെ പരിഗണിച്ചു ചിന്തിച്ചാൽ ബോധ്യമാകും. രാഷ്ട്രീയാവകാശം സംബന്ധിച്ചു ഈ സമുദായങ്ങളൊക്കെ തമ്മിലുള്ള ഇന്നത്തെ മത്സരത്തിനു കാര്യക്ഷമമായ ഉപശാന്തി ഉത്തരവാദിത്വഭരണലബ്ധികൊണ്ടുണ്ടാകാനാണെളുപ്പമെന്നും വിശ്വസിക്കുവാൻ കഴിഞ്ഞേക്കാം. രാഷ്ട്രീയമായ പൌരസമത്വം ക്രിസ്ത്യാനികൾക്കും, ഈഴവർക്കും, മുസ്ലിങ്ങൾക്കും ഒരുപോലെ ഗുണപ്രദമാണെന്ന് അവർ കണ്ടു. അതിലേയ്ക്ക് ഒത്തൊരുമിച്ചു ശ്രമിക്കണമെന്നും അവർ തീരുമാനിച്ചു. ഇതിലേയ്ക്കു രണ്ടുതരത്തിൽ യോജിച്ചു പ്രവർത്തിക്കാമായിരുന്നു. നിലവിലിരുന്ന വർഗ്ഗീയസംഘടനകളെപാടെ ഉപേക്ഷിച്ചുകൊണ്ടു ഈ മൂന്നുകൂട്ടരുംകൂടി ഒരു രാഷ്ട്രീയസംഘടന സൃഷ്ടിക്കണമെന്ന ഒരഭിപ്രായം ഉണ്ടാകാതിരുന്നില്ല. അതു കേവലം അപ്രായോഗികമെന്നു തോന്നിയതിനാലാണ് ഒരോ വർഗ്ഗീയസംഘടനകളിൽ നിന്നു പ്രതിനിധികളെ തിരഞ്ഞെടുത്തു സംയുക്തതത്വത്തിന്മേൽ ഏതാനും നിശ്ചിത കാര്യപരിപാടികൾക്കുവേണ്ടി സമസ്തിരുവിതാംകൂർ സംയുക്തരാഷ്ട്രീയസംഘടനയുണ്ടാക്കിയതു്. ആ സംഘടനയുടെ കാര്യപരിപാടികളിൽ ഒന്നു ഉത്തരവാദിത്വ ഭരണസമ്പാദനവും കൂടിയാണ്. ഈനിലയ്ക്കു നായന്മാരുടെ വർഗ്ഗീയസംഘടനകൂടി സംയുക്തത്തിൽ ചേർന്നു നായർ-ക്രൈസ്തവ-ഈഴവ-മുസ്ലീം സംയുക്തമെന്നവരുത്തി ഉത്തരവാദിത്വഭരണത്തിനായി ശ്രമിക്കുന്നതല്ലയോ നല്ലതെന്നു ചോദിച്ചേക്കാം. സാധിക്കുമെങ്കിൽ അതു നല്ലതുതന്നെ എന്നു ഞങ്ങളും പറയും. പക്ഷെ, അതിപ്പോൾ സാധ്യമാണോ? സാധ്യമല്ലെങ്കിൽ ഇന്നത്തെ സ്ഥിതിക്കു പ്രയോഗികമായ മാർഗ്ഗമെന്തു്? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻറെ പരമമായ ലക്ഷ്യം ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം സമ്പാദിക്കണമെന്നുള്ളതാണ്. ജാതിമതഭേദം കൂടാതെ ഇന്ത്യയെ മൊത്തത്തിൽ ബാധിക്കുന്ന ഒരു പ്രശ്നം അതാകയാൽ കോൺഗ്രസ്സ് ജാതിമതവ്യത്യാസങ്ങൾക്ക് അതീതമായ ഒരു സംഘടനാ സമ്പ്രദായത്തെയാണ് സ്വീകരിച്ചിരിക്കുന്നതു്. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു തടസ്സമായി നിൽക്കുന്ന ഒരു പ്രധാന സംഗതി നമ്മുടെ വർഗ്ഗീയഭിന്നതയാണ്. വർഗ്ഗവ്യത്യാസത്തെ ഇല്ലാതെയാക്കി എല്ലാം ഒന്നാക്കാൻ സാധിക്കുമെങ്കിൽ നന്നു്. അതു അത്ര എളുപ്പമല്ലെങ്കിൽ വർഗ്ഗങ്ങളെത്തമ്മിൽ കഴിയുന്നതും കൂട്ടിയിണക്കുവാനാണു ശ്രമിക്കേണ്ടതു്. നാഷണൽ കോൺഗ്രസ്സിൻറെ ഇപ്പോഴത്തെ പ്രഖ്യാപിതമായ നയമതാണല്ലൊ: അതിനാൽ തിരുവിതാംകൂറിലെ കോൺഗ്രസ്സുകാരും അതിനായി ശ്രമിക്കുമെന്നു നമുക്കു വിശ്വസിക്കാം. ജാതിമതഭേദംകൂടാതെ എല്ലാവർക്കും ചേരാമെന്നുണ്ടെങ്കിലും നമ്മുടെ നാട്ടിലെ ഇന്നത്തെ സ്ഥിതിഗതികൾ പരിഗണിച്ചാൽ തിരുവിതാംകൂറിലെ കോൺഗ്രസ്സ് ഇന്നും അടുത്ത ഭാവിയിലും നായർ പ്രാബല്യമുള്ള ഒരു സ്ഥാപനമായിട്ടേ ഇരിക്കൂ. തന്നിമിത്തം നായന്മാരുടെ സംരക്ഷണാർഹമായ വർഗ്ഗീയതാല്പര്യങ്ങളെ കോൺഗ്രസ്സ് കാത്തുകൊള്ളുമെന്ന കരുതാം. ഇന്നു നിലവിലിരിക്കുന്ന സംയുക്തസംഘടനയെ ഉടയ്ക്കാതെ, കോൺഗ്രസ്സിനും സംയുക്തത്തിനും യോജിച്ചു പ്രവർത്തിക്കാവുന്ന ഒന്നോ രണ്ടോ പ്രശ്നങ്ങളെടുത്തു് പ്രവർത്തനങ്ങളും നടത്തി



മഹാകവി വള്ളത്തോൾ.

അനുമോദനപ്രതിഷേധം

[കെ. കേശവൻ ബി. എ., ബി. എൽ., എം. എൽ. എ.]

ഈഴവക്കു നിയമസഭയിൽ ന്യായമായ പ്രാതിനിധ്യം ലഭിക്കുവാൻ തക്കവണ്ണം സീറ്റു കൾ സംവരണം ചെയ്തുകിട്ടുന്നതിനുവേണ്ടി



ക്രൈസ്തവ-മുസ്ലിം സമുദായങ്ങളോടു ചേർന്നു ഈഴവർ നടത്തിയ നിവർത്തനപ്രക്ഷോഭണത്തിൽ ഉപനായകത്വം വഹിച്ചിരുന്ന മി: സി. കേശവനോടു സഖ്യമനോ സഹകരിച്ചു് നിവർത്തനപ്രസ്ഥാനത്തിൽ എസ്. എൻ. ഡി. പി. യോഗത്തെയും മി. സി. കേശവനേയുംകൊണ്ടു ചെന്നു പുലിവാലുപിടിപ്പിച്ച കാർത്തികപ്പള്ളിയിലെ മി. കെ. എം. കേശവൻ ബി. എ. എന്ന എസ്. എൻ. ഡി. പി. യോഗം എക്സ്

പരീക്ഷിക്കുന്നതിൽ ആക്ഷേപമുണ്ടാകയില്ല. വഴിയില്ല. ഈദൃശപ്രവർത്തനങ്ങളും ബലപ്പെട്ടുവരുമ്പോൾ വ്യക്തികളും, സമുദായങ്ങളും തമ്മിൽത്തമ്മിൽ കൂടുതൽ അടുക്കുന്നതിനും പരസ്പരം അറിയുന്നതിനും ഒരുപക്ഷെ പരസ്പരം സ്നേഹിക്കുന്നതിനും ആദരിക്കുന്നതിനും ഇടവരും. അപ്പോൾ നായർസമുദായം സംയുക്തത്തോടുകൂടി ചേർന്ന് ഒരു നായരീഴവക്രൈസ്തവമുസ്ലിം സംയുക്തത്തെ രൂപവൽക്കരിക്കയോ, അല്ലെങ്കിൽ സംയുക്തത്തെ നാഷണൽ കോൺഗ്രസ്സിൽ ലയിപ്പിക്കയോചെയ്യാം. കോൺഗ്രസ്സിന്റെ പരമമായ ലക്ഷ്യം ദേശീയമാണ്. സംയുക്തത്തിന്റേയും പരമമായ ലക്ഷ്യം ദേശീയമാണ്. ദേശീയത്വം വന്നാൽ വർഗ്ഗീയാസമത്വം തീരുമെന്നു കോൺഗ്രസ്സുകാർ പറയുന്നു. വർഗ്ഗീയാസമത്വം തീരുന്നതുതന്നെയാണു ദേശീയത്വമെന്നു സംയുക്തക്കാരും പറയുന്നു. വർഗ്ഗീയാസമത്വം തീരേണ്ടതു് ആവശ്യമാണെന്നു കോൺഗ്രസ്സും സമ്മതിക്കുന്നു. ഈ സ്ഥിതിക്കു തിരുവിതാംകൂറിലെ കോൺഗ്രസ്സുകാർക്കും സംയുക്തക്കാർക്കും ഉത്തരവാദിത്വഭരണസമ്പാദനകാര്യത്തിൽ ഒരു പദ്ധതി രൂപവൽക്കരിച്ചു ഒരുമിച്ചു പ്രവർത്തിക്കുവാൻ ഏതാനും പ്രമാണികരും മനഃപൂർവ്വം ശ്രമിച്ചാൽ സാധിക്കുമെന്നതന്നെയാണു ഞങ്ങളും ആത്മാർത്ഥമായി വിശ്വസിക്കുന്നതു്. അദ്വൈതമുണ്ടെങ്കിൽ പിന്നെ ദ്വൈതമെന്തിനു്? എന്നു ചോദിക്കുന്നവർ ഗാഢമായി ചിന്തിക്കേണ്ടതു എല്ലാം അദ്വൈതമാണെങ്കിൽ പിന്നെ ദ്വൈതമെങ്ങനെയുണ്ടായി എന്നാണ്. കോൺഗ്രസ്സിന്റേയും സംയുക്തക്കാരുടേയും സാധകങ്ങൾ ഭിന്നങ്ങളാണെങ്കിലും സാദ്ധ്യം ഒന്നാണെന്നു നാം വിസ്മരിക്കരുതു്.

—o—

ജനറൽ സിക്രട്ടറി ഇപ്പോൾ മി. സി. കേശവന്റെ പ്രസ്ഥാനത്തെ മുക്തകണ്ഠം ആക്ഷേപിച്ചുതുടങ്ങിയിരിക്കുന്നു. മി. സി. കേശവൻ നിവർത്തനത്തിനിടയ്ക്കു ജയിലിൽപോയി രണ്ടാണ്ടുകഴിഞ്ഞു പുറത്തുവന്നശേഷം ഒരു പുതിയ പ്രസ്ഥാനത്തിലും ഇതുവരെ ഏർപ്പെട്ടുകണ്ടില്ല. സ്വസമുദായത്തിന്റെ പൌരാവകാശലാഭത്തിനുവേണ്ടി ജയിൽവാസംപോലും വരിക്കേണ്ടിവന്ന മി. കേശവനെ അനുമോദിക്കുവാനും സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും പുറമേയും എസ്. എൻ. ഡി. പി. യോഗപ്രവർത്തകന്മാരും പൊതുവെ സമുദായവും സന്നദ്ധരായി. പല അനുമോദനയോഗവും കെങ്കേമമായി നടത്തിയതു കാണുന്നതുവരെ മൗനം പൂണ്ടിരുന്ന കാർത്തികപ്പള്ളിക്കാരിൽനിന്നു കൂട്ടത്തിൽപിഴച്ചവരെപോലെ ഇപ്പോൾ മി: കെ. എം. കേശവനും അദ്ദേഹത്തിന്റെ ചാർച്ചയിലും വേഴ്ചയിലുംപെട്ട ചിലരും ഇളകിയിരിക്കുന്നതിന്റെ ഉദ്ദേശം എന്തു പൊതിഞ്ഞുവച്ചാലും എല്ലാവർക്കും മനസ്സിലായാവുന്നതാണ്. ഈ പ്രതിഷേധക്കാരുടെ കൂട്ടത്തിൽ ഒരു ബി. എ. ക്കാരനായ മി: കെ എം. കേശവനും ഉൾപ്പെടെ നാലുപേർ സക്കാർ ഉദ്യോഗത്തിനു മോഹിക്കുന്നവരുണ്ട്. മി: സി. കേശവനേയും എസ്. എൻ. ഡി. പി. യോഗത്തേയും പ്രതിഷേധിക്കുന്നതു മതം ഒരവകാശമായിതീരുമെന്നു അവർക്കു പ്രതീക്ഷയുണ്ടായിട്ടാണ്. പ്രതിഷേധക്കാർ പറയുന്ന ആക്ഷേപങ്ങളുടെ അസാധുതയിൽനിന്നു അവരുടെ ആവശ്യം ഇതല്ലാതെ മറ്റൊന്നും ആയിരിക്കാൻ ഇടയില്ലെന്നു കാണാവുന്നതാണ്. ഉദ്യോഗസ്ഥന്മാരുടെ ബന്ധുക്കളും ചിലപ്പോൾ ഇങ്ങനെയുള്ള കോപ്രായങ്ങൾക്കു മുതിരുന്നുണ്ട്. രണ്ടുമൂന്നു വലിയ ഉദ്യോഗസ്ഥന്മാർ ഈ പ്രതിഷേധക്കാരുടെ ബന്ധുക്കളായും ഉണ്ട്. പ്രതിഷേധകന്മാരുടെ ഒരു പ്രധാനമായ ആക്ഷേപം മി: സി. കേശവൻ നിരീശ്വരനും, നിർമ്മതനും ആയതുകൊണ്ടു എസ്. എൻ. ഡി. പി. യോഗത്തിന്റെ ജനറൽസിക്രട്ടറി ആയിരിക്കുവാൻ യോഗ്യനല്ലെന്നാകുന്നു. എസ്. എൻ. ഡി. പി. യോഗത്തിന്റെ പ്രസിഡൻറായ മി. കെ. അയ്യപ്പൻ ബി. എ., എം. എൽ. സി., മി. സി. കേശവനെക്കാൾ കടുത്ത നിരീശ്വരനും നിർമ്മതനുമാണ്. അദ്ദേഹത്തിനുമുമ്പു പ്രസിഡൻറായിരുന്ന മി: സി. കൃഷ്ണൻ ബി. എ. ബി. എൽ. എം. എൽ. സി. യും നിരീശ്വരനും ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം നിർമ്മതനും ആയിരുന്നു. നിർമ്മതന്മാരെയും നിരീശ്വരന്മാരെയും എസ്. എൻ. ഡി. പി. യോഗത്തിന്റെ പ്രധാന പ്രവർത്തകരായി യോഗം തിരഞ്ഞെടുത്തുതുടങ്ങിയിട്ടു സംവത്സരങ്ങൾ പലതുകഴിഞ്ഞു. ഇതരഹിന്ദുക്കൾക്കുപോലും അതിൽ ആക്ഷേപം ഒന്നും ഉണ്ടായില്ല. ഹിന്ദുമതത്തിൽ നിരീശ്വരന്മാർക്കും സ്ഥാനമുണ്ടെന്നു ഹിന്ദുപണ്ഡിതന്മാർ മുക്തകണ്ഠം ഘോഷിക്കുന്നുണ്ട്. ഈശ്വരനില്ലെങ്കിൽ മതം ഇല്ലെന്നുള്ളതു നിശ്ചയമാകയാൽ നിരീശ്വരനെന്നും നിർമ്മതനെന്നും പറയുന്നതു സൂക്ഷ്മത്തിൽ പര്യായങ്ങൾ മാത്രമാകുന്നു. മതം മനുഷ്യനു ഒരു ദൈവത്തെയും മാത്രമേ ആവശ്യമായിരിക്കുന്നുള്ളൂ. അതു കടന്നവർ മതത്തിനു ഉപരിയാണ്. അവർ ഒരു മതത്താലും ബദ്ധരല്ല. ധർമ്മാധർമ്മങ്ങൾ തിരിച്ചറിഞ്ഞു സത്യം, അഹിംസ, അവ്യഭിചാരിത്വം മുതലായവയിൽ അവർക്കു സ്ഥിരതയുണ്ടായിരിക്കുന്നുമെന്നു മാത്രമേ സമുദായം അവരോടു ആവശ്യപ്പെടുകയുള്ളൂ. ആ ഗുണങ്ങളും മി: കെ. എം. കേശവനെക്കാളും തുലോം അധികം മി: സി. കേശവനുണ്ടെന്നു എല്ലാവർക്കും അറിയാം. മി: കെ. എം. കേശവന്റെ സത്യസന്ധതയുടെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കണ്ട രണ്ടു വ്യാജപ്രസ്താവനകൾ ദൃഷ്ടാന്തത്തിനു ഉദാഹരിക്കാവുന്നതാണ്. മി: ടി. കെ. മാധവനോടു ചേർന്നു സംഘടന നടത്തിയതിനു 20-രൂപ മാത്രമേ മി: കെ. എം. കേശവൻ പ്രതിഫലം പറ്റിയുള്ളൂ എന്നു പൊന്നുക്കായ്ക്കും അദ്ദേഹം പറയുന്നുണ്ട്. ആരോടും ചേരാതെ മി: കെ. എം. കേശവൻ തനിച്ചു സംഘടന നടത്തി ഒരംഗത്തെമാത്രം സംഘടനയിൽ ചേർത്തതിനു 75-രൂപയോളം പ്രതിഫലം വാങ്ങിയതിന്റെ കണക്കു യോഗം ആഫീസിൽ ഉണ്ട്. 60,000 അംഗങ്ങളെ ചേർത്ത മി: മാധവനു് 30,000 രൂപ കമ്മിഷൻ കിട്ടിയതും 3,000-ൽപരം രൂപാ എസ്. എൻ. ഡി. പി. യോഗത്തിനു കടംപറഞ്ഞു നിരുത്തിയതും മി: മാധവൻ മാത്രം വിഴുങ്ങിയതാണോ അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരായിരുന്ന മി: കെ. എം. കേശവൻ മുതൽപേർ പങ്കുവച്ചു പറ്റിയതാണോ എന്നറിവാൻ മി: മാധവൻ മടങ്ങിവന്നാലാതെ ഇനി നിവൃത്തിയില്ലല്ലൊ. മറ്റൊരു വൻകായ്ക്കും മി: കെ. എം. കേശവൻ പറയുന്നതു തന്റെ വലിയപ്പൂപ്പനായിരുന്ന ആലുംമൂട്ടിൽ ചാന്നാർ പ്രതിമാസം 150-ഉറുപ്പിക വാടക കിട്ടുന്ന ഒരു കെട്ടിടം മദ്രാസിൽ വാങ്ങി എസ്സ്. എൻ. ഡി. പി. യോഗത്തിനു കൊടുത്തതു് മി: സി വി. കുഞ്ഞുരാമന്റെ കൃത്രിമംകൊണ്ടു് യോഗത്തിനു നഷ്ടംവന്ന എന്നാണ്. ആലുംമൂട്ടിൽ ചാന്നാർ മദ്രാസിലുള്ള ഒരു കെട്ടിടം ശ്രീനാരായണഗുരുസ്വാമിക്കു ശ്രീനാരായണമിഷൻ നടത്തുന്ന വകയ്ക്കു (എസ്. എൻ. ഡി. പി. യോഗം നടത്താനല്ല) എഴുതികൊടുത്തതും, തിരിയെ എടുത്തതും, തിരിയെ എടുത്ത കാരണത്താൽ ചാന്നാർക്കു ഉന്മരണം സംഭവിച്ചു എന്നു വിശ്വസിച്ചു സമുദായനന്മയ്ക്കുവേണ്ടി സ്വാമിക്കു തിരിയെ എഴുതികൊടുക്കുവാൻ ചുമർചപ്പെടുത്തിയിരുന്ന ആലുംമൂട്ടിലെ ഒരംഗം സന്ന്യാസി സംഘത്തിനു അതെഴുതികൊടുത്തതും പലരും അറിഞ്ഞിട്ടുള്ള കാര്യമാണ്. എസ്. എൻ. ഡി. പി. യോഗത്തിനായിട്ടു ചാന്നാരുതു കൊടുത്തതുമില്ല; അഞ്ഞൂറുരൂപാ കൊടുത്തു എസ്. എൻ. ഡി. പി. യോഗത്തിന്റെ ജീവിതകാല ഡയറക്ടറായിരിക്കാമെന്നു ചാന്നാർ രേഖാമൂലം ചെയ്ത വാഗ്ദാനം നിറവേറിയതുമില്ല. ശ്രീനാരായണഗുരുസ്വാമി അദ്ദേഹത്തിന്റെ അനന്തരാവകാശിയായ ബോധാനന്ദസ്വാമിയുടെ പേക്ഷവിൽപത്രം എഴുതിവച്ചതു മി: സി. വി. കുഞ്ഞുരാമൻ യോഗം ജനറൽ സിക്രട്ടറി ആകുന്നതിനു വളരെമുമ്പു മി: എൻ. കുമാരൻ (ഹൈക്കോർട്ട് ജഡ്ജി) ജനറൽസിക്രട്ടറി ആയിരിക്കുമ്പോഴാണ്. അസാധുവായ ആ പ്രമാണത്തെ വകവയ്ക്കേണ്ടതില്ലെന്നായിരുന്നു മി: കുമാരന്റെ അഭിപ്രായം. അതിനാൽ ആരും അതിനെക്കുറിച്ചു ഒന്നും ചെയ്യാതിരുന്നതാണ്. സന്ന്യാസിമാരും എസ്. എൻ. ഡി. പി. യോഗവും തമ്മിൽ കേസുനടത്തുവാൻ വാദിയായി മി: സി. വി. കുഞ്ഞുരാമൻ പുറപ്പെട്ടതു് അദ്ദേഹത്തി

ന്റെ വധമേധയായിട്ടല്ല, എസ്. എൻ. ഡി. പി. പൊതുയോഗത്തിൽനിന്നു അദ്ദേഹത്തെ അതിനു ചുമതലപ്പെടുത്തിയതുകൊണ്ടാണ്. അതിനുള്ള അന്യായം തയ്യാറാക്കിയതു മെസ്സേഴ്സ് സി. വി. കുഞ്ഞുരാമനും, കോമലേഴത്തു ശങ്കരൻ ബി. എ. ബി. എൽ-ലും (ജഡ്ജി)കൂടിയാണ്. കേസുകൊടുക്കുവാൻ ഉദാസീനനായിരുന്ന മി: സി. വി. കുഞ്ഞുരാമനെ അതിനു നിർബന്ധിച്ചുവരിൽ അഗ്രഗണ്യൻ മി: ടി. കെ. മാധവനായിരുന്നു എന്നു മി: കെ. അയ്യപ്പൻ ബി. എ., എം. എൽ. സി. സാക്ഷിപറയും. കേസ് ആരംഭിച്ച ആറുമാസക്കാലത്തിലധികം മി. കുഞ്ഞുരാമൻ കേസ് നടത്തുന്നതിൽ ചുമതലക്കാരനായിരുന്നില്ല. അദ്ദേഹത്തിന്റെ ശേഷം ഒന്നരസംവത്സരക്കാലം ജനറൽസിക്രട്ടറി ആയിരുന്ന മി: കെ. എം. കേശവനായിരുന്നു അതിന്റെ ചുമതല. സ്വാമിയുടെ സ്വത്തിനു സവ്വകാശം പറഞ്ഞു സന്യാസിമാരോടു, സന്യാസിമാരുടെ അവകാശത്തെ നിഷേധിക്കാതിരിക്കുവാൻ യോഗത്തിനു നിവ്വാഹമില്ലായിരുന്നു എന്നു യോഗനിബന്ധനയിലെ മെമ്മോറാണ്ടം വായിച്ചാൽ ഏതു കുശവനും അറിയാവുന്നതാണ്. മി. കെ. എം. കേശവൻ അതറിയാത്തതു കുറവല്ല. മി. സി, കേശവനെക്കുറിച്ചു ഈഴവസമുദായത്തിനു പൊതുവെ ഉണ്ടായിതീന്നിട്ടുള്ള വിശ്വാസബഹുമാനാദികളിൽ ചില പ്രമാണിവേഷക്കാക്കുണ്ടായ അസൂയയ്ക്കു പൊട്ടി പുറപ്പെടുവാൻ മി. കെ. എം. കേശവന്റെ മുഖഗഹ്വരം ഉപകരണമായിതീർന്ന ശബ്ദകോലാഹലമാണ് കാത്തികപ്പള്ളിയിൽ ഈയിടെ കേട്ടുതുടങ്ങിയിരിക്കുന്നതു്. ആ കാത്തികപ്പള്ളിയിലെ എസ്. എൻ. ഡി. പി. യോഗക്കാക്കു മി. കെ. എം. കേശവൻമുതൽ പേരുടെ സ്വാർത്ഥോദ്ദേശത്തോടുകൂടിയ ഇളകിയാട്ടംകണ്ടാൽ മി. സി. കേശവനോടുള്ള ബഹുമതിക്കു യാതൊരു ഇളക്കവും തട്ടിയിട്ടില്ലെന്നു അഭിരേണ ബഹുജനങ്ങൾക്കു ബോധ്യംവരുന്നതാണ്. മി. കേശവനെക്കുറിച്ചുള്ള അനുമോദനങ്ങളെ നീരോധിച്ചാൽകൊള്ളാമെന്നു അത്യാഗ്രഹമുള്ള കാത്തികപ്പള്ളിയിലെ സവ്വീസുസൊസൈറ്റിക്കാരും ഈ പ്രതിഷേധത്തെ പ്രോൽസാഹിപ്പിക്കുന്ന പങ്കുകാരാണെന്നുള്ള പരമാർത്ഥത്തിൽനിന്നുതന്നെ പ്രതിഷേധത്തിന്റെ ഉൽപ്പത്തി ഏതെല്ലാം വഴികളിൽകൂടിയാണെന്നു ബുദ്ധിയുള്ളവക്കു ഊഹിച്ചറിവാൻ കഴിയുന്നതാണ്.

മി. സി. കേശവൻ ജയിലിൽനിന്നിറങ്ങിയ ദിവസംതന്നെ ക്ഷേത്രപ്രവേശനവിളംബരത്തെക്കുറിച്ചു മറ്റു ആരും അഭിനന്ദിച്ചതിൽ കൂടുതൽ ശക്തിയോടുകൂടി അഭിനന്ദിച്ചു മാതൃഭൂമിലേഖകനു സ്റ്റോറുമെൻറു കൊടുത്തിട്ടുണ്ട്. അതു മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഏകദേശം അതുപോലെ ശക്തിമത്തായി കേരള കൌമുദിയിലും മി. സി. കേശവന്റെ മറെറാരു സ്റ്റോറുമെൻറു പ്രസിദ്ധപ്പെടുത്തിക്കണ്ടു. മാതൃഭൂമിയുടെ ക്ഷേത്രപ്രവേശനവിശേഷാൽ പ്രതിയിൽ വിളംബരത്തിന്റെ രാഷ്ട്രീയവും സാമുദായികവുമായ ഫലങ്ങളെ അവരുടെ ആവശ്യപ്രകാരം വിവരിച്ചു മി. സി. കേശവൻ ഒരു ലേഖനം എഴുതിയിട്ടുണ്ടെന്നുള്ള വിവരവും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. സ്റ്റോറ്വനിമ്മാണത്തിനു മി. സി. കേശവനൊ എസ്. എൻ. ഡി. പി. യോഗമോ സംഭാവന ഒന്നും ചെയ്തിട്ടില്ലെന്നു തന്റെ വീതം സംഭാവനകൊടുത്തു സംതൃപ്തനായി മി. കെ. എം. കേശവൻ അപരാധാരോപണംചെയ്യുന്നുണ്ട്. സംഭാവനലിസ്റ്റു ഇതേവരെ ക്ലോസുചെയ്തിട്ടില്ല മി. കേശവനും തന്നാലായ സംഭാവന ചെയ്യാതിരിക്കയില്ലെന്നാണു എന്റെ വിശ്വാസം. മി. സി. കേശവൻ പത്മനാഭസ്വാമിക്ഷേത്രത്തിൽ ഇതേവരെ സന്ദർശനംനടത്തിയില്ലെന്നാണു മറെറാരാക്ഷേപം. ഇതു ഒരാളെ സംബന്ധിച്ചു ഒരാക്ഷേപമായി പറയാവുന്ന കാര്യമല്ലെന്നാണു എന്റെ വിശ്വാസം. മി. സി. കേശവനും പത്മനാഭസ്വാമിക്ഷേത്രത്തിൽ പോയാൽ കൊള്ളാമെന്നു ആഗ്രഹം ഉള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ട്. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നു ഈഴവരെ പഠിപ്പിച്ച ശ്രീനാരായണഗുരുസ്വാമി മറു മതങ്ങളിൽ വിശ്വാസമില്ലാത്ത ഒരു പച്ച ഹിന്ദുവായിരുന്നു എന്നു ചിലർ ഈയിടെ വരുത്തിക്കൂട്ടുവാൻ ചെയ്യുന്ന സാഹസംകണ്ടാൽ ഒന്നോളള്ളു എന്നു പറയുന്ന അദ്വൈതവും, ഒന്നല്ല രണ്ടുണ്ടെന്നു പറയുന്ന ദ്വൈതവും ഒന്നാണെന്നു പറയുന്ന വേദാന്തികളുടെ വാദഗതിയാണ് ഓമ്മവരുന്നതു്. കാലവശത്തിനു ഈയ്യാംപാറ്റ ഇളകുംപോലെയുള്ള ഈമാതിരി ഇളക്കങ്ങളെ കാര്യവിവരമുള്ളവർ വകവെയ്ക്കുന്നതല്ലെന്നുള്ള വിശ്വാസത്തോടുകൂടി ഈ ലേഖനം ഉപസംഹരിക്കുന്നു.

—o—

കൊച്ചി വിശേഷങ്ങൾ

കൊച്ചി സക്കാരിലേക്കുള്ള അവകാശംകൊടുത്തു തീട്ടരം വാങ്ങാതെ താഴെപറയുന്നവയിൽ ഏതെങ്കിലും നടത്തിയാൽ ഇപ്പോഴും അതു കുറകരമായ പ്രവത്തി എന്ന സക്കാരിൽനിന്നു ഗണിച്ചു വിചാരണനടത്തി ശിക്ഷിക്കുന്നതുണ്ട്.

1. ഭക്ഷണവിഷയത്തിൽ

കല്യാണം, മാസം മുതലായ അടിയന്തിരങ്ങൾക്കു വലിയ പപ്പടം, പഞ്ചസാര, ശക്കരയുപ്പേരി മുതലായതു ഉപയോഗിക്കുക.

2. ആഘോഷങ്ങൾ

കല്യാണത്തിനു തട്ടിട്ടു ആദിത്യൻ തൊഴുക, ആനപ്പുറത്തു മുല്ലകൊണ്ടുവരിക, കൊട്ട, വാദ്യം മുതലായതു ഉപയോഗിക്കുക.

3. ആഭരണങ്ങൾ ധരിക്കുന്നതിൽ

എ. കട്ടക്കൻ സാധാരണയായുള്ളതും തോട്ടിക്കടുക്കനായുള്ളതും ഇടുക.

ബി. സ്ഥാനികളും അവരുടെ ഭാര്യമാരും അവരുടെ മറുസ്ത്രീകളും തീട്ടരനിശ്ചയംപോലെ ഒരുകൈക്കൊ രണ്ടുകൈക്കൊ സ്വർണ്ണംകൊണ്ടുള്ള ഒഴുക്കൻ വളയൊ രൂപംകുത്തിയ വളയൊ ധരിക്കുക.

സി. തീട്ടരനിശ്ചയപ്രകാരം ഒരുകൈക്കൊ രണ്ടുകൈക്കൊ വിരുതും വീരചങ്ങലയും ധരിക്കുക.

ഡി. സ്ത്രീകൾ കാലിന്മേൽ തളയിടുക.

ഇ. അരയിൽ പൊന്നോലസ്സുകെട്ടുക.

4. ആയുധങ്ങൾ, വടികൾ മുതലായതു കൊണ്ടുനടക്കുന്നതിൽ

എ. പൊന്നിൻകാവുവാൾ, വെള്ളിമൂടിയ വാൾ ധരിക്കുക.

ബി. പുലിത്തോൽ പരിച പിടിക്കുക.

സി. മുമ്പിൽ പരിച പിടിപ്പിക്കുക.

ഡി. പൊന്നുകെട്ടിയ വടി, വെള്ളികെട്ടിയ വടി ഉപയോഗിക്കുക.

ഇ. പൊന്നിൻ പിശ്ശാങ്കത്തി, പൊന്നെഴത്താണി ഉപയോഗിക്കുക.

5. വസ്ത്രംധരിക്കുക കൊടപിടിക്കുക എന്നതിൽ—

എ. വെള്ളക്കുപ്പായം, തലപ്പാവു ഉറുമാൽ, വീരവിളിപ്പട്ടു, ചകലാസുതൊപ്പി ഇതുകളും ധരിക്കുക.

ബി. സാധാരണ ഓലക്കുട, നെടിയടി കുട, പട്ടുകുട, വെയിക്കുട പിടിക്കുക.

സി. പിണ്ഡമിട്ട കുളിക്കു കുടകുത്തുക.

6. ദീപങ്ങൾ ഉപയോഗിക്കുന്നതിൽ—

എ. പകൽ വിളക്കു, ചങ്ങലവിളക്കു, കുത്തുവിളക്കു, ദീവട്ടി, പന്തക്കുഴ ഉപയോഗിക്കുക.

7. കെട്ടിടങ്ങൾ—എട്ടുപുകൾ പണിയിക്കുന്നതിൽ

പടിപ്പുര, കുളപ്പുര, കൊട്ടോമ്പടി ഉണ്ടാക്കുക.

8. വാഹനങ്ങളുടെ ഉപയോഗം

കുതിരകയറി നടക്കുക, മഞ്ചൽ കയറുക.

9. അടിയന്തരാദികർമ്മങ്ങൾക്കുള്ള സ്ഥാനമാനങ്ങൾ

കല്യാണത്തിനു ആദ്യകാലിന്മേൽ പുരകെട്ടുക, കുറിത്തട്ടു് ഇട്ടു് ആദിത്യനെ തൊഴുക, തങ്ങൾക്കു തെളിഞ്ഞ ഈഴവാത്തിയെ വിവത്തിപാടിക്കുക.

10. സംസ്കാരം മുതലായ അപരക്രിയകൾക്കു

പിണ്ഡം ഇട്ട മുഴക്കുക, പുലകുളിക്കു വെടിവാദ്യം മുതലായതു്.

11. മറു സ്ഥാനമാനങ്ങൾ

വാദ്യം, വീണ്ടുവാദ്യം, വാവാട, നട, ആവട്ടം, വെഞ്ചാമര, കൊടി, കതിനാവെടി, അടിയന്തിരങ്ങൾക്കു ചെമ്പിട്ടുവെയ്പിക്കുക, കുറിത്തട്ടിട്ടു കളിക്കുക.

1089 കന്നി 4. കൊ. രാ. ച. 2. 17

—

ഈഴവാത്തികം

സാമുദായികമായും, സാമ്പത്തികമായും, ഈഴവ സമുദായത്തെ മാത്രം ആശ്രയിച്ചും അനുകരിച്ചും കഴിഞ്ഞുവരുന്ന ഒരു ന്യൂനപക്ഷ സമുദായമാണ് "ഈഴവാത്തികം". ഇവർ എല്ലാ ഈഴവകാളനികളിലും ഈഴവരോടനുകൂലിച്ചു താമസിച്ചു വരുന്നു. എന്നാൽ ഇവർക്കു് പറയത്തക്ക സംഘടനയോ, വിദ്യാഭ്യാസമോ ഇല്ല. ഇവരെ ഗവൺമെൻറ് ഏതു വിഭാഗത്തിലാണുൾപ്പെടുത്തിയിട്ടുള്ളതെന്നു അറിഞ്ഞുകൂടാ. ഇവർ എല്ലാ എസ്. എൻ. ഡി. പി. ശാഖകളിലും ഈഴവസമുദായത്തോടനുകൂലിച്ചു താമസിക്കുന്നുണ്ടെങ്കിലും അവരെ ശാഖാംഗങ്ങളായി ഇതുവരെയും ഗണിക്കപ്പെട്ടിട്ടില്ലെന്നുള്ളതു് വ്യസനകരമാണ്. ഇവരിൽ കുറഞ്ഞൊരു കുട്ടർക്കു് ചില പെറിയ പരീക്ഷായോഗ്യതയുണ്ടായിട്ടും ഉദ്യോഗങ്ങളും ഇതുവരെയും ലഭിച്ചിട്ടില്ല. ഇപ്രകാരം പലവിധ അവശതകളും അനുഭവിച്ചു അടങ്ങിയൊതുങ്ങിത്താമസിക്കുകയാണ് ചെയ്യുന്നതു്. എന്നാൽ ഇവരുടെ അവശതകളെ പരിഹരിക്കുന്നതിനു് പര്യാപ്തമായ ഒരു പരിപാടിയും സമുദായാഭിവൃദ്ധിക്കനുസരണമായ പദ്ധതികളും, ചരിത്രപ്രധാനങ്ങളായ വല്ല സംഭവങ്ങളും, ഈഴവാത്തികളുടെ ചരിത്രത്തിലുണ്ടെങ്കിൽ അതും, ഈ സാധുസമുദായത്തിനുവേണ്ടി "കൌമുദി"വഴി ഉൽബോധിപ്പിക്കുവാൻ ദയവുണ്ടാകണമെന്നു് താഴ്മയായി അപേക്ഷിക്കുന്നു.

എന്നു്,
സി. ബാവ,
കലവൂർ.

ആ നല്ലവർ

[കെ. പി. ശങ്കരമേനോൻ ബി. എ., ബി. എൽ]

"ആകപ്പാടെ ആലോചിച്ചുനോക്കുകയാണെങ്കിൽ നമ്മിൽ പലരുംതന്നെ നമ്മുടെ ആവശ്യങ്ങളിലും, ആദർശങ്ങളിലും, ഉദ്ദേശങ്ങളിലും വളരെ സാദൃശ്യമുള്ള ഒരു സംഘം നല്ലയാളുകളുംതന്നെയാണ്" എന്നാണ് ഹോർഡർപ്രഭൃതി അദ്ദേഹത്തിന്റെ പുതിയ കൃതിയായ "ആരോഗ്യവും, ഒരു ദിവസവും" എന്ന ഗ്രന്ഥത്തിൽ പറയുന്നത്. ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം ഒരു പക്ഷേ ഈ അഭിപ്രായം ശരിയായിരിക്കും. ആധുനികലോകത്തിന്റെ ഇന്നത്തെ ആകപ്പാടെയുള്ള സ്ഥിതിയെപ്പറ്റി ആലോചിക്കുകയാണെങ്കിൽ നമ്മുടെയിടയിൽ വളരെക്രൂരതലായി പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് വിചാരിക്കുവാൻ വഴികാണുന്നില്ല.

ചൈന, സ്പെയിൻ, ഇറാലി, ജർമ്മനി, മോസ്കോ മുതലായ പ്രദേശങ്ങളിൽനിന്നും നമുക്ക് ലഭിക്കുന്ന വാർത്തകൾ ഒട്ടുംതന്നെ ആശ്വാസകരമായിട്ടുള്ളവയല്ല. അസ്വതന്ത്രരും, ശാസ്ത്രീയപുരോഗതിയിൽ വലിയ നേട്ടങ്ങൾ നേടിയിട്ടില്ലാത്തവരും, എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ അതിപുരാതനമായ കാലംമുതൽക്കുള്ള ഒരു വിപുലമായ സംസ്കാരത്തിന്റെ അവകാശികളുമായിരിന്നിട്ടുള്ള ഒരു ജനസമൂഹവും, ആധുനികപരിഷ്കാരത്തിന്റെ നാനാമുഖമായ വശങ്ങളിൽക്കൂടിയും പുരോഗതി എത്രയും ചെറിയ ഒരു കാലഘട്ടത്തിനുള്ളിൽ പ്രാപിച്ചു ഇന്നത്തെ ലോകമഹാരക്തികളിൽ ഒന്നായിതീർന്നിട്ടുള്ള ഒരു വ്യാവസായികരാജ്യവും തമ്മിലുള്ള ഒരു വൻപിച്ച സംഘട്ടനത്തിന്റെ മാറ്റൊലിയാണ് ഇന്ന് പൂർവ്വപ്രാന്തങ്ങളിൽ നിന്നും നാം കേൾക്കുന്നത്. ഒരേപ്രകാരത്തിൽ സ്വാധീനശക്തിയുള്ള രണ്ടു ആഭ്യന്തരകക്ഷികളുടെ പരസ്പരം എതിർപ്പിൽനിന്നും ജാതമാകുന്ന പൈശാചികമായ ക്രൂരതയുടെ ഘോരരംഗമാണ് നാം സ്പെയിനിൽ ഇന്ന് ദർശിക്കുന്നത്. വിവിധരീതിയിലുള്ള രാഷ്ട്രീയസർവ്വാധിപതികളാൽ ദൈനംദിനം അവഹേളനത്തിന് വിധേയമായിത്തീരുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്റെ ധ്വംസനാരവമാണ് ഇന്ന് ഇറാലിയിലും, ജർമ്മനിയിലും, റഷ്യയിലും മുഴങ്ങുന്നത്. പല ആദർശങ്ങളോടുകൂടി ജീവിക്കുന്ന സാമ്പത്തികവർഗ്ഗക്കാരുടെ ആഭ്യന്തരകോലാഹലങ്ങളും, തൽഫലമായി ജാതമായിട്ടുള്ള വൻപിച്ച തൊഴിലില്ലായ്മയുമാണ് ഇന്നത്തെ ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും ജീവിതത്തിന്റെ പ്രത്യേകതകൾ. സാമൂഹ്യരായി ഇവയെപ്പറ്റി ചിന്തിക്കുമ്പോൾ ലോകത്തിലെ ഭൂരിഭാഗം ജനങ്ങളും, പരിതുഷ്യവും പരിപാവനവുമായ നമ്മുടെ മാതൃഭൂമിയും വിധേയരായിട്ടുള്ളവരാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആദർശങ്ങളിലും ആവശ്യങ്ങളിലും ഉദ്ദേശങ്ങളിലും സാദൃശ്യമുള്ള ഒരുകൂട്ടം നല്ലയാളുകൾ അണോ ഈ സാർവ്വത്രികമായ സമരസന്നദ്ധതയെ സ്വാഗതംചെയ്യുന്നത്? ഇത് ആധുനികലോകത്തെ സത്യാത്മകമായി ദർശിക്കുമ്പോൾ കാണുന്ന കാഴ്ചയാണ്.

ഇനി നമുക്ക് ആധുനികകലാകാരന്മാരുടെ ഭാവനാപരമായ സൃഷ്ടികളിലേക്ക് ഒന്നു നോക്കാം. ഒരുപക്ഷേ ഈ കലാകാരന്മാരിൽ പലരും ഇന്ന് ലോകത്തിൽ വളരെ നല്ലയാളുകൾ ഉണ്ടെന്ന് സമ്മതിക്കുമായിരിക്കും. അവർ യഥാർത്ഥ ജീവിതത്തെയാണോ അവരുടെ സാഹിത്യകൃതികളിൽ പ്രതിബിംബിപ്പിക്കുന്നത്? യഥാർത്ഥത്തിൽ മനുഷ്യരിൽ ഉള്ളതിൽ എത്രയെങ്കിലുമായാലും നന്മയെയാണ് ഇന്നത്തെ കുറ്റാന്വേഷകകഥകളിലും, മറ്റു സാഹിത്യകൃതികളിലും പൊതുവെ അവർ പ്രദർശിപ്പിക്കുന്നത്. "ഇന്നത്തെ ജനസാമാന്യം നന്മയുള്ളവർതന്നെ; പക്ഷേ അത്തരം നന്മയല്ലാ ആധുനികനോവലുകൾക്കാവശ്യം" എന്ന് പറയുവാൻ മടിക്കാത്ത പല നോവലെഴുത്തുകാരും ഇന്ന് പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടല്ലോ! മനുഷ്യരുടെ തിന്മകളും, കുറ്റങ്ങളും കുറവുകളും, ഇന്ന് സത്യാത്മകമായി പരിശോധിച്ചാൽ കാണാൻ കഴിയുന്നതിൽ വളരെ കൂടുതലായിട്ടാണ് പലരും ഇന്ന് അവരുടെ ഭാവനയിൽ മാത്രം സ്ഥിതി ചെയ്യുന്ന സാഹിത്യലോകത്തിൽ ചിത്രീകരിക്കുന്നത്. "നന്മയുടെ പരിപൂർണ്ണതയിൽ തിളങ്ങുന്ന ആ ഘോരവ്യക്തിയെ" അതേ രീതിയിൽ ചിത്രീകരിക്കുന്നതിന് ഇഷ്ടപ്പെടുന്ന സാഹിത്യകലാകാരന്മാർ ഇന്ന് വളരെ കുറവാണ്. ആധുനിക കല്പിതകഥാസാഹിത്യത്തിലെ പാത്രങ്ങളുടെ സ്വഭാവചിത്രീകരണത്തെ അപഗ്രഥിച്ചു അതിനെ പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുള്ള ഒരാളാണ് സർ ആൻഡ്രൂമാക്ഫെയൽ. അദ്ദേഹത്തിന്റെ അഭിപ്രായം ഇന്നത്തെ നോവലുകളിലെ കഥാപാത്രങ്ങളിൽ താരതമ്യേന അധികമായി പ്രത്യക്ഷപ്പെട്ട കാണുന്നത് നന്മയെക്കാൾ തിന്മയാണെന്നാകുന്നു. ഇതിനുള്ള കാരണം തേടേണ്ടതുതന്നെ. തീർച്ചയായും തിന്മയെ പറ്റിയുള്ള ഈ ഗ്രന്ഥകാരന്മാരുടെ അനുഭവത്തിൽ അല്പം നേരെമറിച്ച് ഇന്നത്തെ വായനക്കാരുടെ മനഃസ്ഥിതിയിൽ ആണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. കാരണം എന്തുതന്നെയായാലും മേൽകാണിച്ച പ്രസ്താവനയിൽ ഒരു വലിയ സത്യം അന്തർഭവിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. ആധുനിക ആഖ്യായികാകർത്താക്കൾ വർത്തമാനകാലത്തെ അതിശയോക്തി കൂടാതെ അതേ രീതിയിൽ പ്രതിഫലിപ്പിച്ചു നാം എല്ലാം മിക്കവാറും നല്ലവരാണെന്ന ചിത്രീകരിക്കുന്നതിൽ വിമുഖന്മാരായിട്ടാണ് കാണപ്പെടുന്നത്.

ഇന്നത്തെ ഭരണധുരന്ധരന്മാരായ സർവ്വാധിപതികളുടെ കാര്യം നോക്കുകയാണെങ്കിൽ അവരും പ്രായേണ നല്ലവരാണെന്ന് കാണാൻ പ്രയാസമില്ല. പിന്നെ എന്താണ് അവർ തമ്മിൽ അവരെപ്പറ്റി ഒരു അവജ്ഞയുളവാകുന്നത്? അത് മറ്റൊന്നുമല്ല; വ്യക്തിപരമായി നിരീക്ഷണം ചെയ്യുമ്പോൾ നല്ലവർ എന്ന് നമുക്ക് തോന്നിയേക്കാവുന്ന ഇക്കൂട്ടരിൽ പലരും, ഒരു സർവ്വാധിപതിയെന്ന നിലയിൽ നമുക്ക് അരോചകരും, നന്മയെക്കാൾ തിന്മയാൽ അനുഗൃഹീതരും ആണെന്ന് തോന്നിയേക്കാം. ഇതിന് ഉത്തരവാദം വഹിക്കുന്നത് അവരുടെ രാഷ്ട്രീയവും സാമൂഹ്യവുമായ സ്വാർത്ഥപ്രതിപത്തിയല്ലാതെ മറ്റൊന്നുമല്ല. ഈ അതിയായ സ്വാർത്ഥവും, സാമ്രാജ്യദുർമ്മോഹവും മാത്രമാണ് അവരെ, മറ്റുള്ളവരെക്കാൾ ചീത്തയാളുകളായി ചിത്രീകരിക്കുന്നതിന് ഇടയാക്കുന്നത്. ഈ ദുഷ്യങ്ങൾ അഥവാ തിന്മകൾ അവരുടെ ഇന്നത്തെ ആകപ്പാടെയുള്ള നന്മയെ അവലംബം ചെയ്യുന്നു. [ഒരു പ്രത്യേകതരത്തിലുള്ള സാമൂഹ്യജീവിതാസക്തിയാണ് ഈ സർവ്വാധിപതികളിൽ കാണുന്ന അനാകർഷകമായ സ്വാർത്ഥത്തിന് അടിസ്ഥാനമെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. അവരിൽ പലരും സ്വാർത്ഥമോഹത്താൽ പ്രചോദിതരായ ഏതാനും പ്രക്ഷോഭണക്കാരുടെ വിദ്വേഷരൂപേണയുള്ള വിദ്വാഹസ്സങ്ങളിലെ ആയുധപാത്രം മാത്രമാണ്. ഈ ചിന്ത ഇവിടെ നിലക്കട്ടെ.

ആധുനിക മനുഷ്യനെ യഥാർത്ഥത്തിൽ ദുഷിപ്പിക്കുന്നതെന്താണെന്നുള്ള വിഷയത്തെപ്പറ്റി വിചിന്തനം ചെയ്യുകനോക്കാം. ധനാർത്തിയാണെന്നാണ് സാധാരണക്കാർ പറയുവാൻ ഇടയുള്ളത്. ധനാർത്തി എന്നത് അതി വിപുലമായ ഒരാശയത്തെയാണ് ഉൾക്കൊള്ളുന്നത്. വെറും 'പണത്തിനുള്ള ആഗ്രഹ'മെന്നുള്ള അർത്ഥത്തെ മാത്രമേ അവർ അതിൽ വിവക്ഷിക്കുന്നുള്ളൂ. പണത്തിനുള്ള ആഗ്രഹം തീർച്ചയായും മനുഷ്യനെ ദുഷിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ പ്രധാനമായ മറ്റൊരു സംഗതിയാണ് പ്രശസ്തിക്കുള്ള ആശയും. വ്യക്തികളെ ദുഷിപ്പിക്കുന്ന രണ്ടു കാര്യങ്ങളും ഒരു പക്ഷേ ഇവയായിരിക്കും. ഒരു വ്യക്തിയെ വ്യക്തിയെന്ന നിലയിൽ മാത്രം ഗണിക്കുമ്പോഴേ ഇവയ്ക്ക് പ്രാധാന്യം ലഭിക്കുന്നുള്ളൂ.

വിപുലമായ സമൂഹത്തിലെ ഒരു അംഗം എന്ന ഒരുനിലയും വ്യക്തിക്കുണ്ട്. ആ നിലയ്ക്ക് സമൂഹത്തേയും, സാമൂഹ്യജീവിതത്തേയും സ്പർശിക്കുന്ന സകല വിഷയങ്ങൾക്കും, വ്യക്തിയും വിധേയനാണ്. അതുകൊണ്ട് ആധുനികസാമൂഹ്യജീവിതത്തെ ദുഷിപ്പിക്കുവാൻ ഇടയാകുന്ന സകലതും, മനുഷ്യവ്യക്തിയുടെ ജീവിതപന്ഥാവിനേയും അലങ്കോലപ്പെടുത്തുമെന്നുള്ളത് തീർച്ചതന്നെ.

ഇപ്രകാരം സമൂഹത്തേയും, സാമുദായികജീവിതത്തേയും ദുഷിപ്പിക്കുന്നതിൽ അതിപ്രധാനമായത് ആധുനികഭരണകർത്താക്കളുടെ രാഷ്ട്രീയമോഹങ്ങൾതന്നെ. നിരവധി ദുർമ്മോഹങ്ങളും, അത്യാശകളുമില്ലാത്ത ഒരൊറ്റസ്വതന്ത്രരാഷ്ട്രംപോലും ആധുനികലോകത്തിലില്ല. അസ്വതന്ത്രരാഷ്ട്രങ്ങൾ, സ്വതന്ത്രങ്ങളാവാൻ ശ്രമിച്ചുവരുന്നു. സ്വതന്ത്രരാഷ്ട്രങ്ങൾ സാമ്രാജ്യസ്ഥാപനത്തിലേക്ക് ഉറ്റുനോക്കുന്നു.

ഈ രാഷ്ട്രങ്ങളിലെ ആദർശപൗരന്മാർ ആയിട്ട് ഏതൊരുതരക്കാരെയാണ് ഗണിച്ചുവരുന്നതെന്ന് ആലോചിക്കുന്നത് രസാവഹമായിരിക്കും. സാധാരണ "നല്ലവൻ" എന്നു പറയുമ്പോൾ നമ്മുടെ ഭാവനയിൽവരുന്നമാതിരിയിലുള്ള ഒരു വ്യക്തിയല്ലാ ഈ രാഷ്ട്രങ്ങളിലെ മാതൃകയായ ആദർശപൗരൻ. എന്നാൽ നേരെമറിച്ച് നിർവികാരനായ രാഷ്ട്രമഹാരാക്ഷസനെ പ്രീതിപ്പെടുത്തുന്നതിനായി സ്വജീവനെക്കൂടി ബലികഴിക്കുന്നതിനും, ആ രാക്ഷസനെ ദൈവപീഠത്തിൽ അവരോധിച്ച് അതിന്റെ മുൻപിൽ നാണമില്ലാതെ ഭക്തിപുരസ്സരം കുമ്പിടുന്നതിനും സദാ തയ്യാറുള്ള ഒരു വിഗ്രഹാരാധകനാണ് സമരമനസ്ഥിതിയാൽ നിയന്ത്രിതവും സ്വാർത്ഥേച്ഛയാലും, സാമ്രാജ്യദുർമ്മോഹത്താലും പ്രേരിതങ്ങളായി ലോകസമാധാനത്തിന് ശത്രുക്കളായി സ്ഥിതിചെയ്യുന്ന ആധുനിക രാഷ്ട്രങ്ങളുടെ മാതൃകായോഗ്യനായ ആദർശപൗരൻ. ലോകം രാഷ്ട്രീയതന്ത്രത്തിനുമാത്രമാണ് മേലിൽ മറ്റെല്ലാത്തിനേക്കാളും പ്രാധാന്യം നൽകുവാൻ പോകുന്നതെങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെ

ആന്തിത്തിരി

[എസ്. കെ. പൊറ്റെക്കാട്ട്]

പാരിൻറെയുൽകണ്ഠപോലെയാപാടത്തിൽ
പാദപച്ഛായകം നീണ്ടുതുടങ്ങവെ,
നെറ്റിയിലാരക്തപാടീരംപൂശിക്കൊ-
ണ്ടെത്തിനാളത്തമവാസന്തസന്ധ്യയാം.
തെല്ലുവഴിവക്കിലായുടൻ കാണായി
പുല്ലുമേഞ്ഞുള്ളൊരു ഗ്രാമീണമന്ദിരം.
ചാണകംകൊണ്ടു മെഴുകി മിനുക്കിയൊ-
രാനവനിർമ്മല മുദ്ധാങ്കണത്തിലായ്
കൊച്ചുകിടാങ്ങളഞ്ചാറെണ്ണമൊന്നായി-
ക്കൂട്ടിക്കരണം മറിഞ്ഞുകളിക്കുന്നു;
അങ്കണഞ്ഞീടുന്ന രണ്ടോമൽ മൈനകർ,
പ്രാങ്കണപ്പൂത്തിലഞ്ഞിപ്പൂതുനീഡത്തിൽ;
"അംബാ!"വിളിച്ചു കൊണ്ടാലയ്ക്കൽ നില്ക്കുന്ന
തൻപാൽ കൊടുക്കുവാൻ ഗേഹസുരഭിയും!
തറവാട്ടുത്തൊമൽ വലംകൊവല്ലരി
യേറെട്ടുത്തുള്ളൊരു തുകിൽവിളക്കുമായ്,
അപ്പടിഞ്ഞാറിതൻ വാതിൽപടികട-
ന്നപ്പോളൊരോമലാളവിർഭവിക്കയായ്!
അഞ്ചുതിരികളപ്പൊൽ പ്രദീപത്തിങ്കൽ
ചഞ്ചൽകനകശിഖകളപ്പിയ്ക്കുവെ
തൽപരിത്രസ്തകപോലതലത്തില-
പ്പൊൽപ്രഭാനാളം പ്രതിഫലിച്ചീടവെ,
ആ ലലാടത്തിലെയഞ്ചാറളകങ്ങ-
ളാലോലവായുവിൽ തെല്ലിളകീടവെ,
ആലോചനാഞ്ചല മേതോരുമേയമാ-
മാലോചനയിൽ മുഴുകിമയങ്ങവെ,
സ്വാർത്ഥീയശാന്തിതൻ സ്രോതസ്സിലങ്ങാനി-
സ്തുരമണീയ വക്ത്രാബ്ജം മുങ്ങവെ,
ഒട്ടൊട്ടൊതുക്കിപ്പിടിച്ച നിശ്വാസത്താൽ,
മൊട്ടിട്ട മാറിടം നിശ്ചലം നില്പുവെ,
"ഉഷ തെളിക്കുന്നോൻ,! ഉഷതെളിക്കുന്നോൻ!
ഉഷതെളിയ്ക്കുന്നോൻ!!" എന്നമൊഴിഞ്ഞവൾ
അമ്മണിദീപത്തെ,ത്തല്ലൊന്നയത്തിക്കൊ-
ണ്ടുമ്മീലിതാക്ഷിയായ് കോലായിൽ തൂക്കിനാൾ
അല്പനിമീലിത നേത്രയായ്,യാനക്ര
വക്ത്രയാ,യാത്ത ഭക്ത്യാദരമനോരം,
നന്ദായാദീപശിഖാഞ്ചലത്തിന്നുമേൽ
മുന്നരുമേല്പോട്ടുഴിഞ്ഞുതൊഴുതവൾ
പിന്നൊത്തൻ തണ്ടലർ കാലടി പിന്നോക്കം
പിന്നോക്കം വെച്ചു പതുക്കെ മടങ്ങിനാൾ!....

* * *

അന്നവകാളകണ്ഠാനന്ദസ്തബ്ധനായ്
നിന്നുപോയ് ഞാനാവയലിൻ വരമ്പിലായ്!
ഇമ്മന്നിൽ മുമ്പുഞാൻ കണ്ടിട്ടില്ലിത്തരം
നിർമ്മലഭക്തിതൻ നിശ്ശബ്ദനിർഝരം
ഇമ്മനോഹാരിണിയാരോ?—അവളുടെ
കണ്മുനക്കോണിലൊതുങ്ങിയഭക്തിയാൽ
നിഷ്ണയംപ്രത്യക്ഷനാക്കിടാമേതൊരു
നിഷ്കിഞ്ചനാത്മാവാം ദേവനെക്കൂടിയും.
ഹേമാന്യയൌവ്വന്യമാദകഹാസമെ,
ഗ്രാമീണസൌന്ദര്യ്യ സത്യപ്രകാശമെ,
നിൻപരിത്രസ്തസപത്ന്യാൽസ്പൃതി
സ്പ്രീതയായൊരു സന്ധ്യാഭഗവതി
ഖദ്യോതപാളിയാം കോൾമയിർകൊണ്ടെതാൻ
പ്രദ്യോതിപ്പിക്കുന്ന തൻമോദവാരിധി!

ടെ ഭയങ്കരതയെപ്പറ്റി ചിന്തിക്കാതെയിരിക്കുകയാണു' നല്ലതു്.

നമുക്ക് സുപരിചിതരായ 'നല്ലവർ' ലോകകാര്യങ്ങളിൽ നേതൃത്വം വഹിക്കുന്നെങ്കിൽ—എന്നുള്ളതാണ് ഇന്നത്തെ സ്ഥിതികൾക്കുള്ള പ്രതിവിധിയായ മറ്റൊരു പ്രശ്നം. അവരുടെ ഭരണം ഒരുപക്ഷേ ദുർബ്ബലമായിരുന്നേക്കാം. ലോകമഹാപ്രശ്നങ്ങളെപ്പറ്റി വാദപ്രതിവാദംചെയ്ത ഒരു പരിഹാരമാർഗ്ഗം തേടാൻ ഒരുപക്ഷേ അവർ ആത്മാർത്ഥമായി ശ്രമിച്ച് പരാജയപ്പെട്ടേക്കാം. ആധുനികലോകത്തെക്കഴപ്പങ്ങൾക്ക് എല്ലാം ശരിയായ നിവൃത്തിമാർഗ്ഗം കാണാതെ അവരും ഒരുപക്ഷേ അവരുടെ മുൻഗാമികളെപ്പോലെ ഉഴറിയേക്കാം. നിയമം, സമാധാനം മുതലായവകൾക്ക് ആവശ്യമായ ത്യാഗവും, യാതനയും പൌരാവലിക്ക് നൽകാതെ വമ്പിച്ച ലോകപ്രശ്നങ്ങളോട് എതിരിട്ട് ജനസാമാന്യത്തിന് ശാശ്വതമായ സമാധാനവും ശാന്തിയും പ്രദാനം ചെയ്യുന്നതിനും അവർ ആത്മാർത്ഥതയോടും ഉത്സാഹത്തോടും ശ്രമിച്ചേക്കാം.

ഇപ്രകാരം 'നല്ലവർ' ചെയ്ത ഒരു മഹാശ്രമത്തിൻറെ അനന്തരഫലമാണ് ഇന്ന് കെല്ലോ, കായ്ശേഷിയോ ക്ലാടാതെ, ലോകമഹച്ഛക്തികളുടെ നിരന്തരമായ അവഹേളനത്തിന് മാത്രം പാത്രമായിസ്ഥിതിചെയ്യുന്ന സ്വരാജ്യസഖ്യം. ഇതിൻറെ പരാജയത്തിനുള്ള കാരണംസഖ്യാംഗങ്ങൾ തമ്മിലുള്ള യോജിപ്പുകേടും സംശയവുമാണ്. 'നല്ലവരല്ലാത്തവർ' 'നല്ലവ'രെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. എന്നാൽ നല്ലവരാകട്ടെ, തങ്ങളുടെ എതുകക്ഷിയെ യാതൊന്നിലും സംശയിക്കുന്നുമില്ല. നമ്മിൽപലരും പ്രായേണ നല്ലവരാണെന്നുള്ള ഹോർഡർ പ്രഭുവിൻറെ മേൽഉദ്ധരിച്ച അഭിപ്രായം ശരിയാണെങ്കിൽ, ഇന്നത്തെ ലോകപ്രശ്നങ്ങളെ നിയന്ത്രിച്ച് വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം ഒരുനിമിഷനേരത്തെയ്ക്കെങ്കിലും നമുക്ക്—സാധാരണക്കാരായ നല്ലവർക്ക്—കൈവരേണ്ടതാണ്. തീർച്ചതന്നെ.

—·—

ഗവമ്മെൻറ് പ്രസ്താവന

ഉദ്യോഗദാനസംബന്ധമായ തെറ്റിദ്ധാരണകളെ ദൂരീകരിക്കുവാൻ താഴെപ്പറയുന്ന പ്രസ്താവന ഗവമ്മെൻറ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

(1) സ്പെഷ്യലിസ്റ്റുകളുടെ നിയമനങ്ങളിലോ പരിചയവും പരീക്ഷായോഗ്യതയുമുള്ള തിരുവിതാംകൂറുകാരെ കിട്ടാതെവരുന്ന ചില നിയമനങ്ങളിലോ (ഉദാഹരണമായി ഇപ്പോൾ സർവേയും എഞ്ചിനീയറിങ്ങും സ്റ്റാഫ്) ഒഴിച്ചു പബ്ലിക്ക് സർവീസിൽ തിരുവിതാംകൂറുകാരെ മാത്രം നിയമിക്കണമെന്നുള്ളതാണ് ഗവമ്മെൻറിൻറെ നയമെന്ന സാമാന്യമായി പറയാം. (2) പബ്ലിക്കുസർവീസിലെ നീതിന്യായശാഖയിലേക്കുള്ള നിയമനാപേക്ഷകൾ ഹൈക്കോടതിയോടൊ ചീഫ് ജസ്റ്റിസിനോടോ ആലോചിച്ചതിനുശേഷം നടത്തപ്പെടുന്നതും ഈക്കാര്യത്തിൽ വ്യക്തിപരമായ ശുപാർശകളൊ അപേക്ഷകളൊ ഒരയോഗ്യതയായി ഗണിക്കപ്പെടുന്നതുമാണ്. (3) നീതിന്യായവകുപ്പ് ഒഴികെ പബ്ലിക്ക് സർവീസിൽ മറ്റുദ്യോഗങ്ങളെ സംബന്ധിച്ചു അതാതു ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാരുമായി ആലോചിച്ചതിനു ശേഷം പബ്ലിക് സർവീസ് ചട്ടങ്ങൾ അനുസരിച്ചു പബ്ലിക്സർവീസ് കമ്മീഷണർ നിയമനങ്ങൾ നടത്തുന്നതുമാണ്. പബ്ലിക്കു സർവീസു കമ്മീഷണരുടെ അധികാരത്തിൽ ഉൾപ്പെടാത്ത നിയമനങ്ങളെ സംബന്ധിച്ചു നിയമനം നടത്തുവാൻ നിർദ്ദേശിക്കുന്നതാണ്. (4) ഒരു നിയമനം സംബന്ധിച്ചു അപേക്ഷകനുമായി അഭിമുഖസന്ദർശനം വേണമെന്നു ദിവാൻജി ആവശ്യപ്പെടുമ്പോഴല്ലാതെ ദിവാൻജിയോടു ഏതെങ്കിലും ശുപാർശകൾ ചെയ്യുകയോ വ്യക്തിപരമായ മുൻഗണനയും മറ്റുവകാശങ്ങളും സംബന്ധിച്ചുള്ള നിവേദനങ്ങൾ നടത്തുകയോ ചെയ്യുന്നപക്ഷം അവ അയോഗ്യതകളായി പരിഗണിക്കപ്പെടുന്നതാണ്. (5) മഹാരാജാവു തിരുമനസ്സിലെ അധികാരത്തിലുൾപ്പെട്ട യാതൊരു നിയമനങ്ങളേയും മേൽപ്പറയപ്പെട്ട വ്യവസ്ഥകൾ ബാധിക്കുന്നതല്ല.

—·—

പട്ടാളംകാമൻഡരുടെ പ്രസ്താവന

സ്റ്റോറ് ഫോഴ്സ് കമാൺഡൻറ് താഴെ കാണുന്നപ്രകാരംഎഴുതുന്നതായി ഗവർമ്മെൻറ് ഒരു പ്രസ്സ്നോട്ട പുറപ്പെടുവിച്ചിരിക്കുന്നു:—

മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ സ്റ്റോറ് ഫോഴ്സിൽ ക്രസ്ത്യാനികൾക്കും ഈഴവർക്കും പ്രവേശനം കല്പിച്ചു നൽകിയെങ്കിലും, മേല്പറഞ്ഞ സമുദായങ്ങളിൽ നിന്നും പട്ടാളത്തിലേക്ക് കായികമായ യോഗ്യതയും ബുദ്ധിയും തികഞ്ഞവരെ കിട്ടുന്നകാര്യത്തിൽ വൈഷമ്യം കാണുന്നു.

സ്റ്റോറിൽ ഇങ്ങനെ യോഗ്യതയുള്ള ആളുകൾ ഇല്ലെന്നു പറയുവാൻ തരമില്ല. തിരുവിതാംകൂർ സ്റ്റോറ് ഫോഴ്സിലെ ഔദ്യോഗികമായ നല്ല നിലയെപ്പറ്റി ജനങ്ങൾക്ക് അറിവില്ലാതെ വരുമെന്നു കരുതി വ്യക്തികമായും വസാനത്തിൽ ആളെടുപ്പു സംഘങ്ങളെ രാജ്യത്തിൻറെ നാനാഭാഗത്തും അയയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനുശേഷവും ആവശ്യമുള്ളിടത്തോളം ആളുകളെ ലഭിക്കാതെവരുന്നപക്ഷം, സ്റ്റോറ് ഫോഴ്സിൻറെ കായ്ക്ഷമതയും ശക്തിയും പരിപാലിക്കുവാൻ, ഇഷ്ടമെടയായി തെരഞ്ഞെടുപ്പിൽ സാമുദായികമായ ഓഹരി തികഞ്ഞുപോയതിനാൽ പട്ടാളത്തിൽ പ്രവേശനം അനുവദിക്കാതെ മാറിനിറുത്തേണ്ടിവന്ന സമർത്ഥന്മാരായ അനേകം ആളുകൾ ഉൾപ്പെട്ട മറ്റു സമുദായങ്ങളിൽ നിന്നും റിക്രൂട്ട്മെൻറ് നടത്തേണ്ടതായ ആവശ്യം വന്നേക്കുമെന്നുള്ള വിവരം അറിയിക്കുന്നു. അധികാരികൾക്ക് വളരെ വൈമനസ്യമുണ്ടെങ്കിലും പട്ടാളത്തിൻറെ ശക്തിയെ നിലനിറുത്തുന്നതിലേക്ക് ഈ ഒരു മാർഗ്ഗം ആശ്രയിക്കുകയെ തരമുള്ളുവെന്നു വിവരം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

ക്രിസ്ത്യൻ ഈഴവസമുദായങ്ങളിലെ സ്വാധീനശക്തിയുള്ള അംഗങ്ങളോട്, അവരുടെ സാമുദായികമായ താല്പര്യത്തെ പരിഗണിച്ചും, മേല്പറഞ്ഞ രണ്ടു സമുദായങ്ങൾക്കും പട്ടാളത്തിൽ പ്രവേശിക്കുന്നതിനുണ്ടായിരുന്ന പ്രതിബന്ധങ്ങളെപ്പറ്റി മഹാരാജാവു തിരുമനസ്സുകൊണ്ടു നൽകിയിരിക്കുന്ന അവസരത്തെ കരുതിയും, അവരുടെ സമുദായങ്ങൾക്കു ലഭിച്ചിരിക്കുന്ന സൌജന്യത്തെ ഉപയോഗപ്പെടുത്തുവാൻ തയാറാണെന്നു കാണിച്ച് മേല്പറഞ്ഞ വൈഷമ്യത്തെ നിവാരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

—

ഭാവി

അറിയണമെങ്കിൽ നിങ്ങളുടെ ജനനസമയമോ കത്തെഴുതുന്ന സമയമോ കാണിച്ചു ഉടൻ അപേക്ഷിക്കുക.

അടുത്ത ഒരുകൊല്ലത്തിൽ സംഭവിക്കാനിരിക്കുന്ന സകല വിവരങ്ങളും പറയുന്നതിന് 2രൂ. ഏതെങ്കിലും 5 ചോദ്യങ്ങൾക്കുത്തരം 1രൂ. ആയുർജ്ജാതകം 7 രൂപ.

പ്രഫസ്സർ -ജേക്കബ്ബ് മാത്യു
മാങ്ങാനം —കോട്ടയം

ജനനദിനംസൂചിപ്പിക്കുന്ന സംഖ്യ

അതിന്റെ അൽഭുതഫലം

(മൂർക്കോത്തു കുമാരൻ)

ഒരാൾ മറ്റൊരാളെ കാണുമ്പോൾതന്നെ, അയാളോടു സ്നേഹമൊ വെറുപ്പൊ തോന്നാം. ഇതു് ഏതൊരാൾക്കും അനുഭവമുള്ളതാണല്ലൊ. ഈ അനുഭവവും അവരവരുടെ ജനനതീയ്യതിയും സംബന്ധമുണ്ടെന്നാണു "കീറൊ" പറയുന്നതു്. ദീർഘകാലത്തെ പരിചയംകൊണ്ടു് അദ്ദേഹം കണ്ടെറിഞ്ഞു സ്ഥാപിച്ച ഒരു പരമാത്മാണത്തെ ഇതു്. ഇതു് ആക്കും പരിശോധിച്ചു് യഥാർത്ഥം ഗ്രഹിക്കാവുന്ന ഒരു തത്വമാണു്. ഒരാൾ നിങ്ങൾക്കു് എതിരായി എന്തൊക്കെ ചെയ്താലും അയാളോടു ഹൃദയപൂർവം വിരോധഭാവം ഇല്ലാതിരിക്കാം. മറ്റൊരാൾ അല്പം വല്ലതും എതിരായിപറഞ്ഞാൽമതി, അയാളോടു വിരോധമാകും. പ്രഥമദൃഷ്ടിയിൽ പ്രണയം ജനിച്ചുവെന്നും മറ്റും പറയുന്നതിനെക്കുറിച്ചും ഈ സംഗതിയിൽ ആലോചിക്കേണ്ടതാണു്. ഏതായാലും "കീറൊ" സ്ഥാപിച്ച പ്രമാണത്തെ നമ്മൾ മനസ്സിലാക്കാൻ ശ്രമിക്കുക. അതൊന്നു പരിശോധിച്ചുനോക്കുന്നതു മറ്റൊന്നുമില്ലെങ്കിൽ രസകരമായിരിക്കുമല്ലൊ.

ഒന്നാമതു ഗ്രഹിക്കേണ്ടതു് ആകെ ഒമ്പതു സംഖ്യകളെ ഉള്ളു എന്നാണു്. ഏതു കണക്കിനെയും ഏതു ശാസ്ത്രത്തെയും സംബന്ധിച്ചുള്ള എല്ലാ സംഖ്യകളും ഒന്നുമുതൽ ഒമ്പതുവരെയുള്ള അക്കങ്ങളിൽ അടങ്ങിയവയാണു്. മറ്റുള്ളവയെല്ലാം ഇവയെ തിരിച്ചും മറിച്ചും ആവർത്തിച്ചും ഇട്ടുന്നതിനാൽ ലഭിക്കുന്നവയാണു്. ഉദാഹരണമായി 10 എന്ന സംഖ്യ 1+0 ആകയാൽ 1 എന്ന മാത്രമായി വിചാരിക്കണം. അങ്ങനെതന്നെ 11=1+1=2; 12=1+2=3; 29=2+9=11=1+1=2.

ഒമ്പതു ഗ്രഹങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ ബലത്തിലായിരിക്കുമത്രെ മനുഷ്യൻ ജനിക്കുന്നതു്. സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, എന്നീ ഏഴുഗ്രഹങ്ങൾക്കു പുറമെ നമ്മൾക്കു്, രാഹു, കേതു, എന്നിവയാണു് ഉള്ളതെങ്കിലും, പാശ്ചാത്യർക്കു് മേല്പറഞ്ഞ ഏഴുഗ്രഹങ്ങൾക്കുപുറമെ ഉള്ള രണ്ടു ഗ്രഹങ്ങൾക്കു്, യുറാനസ് എന്നും നെപ്ട്യൂൺ എന്നും ആണു പേർ. ഈ രണ്ടു ഗ്രഹങ്ങളും മനുഷ്യരുടെ മനോമയകോശം പ്രാണമയ കോശം എന്നിവയിന്മേലാണു് അധികാരം വഹിക്കുന്നതു്. ഇവയെ സൂചിപ്പിക്കുന്ന സംഖ്യകളും, സൂര്യചന്ദ്രന്മാർക്കു കൂടി സംബന്ധിച്ചിരിക്കുന്നു. എന്നുവെച്ചാൽ സൂര്യനെ സൂചിപ്പിക്കുന്ന സംഖ്യ ഒന്നു് എന്നതും ചന്ദ്രനെ സൂചിപ്പിക്കുന്നതു രണ്ടു് എന്നതും, യുറാനസിനെ സൂചിപ്പിക്കുന്നതു നാലു് എന്നതും നെപ്ട്യൂണിനെ സൂചിപ്പിക്കുന്നതു് ഏഴു് എന്നതും ആണെങ്കിലും, സൂര്യനു യുറാനസ്സിന്റെ സംഖ്യയും ചന്ദ്രനു, നെപ്ട്യൂണിന്റെ സംഖ്യയും കൂടി നല്കിയിരിക്കുന്നു. (സൂര്യചന്ദ്രന്മാരെ രാഹുകേതുക്കൾ വിഴുങ്ങുന്നുവെന്നുള്ള വിശ്വാസത്തെപ്പറ്റി ഇവിടെ ചിന്തിക്കാവുന്നതാണു്.)

ഗ്രഹങ്ങളുടെ സംഖ്യ താഴെപറയും പ്രകാരമാകുന്നു:—സൂര്യൻ 1—4; ചന്ദ്രൻ 2—7; (അല്ലെങ്കിൽ സൂര്യൻ 1; ചന്ദ്രൻ 2;), യുറാനസ്, 4; നെപ്ട്യൂൺ 7; ചൊവ്വ 9; ശുക്രൻ 5; വ്യാഴം 3; ബുധൻ 6; ശനി 8;.

ഇങ്ങിനെ മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന എല്ലാകാര്യങ്ങളും ഈ ഒമ്പതു ഗ്രഹങ്ങളോടും അവയെ സൂചിപ്പിക്കുന്ന അക്കങ്ങളോടും ബന്ധിക്കപ്പെട്ടിരിക്കുന്നു. നവഗ്രഹങ്ങളോടു മാത്രമല്ല, ഭൂഗോളം തുടങ്ങി, അനേകകോടി ഗ്രഹങ്ങളും ഉള്ളവയോടും മനുഷ്യജീവിതം സംബന്ധപ്പെട്ടിരിക്കുന്നവത്രെ!

ഈ പ്രമാണം അനുസരിച്ചു് ആലോചിച്ചാൽ, "കീറൊ" സ്ഥാപിച്ച തത്വത്തെ മനസ്സിലാക്കുവാൻ സാധിക്കുമെന്നാണു് അദ്ദേഹം പറയുന്നതു്. വളരെകൊല്ലത്തെ അദ്ധ്വാനത്താൽ നടത്തിയ ഗവേഷണത്തിന്റെ ഫലമാണു് ഈ തത്വമെന്നു് അദ്ദേഹം പറയുന്നു. (ഈ കാര്യത്തിൽ ആവശ്യമായ ഗവേഷണമൊന്നും ചെയ്യാത്തനിലയിൽ ഇതു വായിച്ചു, ചാരുകസാരയിൽ കിടന്നു് ആലോചിച്ചുനോക്കുന്നവർക്കു്, ഇതെല്ലാം അന്ധവിശ്വാസമാണെന്നൊ ഭോഷത്വമാണെന്നൊ പറവാൻ എളുപ്പം സാധിക്കുമെന്നതിനു സംശയമില്ല.) 'കീറൊ'വിന്റെ തത്വം ഇതാണു്.

ഏതെങ്കിലും മാസത്തിൽ ജനിച്ച ആളായാലും, ഏതു തീയതി അയാൾ ജനിക്കുന്നുവൊ, ആ തീയതിയെ സൂചിപ്പിക്കുന്ന "ഒറ്റയക്കം" തുല്യമായിരിക്കുന്ന തീയതികളിൽ ജനിച്ചവരും അയാളും തമ്മിൽ അസാധാരണമായ സഹതാപവും ആകർഷണവും ഉണ്ടായിരിക്കും. ഉദാഹരണമായി ഒരാൾ ഒരു ഒന്നാംതീയതിയാണു ജനിച്ചതെന്നിരിക്കട്ടെ. എന്നാൽ ആ മാസത്തിലൊ വേറെവല്ല മാസത്തിലൊ, 1-ാംനു-, 10-ാംനു-, 19-ാംനു-, 28-ാംനു-, എന്നീ തീയതികളിൽ വല്ലതിലും ജനിച്ചവരുമായി അയാൾക്കു മറ്റു തീയതികളിൽ ജനിച്ചവരുമായുള്ളതിൽ അധികം സ്നേഹബന്ധം ഉണ്ടായിരിക്കും.

ഈ ബന്ധം ശാരീരമായിട്ടുണ്ടാകുന്നതിൽ അധികം മാനസികമായിരിക്കും. ഒരേ സംഖ്യകൊണ്ടു കുറിക്കുന്ന ഗ്രഹങ്ങൾക്കു മനോമയകോശത്തിന്മേൽ ഒരു അധികാരശക്തി ഉണ്ടായിരിക്കുന്നതും അതേ തുല്യതീയതി ജനിക്കുന്നവരുടെ ചിന്താശക്തിയോടു സാമ്യവും സഹതാപവും ഉണ്ടാകുന്നതുമാകുന്നു.

ശാരീരമായ ആകർഷണം ഉണ്ടാകണമെങ്കിൽ, മനുഷ്യർ ചില പ്രത്യേകമാസങ്ങളിൽ ജനിച്ചവരായിരിക്കണം. (ഇതിനെപ്പറ്റി വിവരിക്കാൻ ചില പടങ്ങൾകൂടി ആവശ്യമാകയാൽ അതു മറ്റൊരു അവസരത്തിലാവാം;) അങ്ങനെ മാസത്തിന്റെയും തീയ്യതിയുടെയും കാര്യത്തിൽ സാമ്യമുണ്ടായെങ്കിൽ, ശാരീരവും മാനസികവും ആയ ഐക്യം ഉണ്ടാകയും അഭേദ്യമായ ബന്ധം സംഭവിക്കുകയും ചെയ്യും. ഇംഗ്ലീഷിലുള്ള "വിവാഹം സ്വർഗ്ഗത്തിൽവെച്ചാണു നടക്കുന്നതു്." എന്ന ചൊല്ലിന്റെ യഥാർത്ഥമായ സാരം ഇതാണെന്നു "കീറൊ" സൂചിപ്പിക്കുന്നു.

ഇങ്ങനെയുള്ളവർ തമ്മിലുള്ള വിവാഹം; വിണ്ണിൽ ഗ്രഹങ്ങളാലും, സംവത്സരത്തിലെ പ്രത്യേക സമയത്താലും മനുഷ്യരിൽ സ്നേഹബന്ധം ജനിപ്പിച്ചുകൊണ്ടു് ഉണ്ടാകുന്നവയെത്രെ. ഇംഗ്ലീഷിലുള്ള താഴെ പറയുന്ന പദ്യം, ഈ പരമാർത്ഥത്തെ വിശദമാംവണ്ണം വിവരിക്കുന്നതായി "കീറൊ" ഉദ്ധരിച്ചിരിക്കുന്നു:—

"Two shall be born the whole-
[wide world apart
And speak in different tongues,
[and take no thought
Each of the other's being, and
[no heed.
And these o'er unknown seas
[to unknown lands
Shall cross, escaping wreck,
[defying death,
And all unconsciously shape
[every act
And bend each wandering step
[unto this end
That one day out of darkness
[they shall meet
And read life's meaning in each
[other's eyes."

ഇതിനെ താഴെകാണുംപ്രകാരം ഏകദേശം പരിഭാഷചെയ്യാം.

"രണ്ടുപേർ ലോകത്തിന്റെ രണ്ടറ്റത്തുണ്ടാ
[യിടാം
രണ്ടുവ്യത്യസ്തഭാഷ സംസാരിക്കുന്നൊരാവാം;
രണ്ടുപേരുണ്ടെങ്ങിനെ ജീവിക്കുന്നൊന്നുതെല്ലും
രണ്ടാളുമറിയില്ല, ശ്രദ്ധയില്ലറിവാനും
എന്നാലും കപ്പൽനാശം തന്നിൽ രക്ഷപ്പെട്ട-
മെന്നല്ല മരണത്തെ ഗണ്യമാക്കീടാതെയും
കേവലമറിയപ്പോകാത്തുള്ള ജലധിയും
ഭൂവിഭാഗവും കടന്നേതുമേതാൻ ചെയ്വതു
താനുന്നെയറിയാത്ത രീതിയിൽ ക്രമപ്പെട്ട
താനമാം പടങ്ങളെയുദ്ദിഷ്ടസ്ഥാനത്തുന്നി
ചെന്നെത്തു,മിരുംനീങ്ങികണ്ടെത്തും,
[നേത്രങ്ങളി-
ലന്യോന്യം ജീവിതത്തിൻ തത്വം കണ്ടെറി
[ഞ്ഞീടും"

ഓരോ പ്രത്യേകമാസങ്ങളിൽ ജനിക്കുന്നവർ തമ്മിലുണ്ടാകാവുന്ന ആകർഷണത്തെപ്പറ്റി ആദ്യംപറഞ്ഞതുപോലെ, പടത്തിന്റെ സഹായമുണ്ടായാലെ വിവരിക്കാൻ സാധിക്കൂ.

———

TRAVANCORE NATIONAL & QUILON BANK LTD

(Amalgamating the Travancore National Bank Ltd., and The Quilon Bank Ltd.)

(INCORPORATED IN TRAVANCORE—1912)

Over 70 branches and a large organisation at the service of the public.

Banking business of every description undertaken.

For rates, terms etc. application may be made to any office of the Bank.

C. P. Mathen,
K. M. Eapen,
MANAGING DIRECTORS

K. S. Ramanujam,
GENERAL MANAGER

തൊണ്ടുകാരി

[പ്രഭാതം. കായംകുളംകായലിന്റെ തീരത്തുള്ള ഒരു തെങ്ങിൻകീഴിലിരുന്ന് ലക്ഷ്മിയും ഭാർഗ്ഗവിയും തൊണ്ടുതല്ലുന്നു. ഇരുവർക്കും ഉദ്ദേശം 18 വയസ്സു പ്രായം.]

ഭാർഗ്ഗവി:—ഇന്നു തൊണ്ടു തോനക്കിട്ടീടി ഉവ്വേ!

ലക്ഷ്മി:—(ഭാർഗ്ഗവിയെ ഒളികണ്ണാൽനോക്കി മുഗ്ദ്ധഹാസത്തോടെ) നീയൊണ്ടായിട്ടാ, ഉണ്ണണ്ണി മൊതലാളി തോന തന്നതു്.

ഭാർഗ്ഗവി:—അതെന്താ? ഞാനയാടെ വല്ലോരും ആണോ?

ലക്ഷ്മി:—അയാടങ്ങു നിന്നെക്കാണുമ്പഴൊരിതു്! അതെന്താടി ഉവ്വേ?

ഭാർഗ്ഗവി:—അതയാക്കു പെമ്പിള്ളേരെ കാണുമ്പഴൊക്കെ ഒള്ളതാന്നു്.

ലക്ഷ്മി:—ഇന്നയാളു് നിന്നോടു സൊകായ്യംപറയുന്നകണ്ടല്ലൊ. അതെന്തു്വാ?

ഭാർഗ്ഗവി:—ഇന്നലെ വൈന്നേരം തൊണ്ടു ചൊമക്കാൻ വരണംന്നു് കൊച്ചാങ്ങ്ളയോടു പറഞ്ഞിട്ടു് വരാഞ്ഞതെന്താണെന്നാ, ചോദിച്ചതു്. ഞാമ്പറഞ്ഞു്, കൊച്ചാങ്ങ്ളക്കു വേറെ വേല ഒണ്ടാർന്നെന്നു്.

ലക്ഷ്മി:—ഹും! ചുമ്മാ ഇരീടി ഉവ്വേ! ഇനിക്കു മനസ്സിലായേ.

ഭാർഗ്ഗവി:—(സഗൗരവം) പിന്നേ! ഇല്ലാവചനം പറഞ്ഞാലക്കൊണ്ടു്.....ആ!

ലക്ഷ്മി:—(തുല്യമായ ഗൗരവത്തോടെ) എന്നാ ഞാനിപ്പ തെളിക്കുവേ!

ഭാർഗ്ഗവി:—(കോപത്തോടെ) ഓ! എന്തു്വാടി, നീ തെളിക്കുന്നോ?

ലക്ഷ്മി:—പറയട്ടോ?.....ഉം?.....ഞാൻ പറയേ?

ഭാർഗ്ഗവി:—(വാശിയോടെ) ഉം. പറ.

ലക്ഷ്മി:—ഇന്നല വൈന്നേരം.....

ഭാർഗ്ഗവി:—എന്തു്വാ, ഇന്നല വൈന്നേരം? ഞാൻ പെറൈാ?

ലക്ഷ്മി:—തെക്കെ അയ്യത്തു്.....മാഞ്ചോട്ടില്.....

ഭാർഗ്ഗവി:—(മുഖം വിളറുന്നു. പെട്ടന്നു പൂർവ്വഭാവം കൈക്കൊണ്ടിട്ടു്) മാഞ്ചോട്ടി ഞാൻ ചൂട്ടെടുക്കാനാ പോയതു്. അതിനെന്തു്വാടീ?

ലക്ഷ്മി:—(പൊട്ടിച്ചിരിക്കുന്നു) അയ്യോടി, പാക്കുവി! മാഞ്ചോട്ടിലാന്നൊ ചൂട്ടു്? ഞങ്ങടെ കെഴക്കേ അയ്യത്തുനിന്നു ഞാൻ കണ്ടതാന്നു്ടി, പാക്കുവി!

ഭാർഗ്ഗവി:—ഞങ്ങടെ വാസും പടിഞ്ഞാറ്റെ കുഞ്ഞൂഞ്ഞുംകൂടി കളിക്കാനെടത്തോണ്ടു പോയതാ ചൂട്ടു്. ഞാൻ മാഞ്ചോട്ടിച്ചെന്നപ്പഴയാളു് കായലുവാരത്തേക്കു പോവാൻ വന്നതാ. എന്നോടു ചോതിച്ചു്, എടീ നീ നാളെ തൊണ്ടിനുവരോന്നു്. ഞാമ്പറഞ്ഞു്, വരാന്നു്. പിന്നൊന്നും അയാളും മിണ്ടീല്ല, ഞാനും മിണ്ടീല്ല.

ലക്ഷ്മി:—ഇനിക്കു മനസ്സിലായേ!

ഭാർഗ്ഗവി:—എന്തു്വാടീ, നിനക്കു മനസ്സിലായെ?.....എന്നാ ഇപ്പക്കാണണോ, നിന്റെ കായ്യം തെളിക്കുന്നോ.

ലക്ഷ്മി:—എന്റെ കായ്യം തെളിച്ചാ, ഇനിക്കൊന്തുല്ലടി.

ഭാർഗ്ഗവി:—അയാളു ചാന്നാരാന്നല്ലൊ, വല്ലോം ഒള്ളവരാന്നല്ലൊ, പഷ്ക്കാരിയാന്നല്ലൊ, എന്നൊക്കെ ആർക്കും നിന്റെ വിചാരം. അതു നിനക്കു കിട്ടുകേംമറുമില്ലടി.

ലക്ഷ്മി:....കിട്ടീല്ലേ, പോണ്ട. നിനക്കു ചേതവൊന്നുമില്ലല്ലൊ.

ഭാർഗ്ഗവി:—കളിപ്പിച്ചേച്ചു പോവുമ്പപ്പടിക്കും.

ലക്ഷ്മി:—ഓ! ഇനിക്കു കളിപ്പുപറഞ്ഞിക്കോട്ടെ.....എന്റെ കയ്യടിച്ചാ സത്യംചെയ്തത്, എന്നെയല്ലാതെ വേറെ ആരേം കല്യാണംകഴിക്കത്തില്ലെന്നു്.

ഭാർഗ്ഗവി:—(വിപരീതാത്ഥദ്യോതകമായി) ഉം! കാത്തിരുന്നൊ!

ലക്ഷ്മി:—എന്റെ കായ്യം ഞാൻ നോക്കിക്കൊള്ളാം. നിനക്കു കളിപ്പുപറയാതെ നീനോക്കിക്കോ.

ഭാർഗ്ഗവി:—ഇനിക്കൊരു കളിപ്പും പറയത്തില്ല. ഞാനതൊക്കെകണ്ടേ, നിക്കു.....അതാ, വരുന്നു്, നിന്റെ ചാന്നാരു്. (ദൂരത്തേക്കു ചൂണ്ടിക്കാണിക്കുന്നു.)

ലക്ഷ്മി:—(കൗതുകത്തോടെ) എവിടെ, എവടെ?

ഭാർഗ്ഗവി:—അതാ, കെഴക്കുന്നവർന്നു്.

ലക്ഷ്മി:—(കണ്ടിട്ടു സലജ്ജം തലകുനിക്കുന്നു) എടി ഉവ്വേ, ഞാനാതെങ്ങിന്റെ ചൊവട്ടി ഒളിച്ചിരിക്കാമ്പോവാ.

ഭാർഗ്ഗവി:—നിന്നക്കാണാനല്ലിയൊ വർന്നു്. പാവം! നോക്കി നോക്കി അല്ലിയോ, വർന്നു്!

ലക്ഷ്മി:—(മന്ദഹാസത്തോടെ കുണുങ്ങിക്കൊണ്ടു്) പോടികള്ളി.....നിന്നെക്കാണാനാ, വരുന്നെ.....അയ്യോ! അതിങ്ങോട്ടതന്നെ വരുന്നു്. ഇനിക്കു വയ്യ. ഞാനവടെ ഒളിച്ചിരിക്കാമ്പോവാ. (എഴുന്നേൽക്കാൻ ഭാവിക്കുന്നു.)

(ഭാസ്കരൻ പ്രവേശിക്കുന്നു: പരിഷ്കാരിയായ ഒരു ചെറുപ്പക്കാരൻ; ഷർട്ട്, സ്വർണ്ണബട്ടൺസ്, റിസ്റ്റ്വാച്ച്, കണ്ണട, പൊടിമീശ; കയ്യിൽ ഒരു പുസ്തകം. ലക്ഷ്മി ലജ്ജാധീനയായി പിടച്ചെഴുന്നേറ്റ് കുണുങ്ങിക്കൊണ്ടു തെങ്ങിന്റെ മറവിൽ ഒളിക്കുന്നു. ഭാർഗ്ഗവി എഴുന്നേറ്റു നമ്രമുഖിയായി നിൽക്കുന്നു.

ഭാസ്കരൻ:—(തെങ്ങിന്റെ മറവിലേക്കു ഒളികണ്ണയച്ചുകൊണ്ടു് (എന്താ, സഖിമാർ ഇരുവരുംപേന്നു സല്ലപിക്കുകയാണോ?

ഭാർഗ്ഗവി:—ഞങ്ങളു തൊണ്ടുതല്ലുവാ.

ലക്ഷ്മി:—(മുഖംഅല്പം കാണിച്ചുകൊണ്ടു് പരിഭവസ്വരത്തിൽ) ഞങ്ങളു പാവങ്ങളല്ലിയോ. വല്ലോം ഒള്ളവരാർന്നാകി ഞങ്ങളും അയ്യപോലൊക്കെ നടക്കുവാർന്നു്.

ഭാസ്കരൻ:—ഞങ്ങളെപ്പോലെ ആകാത്തതിൽ സങ്കടപ്പെടുകയാണോ? കഷ്ടം! നിങ്ങളുടെ ജീവിതമല്ലെ, ആനന്ദകരമായ ജീവിതം. നിങ്ങളുടെ ജീവിതമല്ലെ, യഥാർത്ഥജീവിതം. പ്രയത്നിച്ചു ജീവിക്കുക—അതാണു യഥാർത്ഥജീവിതം. വേലയുടെ മാഹാത്മ്യം നിങ്ങൾക്കറിഞ്ഞുകൂടാ. എല്ലാകവികളും നിങ്ങളുടെ ജീവിതത്തെ പുകഴ്ത്തുന്നു. തത്വചിന്തകന്മാരെല്ലാം നിങ്ങളുടെ മഹത്വത്തെ വർണ്ണിക്കുന്നു.

ഭാർഗ്ഗവി:—എന്നാപ്പിന്നെ തൊണ്ടുതല്ലിക്കുടായോ?

(ലക്ഷ്മി ഈർഷ്യയോടുകൂടി ഭാർഗ്ഗവിയെനോക്കുന്നു.)

ഭാസ്കരൻ:—(അല്പംവിളറിയ ഭാവത്തിൽ) തൊണ്ടുതല്ലുന്നതുകൊണ്ടു എനിക്കു അഭിമാനക്ഷയമുണ്ടായിട്ടല്ല, തല്പാത്തതു്. ദേഹംകൊണ്ടു പ്രയത്നിച്ചു ജീവിക്കണമെന്നാണു് എന്റെ ആഗ്രഹവും. പക്ഷെ, വലിയ കുടുംബത്തിൽ ജനിച്ചുപോയി. സ്ഥാനമാനങ്ങളുണ്ടു് അടുത്ത ആണ്ടിൽ ബി. ഏ. ക്കാരനുമാവും. ഉടൻ ഉദ്യോഗവുംകിട്ടും. അപ്പോൾ നിങ്ങളെപ്പോലെ തൊണ്ടുതല്ലുന്നതു വല്ലവരുംകണ്ടാൽ കുറച്ചിലാവുകയില്ലേ?

ലക്ഷ്മി:—അവളു കളിച്ചുപറഞ്ഞതല്ലിയോ.

ഭാസ്കരൻ:—കളിച്ചായാലും, കായ്യമായിട്ടായാലും, എനിക്കു തൊണ്ടുതല്ലാൻ മടിയില്ല. വേണമെങ്കിൽ ഇപ്പോൾതന്നെ കാണിച്ചുതരാം.... ആ കൊട്ടപിടി ഇങ്ങോട്ടുതരു (കൈനീട്ടിക്കൊണ്ടു് ലക്ഷ്മിയുടെ അടുക്കലേക്കു ചെല്ലുന്നു. ലക്ഷ്മി കൊട്ടപിടി മറച്ചുപിടിച്ചുകൊണ്ടു് ചുരുണ്ടുകൂടി നിൽക്കുന്നു.) ഇങ്ങോട്ടു തരണം. ഞാൻ തൊണ്ടുതല്ലി കാണിച്ചുതരാം.

ലക്ഷ്മി:—(പുളകിതയായിട്ടു്) തൊണ്ടുതല്ലാൻ ഞങ്ങക്കറിയാം. കാണിച്ചുതരുവേംമറവും വേണ്ട.

ഭാസ്കരൻ:—(കുറേക്കൂടി അടുത്തുനിന്നിട്ടു് താഴ്ന്നസ്വരത്തിൽ) സന്ധ്യക്കു്. കേട്ടൊ. (പിന്മാറുന്നു) എന്താ കൊട്ടപിടി തരാത്തതു്?.....എനിക്കു കുറച്ചിലില്ല, തൊണ്ടുതല്ലാൻ. (ചുറ്റും നോക്കിയിട്ടു്) അയ്യൊ! ഞാനിവിടെ നിൽക്കുന്നതു വല്ലവരും കണ്ടാൽ.....ഞാൻ പോകട്ടെ (ധൃതിയിൽ പോകുന്നു)

(കർട്ടൻ)

രംഗം രണ്ടു്

[സമയം, സന്ധ്യകഴിഞ്ഞു. ലക്ഷ്മിയുടെ കുടിലിന്റെ വടക്കുവശത്തുള്ള വാഴക്കുട്ടം. ഗൃഭവസ്ഥാധാരിണിയായ ലക്ഷ്മി ഭാസ്കരന്റെ കയ്യും പിടിച്ചുകൊണ്ടു നിൽക്കുന്നു.]

ലക്ഷ്മി:—പോവാനെന്താ, ഇത്ര ധിറുതി? അല്ലേലും, അതേ ഒള്ളു!

ഭാസ്കരൻ:—ലക്ഷ്മീ! വല്ലവരും കണ്ടാൽ....

ലക്ഷ്മി:—ഇവിടാരും വരത്തില്ല.

ഭാസ്കരൻ:—നിന്റെ അച്ഛൻ ഇവിടെയില്ലെ?

ലക്ഷ്മി:—അച്ഛൻ വള്ളത്തേ കൊച്ചിക്കു പോയ്ർക്കുവാ. പത്തുപന്ത്രണ്ടു ദെവസംകഴിഞ്ഞേ വരത്തൊള്ളു.

ഭാസ്കരൻ:—നിന്റെ അമ്മ ഇങ്ങോട്ടുവന്നാലൊ?

ലക്ഷ്മി:—(നമ്രമുഖിയായിട്ടു്) ഒ!: അമ്മ അറിഞ്ഞെ.

ഭാസ്കരൻ:—(ഉൽക്കണ്ഠയോടെ) എന്നിട്ടു്?

ലക്ഷ്മി:—(പേൻനിന്നുകൊണ്ടു്) അമ്മ ചോതിച്ചു്, എടി അയ്യത്തു നിയ്യുന്നാതെന്താ, ഇങ്ങോട്ടുകേറി വരാൻവയ്യായൊ, എന്നൊക്കെ ചോതിച്ചു്. ഞാൻ പറഞ്ഞു, അവരു വല്യആളുകളാന്നു്. അമ്മപറഞ്ഞു, എടി ഇനി വരുമ്പഴു് ഇങ്ങോട്ടുകൊണ്ടുവാന്നു്. (ഭാസ്കരന്റെ കൈമെല്ലെ വലിക്കുന്നു) അങ്ങോട്ടുകേറി ഇരിക്കാം.

ഭാസ്കരൻ:—(ഇളകാതെ) ലക്ഷ്മി! ഞാൻ അവിടെ വന്നിരിക്കുന്നതു ശരിയാണോ?

ലക്ഷ്മി:—എങ്കിപ്പിന്നെഇങ്ങോട്ടവന്നെ എന്തിനാ?

കോഴഞ്ചേരിക്കുശേഷം അഥവാ എന്റെ ജയിൽജീവിതം

രാജശ്രീ സി. കേശവൻ ബി. എ., ബി. എൽ-അവർകളുടെ ആത്മകഥാകഥനം; ലളിതവും ഉജ്ജ്വലവും വികാരതരളിതവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഒരു വിശിഷ്ടസാഹിത്യഗ്രന്ഥം.

വില രൂപാ ൧

1113 വൃശ്ചികം 15-ാംനു- പുസ്തകം പ്രതീക്ഷിക്കുക. അപേക്ഷകർ നേരത്തേ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാകുന്നു.

മാനേജിംഗ് എഡിറ്റർ,
കൗമുദി, തിരുവനന്തപുരം

ഭാസ്കരൻ:—നിന്നോട്ട സ്നേഹമുണ്ടായിട്ട്.

ലക്ഷ്മി:—അതാണോ, എന്റെ വീട്ടിവരാത്തെ?

ഭാസ്കരൻ:—നിന്നോട്ട സ്നേഹമുള്ളതുകൊണ്ടു നിന്റെ വീടിനോടും സ്നേഹമുണ്ടാവണമെന്നുണ്ടോ?

ലക്ഷ്മി:—പിന്നെ ഞാനെന്റെ വീട്ടിലെ അല്ലിയൊ?

ഭാസ്കരൻ:—ലക്ഷ്മി! നീയൊരു ചെറുപ്പക്കാരി. ഞാനൊരു ചെറുപ്പക്കാരൻ. അപ്പോൾ ഞാനവിടെ വന്നിരിക്കുന്നതു ശരിയാണോ? നീ തന്നൊപറ.

ലക്ഷ്മി:—ചുമ്മാ അല്ലല്ലൊ. കല്യാണംകഴിക്കുമ്പഴെല്ലാവരും അറിയത്തില്ലിയൊ?

ഭാസ്കരൻ:—ഓമനേ! കല്യാണമെന്നുംമറും പറയുന്നതു നിസ്സാരകാര്യമല്ലെ? കല്യാണം കഴിച്ചാലെന്ത്, കഴിച്ചില്ലെങ്കിലെന്ത്! നിന്നെയല്ലാതെ മറാരേയും ഇജ്ജന്മം ഞാൻ സ്നേഹിക്കുകയില്ല; അതിനെനിക്കു സാധിക്കുകയുമില്ല. (ലക്ഷ്മിയെ അടുപ്പിക്കുന്നു) നീയാണ് എന്റെ പ്രേമഭാജനം. എന്റെ ഹൃദയേശ്വരി; എന്റെ ഓമന; എന്റെ സർവ്വസ്വവും. (ആലിംഗനംചെയ്യുന്നു. ലക്ഷ്മി നിർവൃതി അടയുന്നു. ഭാസ്കരൻ വിഷയംമാറുന്നു).....പിന്നെ, ഇന്നുകാലത്തു ഞാൻവരുമ്പോൾ നീയും ഭാഗ്യവിയുംകൂടി എന്നെപ്പറ്റി എന്താപറഞ്ഞുകൊണ്ടിരുന്നതു?

ലക്ഷ്മി:—അതൊ, പാക്കുവിപറഞ്ഞു, എടി, നിന്നെ കളിപ്പിക്കാനാണെന്നു്.

ഭാസ്കരൻ:—നീ എന്തുപറഞ്ഞു?

ലക്ഷ്മി:—എന്റെ കായ്യം ഞാൻ നോക്കിക്കോളാം, നിനക്കു കളിപ്പുപറയാതെ നോക്കിക്കോന്നു്, ഞാനംപറഞ്ഞു.

ഭാസ്കരൻ:—ഹം! അവൾക്കറിയാമൊ, പ്രണയത്തിന്റെ മാഹാത്മ്യം! ആകട്ടെ നീ, വിശ്വസിക്കുന്നുണ്ടൊ, നിന്നെ ഞാൻ കളിപ്പിക്കുമെന്നു്.

ലക്ഷ്മി—ഞാനങ്ങനെ വിശ്വസിക്കത്തില്ല.

ഭാസ്കരൻ—അതുമതി. മറവുള്ളവർ എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ.....എന്നാൽ ഞാനിപ്പോൾ പോകുന്നു.

ലക്ഷ്മി—നാളെ.....

ഭാസ്കരൻ—(അല്പസമയം ആലോചിച്ചിട്ട്) മറ്റെന്നാൾ.

(ഭാസ്കരൻ പോകുന്നു ലക്ഷ്മി നോക്കിനിൽക്കുന്നു. ദീർഘനിശ്വാസം)

(കർട്ടൻ)

രംഗം മൂന്ന്

——

[രണ്ടുമാസം കഴിഞ്ഞു് ഒരു മദ്ധ്യാഹ്നത്തിൽ ഭാഗ്യവിയും ലക്ഷ്മിയും കയർ തെറ്റുകൊണ്ടുനിൽക്കുന്നു]

ഭാഗ്യവി—നിന്റച്ചൻ വള്ളത്തപോയോടി ഉവ്വേ,

ലക്ഷ്മി—ഉം. ഇന്നലെ വൈന്നേരംപോയി. വള്ളത്തേന്നുകൊണ്ടുവന്ന ചക്രം തീത്തേച്ചാണച്ചൻ പോയതു്. ഇനി വരുന്നവരെ എങ്ങനെയാന്നു ദൈവത്തിനറിയാം.

ഭാഗ്യവി—നിൻറമ്മക്കുംകൂടി കയറുതെക്കാൻ വയ്യായോടി ഉവ്വേ?

ലക്ഷ്മി—ഓ! അമ്മ പെറെണീറ്റിട്ട് രണ്ടു ദെവസമായൊ. കൊച്ചിനെ ഇട്ടേച്ചു കയറുതെക്കാൻ വരാനൊക്കുവോടി ഉവ്വേ?

ഇപ്പാലെ അമ്മയ്ക്കു മരുന്നുകളിവയ്ക്കാൻ ചക്രമില്ലാഞ്ഞിട്ട്, ഞാൻ ജെംബറു മേടിക്കാൻ വച്ചിരുന്ന ചക്രമെടുത്താ, ചക്കരമേടിച്ചതു്.

ഭാഗ്യവി—(മന്ദഹാസപൂർവ്വം, അർത്ഥസൂചകമായി നോക്കിക്കൊണ്ടു്) അപ്പഴേ.....നിനക്കൊന്നും തരത്തില്ലിയോടി ഉവ്വേ?

ലക്ഷ്മി—(സലജ്ജം നമ്രമുഖിയായിട്ട്) ഞാനൊന്നും ചോതിക്കത്തില്ല. ചോതിക്കാൻ തോന്നത്തില്ലിടി ഉവ്വേ.

ഭാഗ്യവി—ചോതിച്ചില്ലേലും തരത്തില്ലേയോ, സ്നേഹമൊണ്ടെങ്കി?

ലക്ഷ്മി—സ്നേഹമില്ലാഞ്ഞല്ലടി ഉവ്വേ, ഓക്കത്തില്ല. കാണാൻ കൊതിച്ചല്ലിയൊ വരുന്നെ!

ഭാഗ്യവി—(ഹാസ്യസൂചകമായി) ഓാടി!..... നിന്നെക്കളിപ്പിക്കാനാന്നെ, പറഞ്ഞേക്കാം.

ലക്ഷ്മി—എടീ, എന്നെ സ്നേഹിക്കുന്നതെങ്ങനെയാന്നു് നിനക്കറിയാമോ?

ഭാഗ്യവി—ഉം. സ്നേഹിച്ചേച്ചാ മതിയല്ലൊ.

പി. കേശവദേവ്

ലക്ഷ്മി—പിന്നെന്ത്വാ, വേണ്ടതു്? സ്നേഹമല്ലിയൊ കായ്യം? (പ്രചോദനത്തോടെ) സ്നേഹത്തിന്റെ കായ്യം പറയുന്ന കേക്കണം! കൊമാരനാശാന്റെ പാട്ടു വെള്ളംപോലല്ലിയോ ചൊല്ലുന്നെ. ഇത്രേം പടിത്തമൊള്ളോരൊണ്ടോടി, വേറെ?

ഭാഗ്യവി—പടിത്തോം ഒണ്ട്, ട്ടോകോംചൊല്ലും, വകേം ഒണ്ട്, പഷ്ണാരിയുമാ—അതൊക്കെ നിന്നെ കളിപ്പിക്കാനാന്നാ, ലക്ഷ്മി!

(കൊച്ചുകുഞ്ഞു്—ഉദ്ദേശം 10 വയസ്സുപ്രായമുള്ള ഒരു ബാലൻ—ഒരു കസേര തലയിൽ വച്ചുകൊണ്ടു് പാട്ടും പാടി പ്രവേശിയ്ക്കുന്നു.)

കൊച്ചുകുഞ്ഞു്—എന്തെന്ത് പേക്കുന്നു തോഴിമാരേ!

കല്യാണകാലമടുത്തുപോയി.

ഭാഗ്യവി—(ചിരിച്ചുകൊണ്ടു്) കസേരേം കൊണ്ടെവടപ്പോവാടാ, കൊച്ചുകുഞ്ഞേ?

കൊ: കു—പേശല്ലെ പോരല്ലെ തോഴിമാരേ!

ലക്ഷ്മിടെ പെറ്ക്കുന്ന കല്ലിയാണം.

(ലക്ഷ്മിയും ഭാഗ്യവിയും പൊട്ടിച്ചിരിക്കുന്നു)

ഭാഗ്യവി—നീയെന്ത്വാടാ കൊച്ചുകുഞ്ഞെ പാടുന്നതു്? കസേരേം കൊണ്ടെവടപ്പോവാടാ?

കൊ: കു—മനസ്സില്ലേലൊ, പായാൻ. (നടന്നുപാടുന്നു)

എന്തെന്ത് പേക്കുന്നു തോഴിമാരേ!

കല്യാണകാലമടുത്തുപോയി.

ഭാഗ്യവി—എടാ, കൊച്ചുഞ്ഞേ!

ലക്ഷ്മി—അവൻ പറയത്തില്ലിടിഭാഗ്യവി. കുരുത്തം കെട്ടതാ അവൻ.

കൊ: കു—(തിരിഞ്ഞുനിന്നിട്ട്) വേണ്ട വാ; ഇന്നു കാട്ടതറേ പെണ്ണുനിശ്ചയമാ.

ലക്ഷ്മി—(കൌതുകത്തോടെ) ചെറ്ക്കനേതാടാ, കൊച്ചുഞ്ഞേ?

കൊ: കു—അതിപ്പപ്പറയാൻ വയ്യ. വരുന്നോ, വാ.

ഭാഗ്യവി—പെണ്ണുനിശ്ചയത്തിനു കസേരയെന്തിനാടാ?

കൊ: കു—കസേര ആണുങ്ങക്കിരിക്കാൻ.

ഭാഗ്യവി—കാട്ടതറേലൊണ്ടല്ലൊ, കസേര.

കൊ: കു—പെണ്ണുനിശ്ചയത്തിനു വരുന്നവരെല്ലാം ഇരിക്കണ്ടായൊ?

ലക്ഷ്മി—വിലാസിനിക്കാന്നോടാ, കല്യാണം?

കൊ: കു—ആന്നു്.

ലക്ഷ്മി—ചെറ്ക്കനെവിടത്തുകാരനാടാ?

കൊ: കു—(ചിരിച്ചുകൊണ്ടു്) ചെറ്ക്കനേതാന്നു പറയട്ടൊ?.....

ലക്ഷ്മി—(അലക്ഷ്യമായി) ഓ: പറയുന്നേപറ.

കൊ: കു—കൊച്ചുകണ്ടൻ ചാന്നാരുടെ മുത്തമോൻ—പാസ്കരൻ ചാന്നാരു്. ഇപ്പ മനസ്സിലായേ. (തിരിഞ്ഞു് പാട്ടുംപാടി ഓടിപ്പോകുന്നു)

പേശല്ലെ പേശല്ലെ തോഴിമാരെ!

ലക്ഷ്മിടെ പെറ്ക്കുന്ന കല്ലിയാണം

(ലക്ഷ്മിയുടെ മുഖം വിവർണ്ണമാവുന്നു)

ഭാഗ്യവി—ഞാൻ പറഞ്ഞില്ലിയോ, നിന്നെ കളിപ്പിക്കുമെന്നു്?

(ലക്ഷ്മിയുടെ കയ്യിൽനിന്നു കയർ താഴെ വീഴുന്നു. പാരവശ്യത്തോടെ നിലത്തിരിക്കുന്നു. ഭാഗ്യവി അടുത്തു ചെല്ലുന്നു)


ലക്ഷ്മി—പാക്കുവി! ഇനിക്കു തല ചുറ്റുന്നുടി. എന്നെ പിടിച്ചൊ. (ഭാഗ്യവി അടുത്തിരുന്നു താങ്ങുന്നു) എന്നെ കളിപ്പിച്ചെടി. (ഭാഗ്യവിയുടെ മാറിടത്തിലേക്കു വീഴുന്നു.)

ഭാഗ്യവി—പാവങ്ങക്കെല്ലാം കളിപ്പുപററത്തെ ഒള്ളടീ ഞാനന്നേ പറഞ്ഞില്ലിയൊ? ഇനി വേസനിക്കാതെ.

ലക്ഷ്മി—(മുഖംപൊത്തി വിങ്ങിവിങ്ങിക്കരയുന്നു) കഴിഞ്ഞ.....മാസത്തി.....ഞാൻ കളിച്ചില്ലാടി.....പാക്കുവി!

(കർട്ടൻ)

—o—



അത്ഭുതലോകം

ഒന്നിച്ച് ആറുപ്രസവം

വെർജീനിയായിൽ ഒരു പശു ആറു പശുക്കുട്ടികളെ ഒന്നിച്ചു പ്രസവിച്ചിരിക്കുന്നു. കുട്ടികളും എല്ലാം ജീവിച്ചിരിക്കുന്നുമുണ്ട്.

* * *

കമ്പിമാഗ്നം ചുംബനം

"ന്യൂയോർക്കിലെ ഏറ്റവും പുതിയ പരിഷ്കാരം ചുംബനങ്ങൾ കമ്പിവഴി അയക്കുക എന്നുള്ളതാണ്. ചുംബനങ്ങളായിത്തന്നെയാണ് ഇതു മേൽവിലാസക്കാരനു കിട്ടുന്നതും!" പാവം കമ്പിശിപായിമാർ വളരെ ബുദ്ധിമുട്ടുന്നുണ്ടായിരിക്കണം.

* * *

ദിവസവും 2,000 വടി കയറിഇറങ്ങുന്നു

അമേരിക്കയിലും മറ്റും അധികം നിലയുള്ള കെട്ടിടങ്ങളുള്ളതിനാൽ തപാൽശിപായിമാക്ക് കോണിപ്പടികൾകയറി ബുദ്ധിമുട്ടേണ്ടിവരുന്നുണ്ട്. ഈയ്യിടെ നടത്തിയ ഒരു അന്വേഷണത്തിൽ ഒരു ശിപായി ദിവസന 3000 കോണിപ്പടികൾ കയറി ഇറങ്ങുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

* * *

ഗ്രന്ഥവർദ്ധനവ്

ബ്രിട്ടൻ പുസ്തകപ്പുഴുക്കളുടെ രാജ്യമായിതീർന്നിരിക്കുന്നുവത്രെ. 1936-ൽ 16000പുസ്തകങ്ങളാണ അവിടെ അച്ചടിക്കപ്പെട്ടത്. തജ്ജന്മക്കാരുടെ എണ്ണം വിഗണിക്കുകയാണെങ്കിൽതന്നെ 2500 ഗ്രന്ഥകർത്താക്കൾ ഇപ്പോൾ ബ്രിട്ടനിൽ ജീവിച്ചിരിപ്പുണ്ട്. അവിടത്തെ പ്രസാധകന്മാരുടെ എണ്ണം 750 ആണ്.

* * *

ഗ്രന്ഥകർത്തൃയുടെ പ്രതിഫലം

ഇപ്പോൾ ഏറ്റവുംകൂടുതൽ പ്രതിഫലം കിട്ടുന്നതു അമേരിക്കയിലെ മേരി റോബർട്ട് റയിൻഹാർട്ട് എന്ന നോവലെഴുത്തുകാരിക്കാണ്. ഒരു നോവലിനു 15,000 പവനാണ പ്രതിഫലം. ഈയിടെ അവരുടെ ഒരു നോവൽ സിനിമാചിത്രത്തിലാക്കുവാൻ അനുവദിച്ചതിനു അവൾക്ക 20,000 പവൻ ഹോളിവുഡ് കാർ നൽകുകയുണ്ടായി.

* * *

സൂക്ഷിച്ചു നടക്കണേ

നിങ്ങൾ ചെരിപ്പിടുന്ന ആളാണെങ്കിൽ അതിന്റെ മുൻഭാഗം കൂടുതലായി ഉരയുന്നു എങ്കിൽ നിങ്ങളൊരു ദീപാളിയാണ്. പുറകുവശത്തിന്റെ (ഉപ്പൂറിയുടെ) മദ്ധ്യം ഉരയുന്നുവെങ്കിൽ നിങ്ങൾ വളരെ സങ്കുചിതമനസ്ഥിതിക്കാരനാണ്. അഥവാ അതിന്റെ വെളിക്കുള്ള വശമാണുരയുന്നതെങ്കിൽ നിങ്ങൾ അലസനാണ്. നേരേമറിച്ചു വലത്തെചെരിപ്പിന്റെ ഇടത്തുഭാഗവും ഇടത്തേതിന്റെ വലത്തുവശവുമാണെങ്കിൽ നിങ്ങളുടെ മനസ്സു വളരെ ദുർബലമാണ്.

* * *

ഉറക്കത്തിനു്

നിങ്ങൾ ഉറങ്ങുന്ന മുറിയുടെ ഭിത്തികൾ നീലനിറമോ പച്ചയോ ആയിരിക്കുന്നതു ഗുണകരമാണ്. വളരെ നിവന്നോ വളരെ ചുരുണ്ടോ കിടക്കാതെ സ്വല്പമൊന്നു വളഞ്ഞുകിടക്കുന്നതാണ് സുഖം. നിങ്ങൾ അണിഞ്ഞിരിക്കുന്ന വസ്ത്രാദികൾ വളരെ ഇളകികിടക്കണം. ശരീരം വളരുന്നതു രാത്രിയിലാണ്. ഞെട്ടി ഉണരുന്നതു വളരെ ദോഷകരമാണ്. അതു രക്തസമ്മർദ്ദനം വർദ്ധിക്കുന്നതിനു കാരണമാകുന്നു. പായ് വിരികൾ മുതലായതു ദിവസവും വെയിലിൽ ഇട്ടുണക്കണം. ശിരകളെ അതു രക്തിപ്പെടുത്തുന്നു. തല വടക്കുവെച്ചു കിടക്കണം. ഭൂമിക്കു വടക്കുനിന്നും തെക്കോട്ടു എന്നതുപോലെ മനുഷ്യന്റെ തലയിൽനിന്നും പാദത്തിലേക്കു ഒരു കാന്തപ്രവാഹം (Magnetic flow) ഉണ്ട്. മനുഷ്യൻ അതിനു നേരേകിടക്കുമ്പോൾ അതിലുള്ള ആ ശക്തി വർദ്ധിക്കുകയും എതിരേ ശയിക്കുമ്പോൾ അതു ദുർബലപ്പെടുകയുംചെയ്യും.

* * *

അമ്മയും മകളും സ്കൂളിൽ

28-വയസ്സു പ്രായമായ മിസ്സിസ്സ് സ്കൂഗ്ളിയാനും 6-വയസ്സു പ്രായമായ അവളുടെപുത്രി മേബലും ന്യൂയാക്കിലുള്ള പ്രൈമറിസ്കൂളിൽ അക്ഷരാഭ്യാസം ചെയ്യുവരുന്നു. അമ്മ ഒന്നാംക്ലാസിലും മകൾ രണ്ടാംക്ലാസിലും പഠിക്കുന്നു. സ്കൂളിൽനിന്നും വീട്ടിൽവന്നാ മേബൽ വീട്ടുപാഠം പറഞ്ഞുകൊടുക്കാൻ നിർബന്ധിച്ചതിന്റെ ഫലമാണ് സ്കൂഗ്ളിയാന്റെ വിദ്യാരംഭഹേതു. അമ്മയും മകളും ഇപ്പോൾ ഒരുമിച്ചിരുന്നു വീട്ടുപാഠം ചെയ്യുവരുന്നു.

* * *

അദൃശ്യമായ വിമാനം

വിമാന നിർമ്മിതിക്ക് കണ്ണാടിപോലെ ഒരു സാധനം ഇംഗ്ലണ്ടിൽ കണ്ടുപിടിച്ചിരിക്കുന്നു. ഈ സാധനം ഉടയാത്തതും നല്ല ബലമുള്ളതും ആണ്. ഇവ ഏതുനിറത്തിലും ഉണ്ടാക്കാം. ഒരു വിഷമം, ചേർപ്പുകൾ ഒട്ടിക്കുവാൻ ഉള്ള വിദ്യ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല എന്നുള്ളതാണ് അതും താമസിയാതെ സാധിക്കും എന്ന് അവർ വിശ്വസിക്കുന്നു. ഈ വിമാനം നിർമ്മിച്ചുകഴിഞ്ഞാൽ ഇന്ദ്രജിത്തിനെപോലെ മറഞ്ഞുനിന്നു യുദ്ധം ചെയ്യുവാൻ സാധിക്കുന്നതാണ്.

* * *

കോടീശ്വരന്റെ പുത്രി

ഡെറ്റ്റായിറ്റിലെ ഒരു കോടീശ്വരന്റെ ഏകപുത്രിയാണ ബെറിബ്രൈസ്. അവൾ സുന്ദരിയാണ്; കോളേജ് വിദ്യാർത്ഥിനിയാണ്; പത്തൊൻപതുവയസ്സ് പ്രായമുണ്ട്. ഒരു പ്രഭാതത്തിൽ അവളെ കാണാതായി. അവളുടെ അച്ഛൻ ഭയന്നു, ജാഗ്രതയായി അന്വേഷണംനടത്തി, ഡെറ്റ്റായിൽതന്നെയുള്ള ഒരു മിസിസ്സ് ഇർവിംഗ് എന്ന സ്ത്രീയുടെ വേലക്കാരിയായി അവളെ കണ്ടുപിടിച്ചു. അവൾ പറയുന്നു ഞാൻ ഇതുവരെ ലോകത്തിനു ഒരു ഗുണവുംചെയ്തിട്ടില്ല. എനിക്കു ലജ്ജതോന്നി. അങ്ങനെ ഈ ജോലിയിൽ പ്രവേശിച്ചു. അവൾ പാത്രങ്ങൾ കഴുകുകയും ശിശുവിന്റെ വസ്ത്രങ്ങൾ അലക്കുകയും മുറികൾ വൃത്തിയാക്കുകയും ഒക്കെ ചെയ്തിരുന്നു.

* * *

സ്റ്റാലിന്റെ സന്ദേശം

എട്ടുമുതൽ പന്ത്രണ്ടുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായുള്ള മാസ്സോയിലെ പയണിയർ ക്ലബ്ബിലേക്കു സ്റ്റാലിൻ ഇങ്ങനെ എഴുതുന്നു.

"നിങ്ങൾ എല്ലാവരും തികഞ്ഞ നിരീശ്വരവാദികളാകണം എന്നാൽമാത്രമേ നിങ്ങൾക്കു യഥാർത്ഥ സ്ഥിതിസമത്വവാദികളാകാൻ സാധിക്കുകയുള്ളൂ. ഒരു ദൈവവിശ്വാസിക്കു ഒരിക്കലും വിപ്ലവകാരിയാകാൻ സാധിക്കുകയില്ല. അസ്തികൻ റഷ്യൻ ഗവർമ്മെൻറിനെ അനുസരിക്കാത്തവനാണ്. ഞാൻ ഒരു നിരീശ്വരവാദിയാണ്, നിരീശ്വരവാദവും സ്ഥിതിസമത്വവാദവുംകൂടിച്ചേർത്താലെ യഥാർത്ഥമായ സോഷ്യലിസം ആവുകയുള്ളൂ."

യുദ്ധസന്നാഹം

ലോകത്തിലെ വ്യോമശക്തിയുടെ സ്ഥിതി വിവരക്കണക്കുകൾ.

ബ്രിട്ടൺ	2650
യു. എസ്. എ.	2300
ഫ്രാൻസ്	2000
ജപ്പാൻ	1500
റഷ്യാ	1500
ജർമ്മനി	1500

ഓരോരാജ്യക്കാരും ഇത്രയും ആകാശക്കപ്പലുകൾവീതം സജ്ജമാക്കിവച്ചിരിക്കുന്നതു് യുദ്ധംചെയ്യാനല്ല, ആക്രമണനിരോധനത്തിനാണത്രേ പോലും!

സമാധാനത്തിനുവേണ്ടി യുദ്ധംചെയ്യുന്നു!

* * *

മൂകപ്പോലീസ്

ബ്ലാക്കാറസ്സ് എന്നസ്ഥലത്തു ട്രാഫിക്ക് ഡ്യൂട്ടിയ്ക്കുനില്ക്കുന്ന പോലീസു ഉദ്യോഗസ്ഥൻ ആരോടും ഒന്നും ഉരിയാടാറില്ല. തെറ്റുചെയ്യുന്ന ഡ്രൈവർമാരുമായി അവർക്കു വഴക്കോ പരാതിയൊ ഇല്ല. കുറ്റംചെയ്യുന്ന വണ്ടിയുടെ നംബർ മാത്രം കുറിച്ചു എടുത്തുകൊണ്ടു അവർ അവരുടെ ജോലി തുടരുന്നു. റോഡിൽവെച്ചു തർക്കവും ബഹളവും ഉണ്ടാക്കാതിരിക്കാൻ വേണ്ടി മൂകന്മാരെ മാത്രമെ അവിടെ ട്രാഫിക്ക് പോലീസുകാരായി നിയമിക്കാവുള്ളൂ.

* * *

600-മൈൽ നീളത്തിൽ ഓട

കായ്വ്യൂഗ്രമായ പാരീസു പട്ടണത്തിന്റെ അടിയിൽ കൂടി 700-നാഴിക നീളത്തിൽ ഒരു ഓടയുണ്ട്. പലനൂറ്റാണ്ടുകളായി പാരീസിന്റെ ചരിത്രവുമായി ഈ ഓടയ്ക്കു ബന്ധമുണ്ടെങ്കിലും സ്ഥലവാസികളെഇതു ഓട അത്രമേൽ ആകർഷിച്ചിട്ടില്ല. പാരീസുപട്ടണത്തിനു വളരെതാഴെക്കൂടി ഒഴുകികൊണ്ടിരിക്കുന്ന ഓടയിൽക്കൂടി ബോട്ടുകളിൽസഞ്ചരിക്കുന്നതിനു വിദേശസഞ്ചാരികൾ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചുവരുന്നു. കഴിഞ്ഞകൊല്ലം 1107-പേർ ഈ ഓടയിൽ കൂടി സഞ്ചരിച്ചു. യന്ത്രശാസ്ത്രത്തിന്റെ അത്ഭുതകരമായ കഴിവിനെ കുറിക്കുന്ന ഒന്നാണ് ഈഓട.

* * *

മണിക്കൂറിൽ 93,000- നാഴിക

വാൽനക്ഷത്രങ്ങൾ "യുറാനസ്" എന്ന ഗ്രഹത്തെ സമീപിക്കുമ്പോൾ അവയിൽനിന്നും ചെറിയ ശകലങ്ങൾ തെറിച്ചുപോകുന്നു. ഇവയ്ക്ക് "ലിയോനിഡ്സ്" എന്നു പറയുന്നു. ഇവ കോടിക്കണക്കിനു ധൂമകേതുവിന്റെ മാർഗ്ഗത്തിൽക്കൂടിത്തന്നെ മണിക്കൂർഒന്നിനു 93,000 നാഴിക വേഗത്തിൽ സഞ്ചരിക്കുന്നു.

ഭൂമി ഇവയോടടുക്കുമ്പോൾ ഇവയുടെ സംഘട്ടനവേഗം മണിക്കൂറൊന്നിനു 158,000 നാഴികയായിത്തീരുന്നു. ഈ അതിവേഗത്തിൽ ഭൂമിയുടെ വായുമണ്ഡലത്തിൽക്കൂടി ഇവ കടന്നുപോകുമ്പോൾ ഉണ്ടാകുന്ന അത്യുഷ്ണത്താൽ അവ ജാജ്വല്യമാനമായി എരിഞ്ഞുപോകുന്നു. ഇപ്രകാരം എരിഞ്ഞുണ്ടാകുന്ന ധൂളി ക്രമേണ ഭൂമിയിൽ പതിക്കുന്നു.

ഓരോദിവസവും ഏഴുകോടി ഉൽക്കകൾ എരിഞ്ഞു് അവയുടെ ധൂളി ഭൂമിയിൽ പതിക്കുന്നതിനാൽ ഭൂമിയുടെ ഭാരം ദിവസംതോറും 100 ടൺവീതംവർദ്ധിച്ചുകൊണ്ടിരിക്കുന്നു

—o—